ജീവദീപ്തി

jeevadeepthi@gmail.com

May 2025 Book 05 Volume 15



VIVA IL PAPA

നിത്യതയിൽ
ക്രിസ്തുവിനൊപ്പം

എം. ഒ. തോമസ്

22.01.1996

കെ.വി. വിരോണി

10.05.2023

മഷ്ണശ്ശേരി

കാരയ്ക്കാട്ട് റോഡ്

കൊച്ചി - 16

പ്രാർത്ഥനയോടെ

തൊമ്മന്റെ മക്കൾ

ജോസ്, വർഗ്ഗീസ് (ജോയി), ഡോമിനിക്ക്

ആന്റണി (വിൻസന്റ്) , യേശുദാസ്

Holiness in Difference
വ്യത്യസ്തതയിലെ വിശുദ്ധി

ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

2013 മാർച്ച് 10-ാം തീയതി സന്ധ്യാ നേരം വത്തിക്കാനിലെ ഔദ്യോഗിക വക്താവിന്റെ അസിസ്റ്റന്റായി പ്രവർത്തിക്കുന്ന കനേഡിയൻ വൈദികനായ ഫാ. തോമസ് റോസീക്കാ റോമിലെ ഹിസ്റ്റോറിക് സെന്ററിന്റെ പിസ നവോന എന്നു വിളിക്കുന്ന ഇടനാഴിയിലൂടെ നടന്നുപോകുന്നു. പെട്ടെന്ന് കർദ്ദിനാൾ ബെർഗോളിയോ അവിടേയ്ക്ക് കടന്നുവന്നു. ഫാ. തോമസിന്റെ കൈകൾ പിടിച്ചുകൊണ്ട് ബെർഗോളിയോ പറഞ്ഞു: "എനിക്കുവേണ്ടി പ്രാർത്ഥിക്കണം." ഫാ. തോമസ് ചോദിച്ചു. 'അങ്ങ് ടെൻഷനിലാണോ...' Yes I am Tensed. പതിഞ്ഞ സ്വരത്തിൽ ബെർഗോളിയോ പറഞ്ഞു. കാരണം 115 കർദ്ദിനാൾമാർ ചേർന്ന് ബെനഡിക്ട് മാർപാപ്പയുടെ പിൻഗാമി യെ തെരഞ്ഞെടുക്കുന്ന സമയമായിരുന്നു. പുതിയ പാപ്പയായി ബെർ ഗോളിയോ തെരഞ്ഞെടുക്കപ്പെട്ട പ്പോൾ ഫ്രഞ്ച് കാർഡിനൽ ആൻന്ത്രേ വിൻസിജ് ട്രോയ്സ് പറഞ്ഞത് ഇപ്രകാരം: "ഇന്നത്തെ സഭയ്ക്ക് നീതി നടത്താൻ ശേഷിയുള്ള ന്യായാധിപൻ വേണമെങ്കിൽ, കൂരിയായെ നവീകരിക്കാൻ ഒരു നല്ല വ്യക്തിത്വം ആവശ്യമെങ്കിൽ- അതിനുള്ള വ്യക്തമായ ഉത്തരമാണ് ബെർഗോളിയോ. ഈ ബെർഗോളിയോ സഭയുടെ ചരിത്രത്തിൽ പുതിയ അദ്ധ്യായം തുറന്നു. ഫ്രാൻസീസ് അസീസിയുടെ നാമം പേറി ലോകത്തിനു മുൻപിൽ ജീവിച്ചു.

ബെർഗോളിയോ മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അർജന്റീനയിലെ 'നേഷൻ' എന്ന ദിനപത്രം എഴുതി; "ഫ്രാൻസിസിന്റെ വിപ്ലവം എളിമയും വിശുദ്ധിയും ആയിരിക്കും." സഹപാഠിയായ ഫാ. ഡൊമിനിക്കോ ബ്രൈസി പറഞ്ഞു: "അദ്ദേഹം സഭയുടെ അധികാരഘടനയിൽ മാറ്റമുണ്ടാക്കും. വത്തിക്കാന്റെ ആർഭാട പ്രതാപത്തെ വെല്ലുവിളിക്കും"

ഈ കഴിഞ്ഞ 12 വർഷങ്ങളിൽ ഫ്രാൻസിസ് പാപ്പയുടെ സഭാശുശ്രൂഷയിലൂടെ ലോകം പല കാര്യങ്ങളിലും വ്യത്യസ്തത ദർശിച്ചു. മനുഷ്യകരുത്തുകൊണ്ടല്ല സഭ വളരുന്നതെന്നും സ്നേഹത്തിന്റെയും എളിമയുടെയും പാതയാണെന്നും പാപ്പാ ലോകത്തെ പഠിപ്പിച്ചു. ആധുനിക ലോകത്തിന് ദൈവം നൽകിയ വരദാനമായിരുന്നു ഫ്രാൻസിസ് പാപ്പ. ലളിതവും വിനയമാർന്ന പെരുമാറ്റരീതികളും വഴി ചുരുങ്ങിയ കാലംകൊണ്ട് അദ്ദേഹം ലോകത്തിന് പ്രിയങ്കരനായി മാറി.

2013 ആഗസ്റ്റ് 19-ന് ഫാ. അന്റോണിയോ പദാരോ പാപ്പയുമായി നടത്തിയ അഭിമുഖം അവസാനിക്കുന്നതിങ്ങനെയായിരുന്നു. ആരാണ് മാരിയോ ബെർഗോളിയോ? പാപ്പയുടെ മറുപടി: "ഈ ചോദ്യത്തിനുള്ള ശരിയായ ഉത്തരം എനിക്കറിയില്ല. ഞാനൊരു പാപിയാണ്. സത്യമായും ഞാനൊരു പാപിയാണ്." കർത്താവിന്റെ കാരുണ്യത്താൽ എന്നെ തെരഞ്ഞെടുത്തു. എല്ലാ പതിനഞ്ചു ദിവസത്തിനിടയ്ക്കും ഞാൻ കുമ്പസാരിക്കാൻ പോകുന്നതിന്റെ അർത്ഥം... ഞാൻ പാപിയാണ്. കർത്താവിന്റെ കാരുണ്യം എനിക്കാവശ്യമാണ്."

റിപ്പബ്ലിക് പത്രത്തിന്റെ പത്രാധിപനായിരുന്ന നിരീശ്വരവാദിയായ എവുജേറിയോ സ്കാൾഫാറി ചോദിച്ചു: "വിശ്വാസമില്ലാത്തവരോട് ക്രിസ്ത്യാനികളുടെ ദൈവം ക്ഷമിക്കുമോ? മറുപടി ഇപ്രകാരമായിരുന്നു. "ആത്മാർത്ഥ ഹൃദയത്തോടെ ദൈവത്തെ സമീപിച്ചാൽ ദൈവത്തിന്റെ കരുണയ്ക്ക് അറുതിയില്ല. ദൈവത്തിൽ വിശ്വസിക്കാത്തവർ അവരുടെ മനഃസാക്ഷിയെ അനുകരിക്കുകയാണ് ശരിയായ വഴി."

ആരെയും പുറത്താക്കാനല്ല മറിച്ച്, ഏവരെയും ഉൾക്കൊള്ളാനാണ് ഫ്രാൻസിസ് പാപ്പ തന്റെ ജീവിതത്തിന്റെ അവസാനം വരെ ശ്രമിച്ചത്.

ഫ്രാൻസിസ് പാപ്പ നോർത്ത് ഇറ്റലിക്കാരനായ 53 വയസായ വിരൂപനായ വിനിലിയോ എന്ന മനുഷ്യനെ ചുംബിക്കുന്ന ചിത്രം വളരെ പെട്ടെന്ന് ലോകമെങ്ങും വൈറലായത് നാം കണ്ടതാണ്. അത് കണ്ടവരിൽ പലരും 13-ാം നൂറ്റാണ്ടിലെ ഫ്രാൻസിസ് അസ്സീസിയെ ഓർത്തു. ഈ അനുഭവം വിനിലിയോ പങ്കുവെച്ചത് ഇപ്രകാരം: "എന്റെ ശരീരം ചെറുതായൊന്നു ഞെട്ടിവിറച്ചു. പാപ്പാ എന്റെ മുഖത്തും, തലയിലും തലോടി. ഞാൻ സ്നേഹിക്കപ്പെടുന്നുവെന്ന അനുഭവം അപ്പോൾ എനിക്കുണ്ടായി. പാപ്പ എന്റെ മുഖത്ത് ചുംബിച്ചു. ഞാൻ സ്വർഗത്തിലെത്തിയെന്ന് എനിക്ക് തോന്നി. റോമിൽനിന്ന് തിരികെ പോരുമ്പോൾ എനിക്ക് 10 വയസ്സ് കുറഞ്ഞിരുന്നു. വിനിലിയോ പറഞ്ഞു നിർത്തി.

ലോകമാകെ സ്നേഹം കൊണ്ട് ആശ്ലേഷിച്ചു പാപ്പാ യാത്രയായി... ലോകമാകെ കാരുണ്യത്തിന്റെ വിരൽതുമ്പുകൾകൊണ്ട് സ്പർശിച്ചു പാപ്പ യാത്രയായി.. യാത്രയായത് ദൈവത്തിന്റെ മടിത്തട്ടിലേക്കാണെന്ന് നമുക്ക് ഉറപ്പ്. കാരണം കർത്താവ് പറഞ്ഞ വഴിയിലാണ് ആ ജീവിതം ജീവിച്ചത്.

കഴിഞ്ഞ കുറെ ദിവസങ്ങൾ ലോകം മുഴുവൻ പാപ്പയുടെ സൗഖ്യത്തിനു വേണ്ടി പ്രാർത്ഥിച്ചു. സൗഖ്യത്തിലേക്ക് അദ്ദേഹം കടന്നുവന്നു. 2025 ഏപ്രിൽ 20-ന് ഈസ്റ്റർ ദിനത്തിൽ സന്ദേശം നൽകി.. ലോകം മുഴുവൻ സൗഖ്യമെന്ന് ആശ്വസിച്ചപ്പോൾ 2025 ഏപ്രിൽ 21 തിങ്കളാഴ്ച ഈസ്റ്ററിന്റെ പിറ്റേന്ന് ഉത്ഥിതനായ ഈശോയോടൊത്ത് പാപ്പ ദൈവപിതാവിനടുത്തേക്ക് യാത്രയായി...

ജീവിച്ചപ്പോഴും വ്യത്യസ്തൻ
മരിച്ചപ്പോഴും വ്യത്യസ്തൻ
വിവ ഇൽ പാപ്പ.

ജീവദീപ്തി
JEEVADEEPTHI

May 2025 Vol 15 Book 05

രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

സഹരക്ഷാധികാരി
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

മാനേജിംഗ് എഡിറ്റർ
ഫാ. യേശുദാസ് പഴമ്പിള്ളി

പത്രാധിപർ
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

സഹപത്രാധിപർ
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

സർക്കുലേഷൻ മാനേജർമാർ
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

രൂപകല്പന
ടാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

ഓഫീസ് മാനേജർ
മാനുവൽ പൊടുത്തോർ

പത്രാധിപസമിതി
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്

ഓഫീസ്
90720 26577
jeevadeepthi@gmail.com

04



01

വ്യത്യസ്തതയിലെ വിശുദ്ധി

2013 മാർച്ച് 10-ാം തീയതി സന്ധ്യാനേരം വത്തിക്കാനിലെ ഔദ്യോഗിക വക്താവിന്റെ അസിസ്റ്റന്റായി പ്രവർത്തിക്കുന്ന കനേഡിയൻ വൈദികനായ ഫാ.

ലോകത്തിന്റെ മനസ്സാക്ഷി യാത്രയായി

ജീവിതത്തിൽ ഏറ്റവും പ്രിയപ്പെട്ട ഒരാൾ വേർപിരിയുമ്പോൾ ഓർക്കുന്നു, ലാളിത്യം ആയിരുന്നു പാപ്പയുടെ

06

പോപ്പ് ഫ്രാൻസിസ് ആദ്യത്തെ ഡിജിറ്റൽ പാപ്പ

പോപ്പ് ഫ്രാൻസിസ് ആദ്യത്തെ "ഡിജിറ്റൽ പാപ്പ" എന്നാണ് അറിയപ്പെടുന്നത്. യേശു ഉപമകൾ ഉപയോഗിച്ച് ആശയവിനിമയം

കൗമാരം- കരുതലോടെ കാണാം

ബാല്യത്തിനും, യൗവനത്തിനും ഇടയിലുള്ള വളർച്ചയുടെയും, വികസനത്തിന്റെയും പരിവർത്തനഘട്ടമാ

07

വേനലിൽ വാടാതിരിക്കാൻ.......12
യുവാക്കളിലെ വർധിച്ചുവരുന്ന.......14
നിറവുകളാക്കുന്നവർ.......16
Oxytoxin.......18
കുട്ടികളുടെ സംരക്ഷണത്തിന്.......20
കുരിശുമണികൾക്ക്.......23
ഹൃദയസാക്ഷ്യമേകാൻ.......25
ക്ഷമയില്ലാതെ.......26
പ്രധാനാചാര്യൻ.......27
അമ്മമാർക്കായി.......28
നസറത്തിലെ നല്ലപാഠങ്ങൾ.......31
ചരിത്ര വിളക്ക്.......34
ന്യൂസ്.......36
ബൈബിൾ വിചിന്തനം.......38
പിൻമൊഴി.......40

ലോകത്തിന്റെ മനസ്സാക്ഷി യാത്രയായി



ആർച്ച്ബിഷപ്പ്
ഡോ. ജോസഫ്
കളത്തിപ്പറമ്പിൽ

ജീവിതത്തിൽ ഏറ്റവും പ്രിയപ്പെട്ട ഒരാൾ വേർപിരിയുമ്പോൾ ഓർക്കുന്നു, ലാളിത്യം ആയിരുന്നു പാപ്പയുടെ മുഖമുദ്ര. പെരുമാറ്റത്തിലും സംസാരത്തിലും സാധാരണക്കാരൻ. എല്ലാവരോടും ഇടപഴകുന്ന, സംസാരിക്കുന്ന വ്യക്തി. 2013 മാർച്ച് മാസം 13 നാണ് പുതിയ പാപ്പയുടെ പ്രഖ്യാപനം ഉണ്ടായത്. അന്ന് വത്തിക്കാൻ ചത്വരത്തിൽ ആകാംക്ഷയോടെ കാത്തുനിൽക്കുന്നവർക്കൊപ്പം ഞാനുമുണ്ടായിരുന്നു. ആഗോള കത്തോലിക്കാ സഭയുടെ തലവനും പത്രോസിന്റെ പിൻഗാമിയുമായി അർജന്റീനയിലെ ബ്യൂണസ് അയേഴ്സിലെ മെത്രാപ്പോലീത്തയായ ഹോർഹെ മരിയോ ബെർഗോളിയോയുടെ പേര് പ്രഖ്യാപിച്ചു. ഈ സമയം അവിടെ കൂടിയിരുന്ന പലരും പരസ്പരം ചോദിക്കുന്നുണ്ടായിരുന്നു ആരാണ് ഇദ്ദേഹം. അദ്ദേഹത്തെ അറിയാത്ത മെത്രാന്മാരും ഉണ്ടായിരുന്നു എന്നതാണ് വാസ്തവം. സ്വതസിദ്ധമായ ശൈലിയിലും പ്രാർത്ഥനാജീവിതത്തിലൂടെയും ആഗോള കത്തോലിക്കാസഭയുടെ വിശ്വാസത്തിന്റെ നക്ഷത്രമായി അദ്ദേഹം മാറിയത് പെട്ടെന്നായിരുന്നു. മൂന്നു വർഷക്കാലത്തോളം ഞാൻ പാപ്പയ്ക്കൊപ്പം റോമിൽ ജോലി ചെയ്തു. ഇക്കാലം എന്റെ ജീവിതത്തിൽ മറക്കാൻ കഴിയാത്ത ഓർമ്മകളാണ് സമ്മാനിച്ചത്. 2013 ഏപ്രിൽ 6–ാം തീയതിയിലെ പ്രഭാതം. കുർബാനക്കുപ്പായം ധരിക്കാൻ ഞാൻ സാക്രിസ്റ്റിയിൽ എത്തി. പെട്ടെന്നാണ് അദ്ദേഹം കടന്നു വന്നത്. അവിടെയുണ്ടായിരുന്നതിൽ വളരെ ലളിതമായ ഒരു ചോസിബിൾ എടുത്ത് അദ്ദേഹവും ധരിച്ചു. എനിക്ക് വലിയ സന്തോഷമായി, കാരണം ഞാൻ അന്ന് കുർബാന അർപ്പിക്കുന്നത് ഫ്രാൻസിസ് പാപ്പയോടൊപ്പം ആണ്. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: “പ്രായമായ എന്റെ അമ്മയ്ക്ക് ഒരു ആശീർവാദം നൽകണം.” അദ്ദേഹം എന്റെ ശിരസ്സിൽ കൈവച്ച് അമ്മയ്ക്ക് ആശീർവാദം നൽകി. അൾത്താരയിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ വലത് ഭാഗത്ത് നിൽക്കാനുള്ള ഊഴം എനിക്കായിരുന്നു. ഏഴുമണിക്ക് ആരംഭിച്ച കുർബാന 7.35 ആയപ്പോഴേക്കും കഴിഞ്ഞു. അതിനിടയിൽ അദ്ദേഹത്തിന്റെ കൊച്ചു പ്രസംഗവും ഉണ്ടായിരുന്നു. കുർബാന കഴിഞ്ഞ് കുപ്പായം അഴിച്ചുവെച്ച് പാപ്പ നീങ്ങി. എന്റെ ശ്രദ്ധ മുഴുവൻ പാപ്പയിൽ ആയിരുന്നു. ഞാൻ നോക്കുമ്പോൾ ഉണ്ട് അദ്ദേഹം ചാപ്പലിന്റെ പിൻഭാഗത്തുള്ള ഒരു ബെഞ്ചിൽ ഇരുന്ന് പ്രാർത്ഥിക്കുന്നു. തനിക്കായി ഒരു പ്രത്യേക ഇരിപ്പിടം റിസർവ് ചെയ്യുന്നതിനോട് അദ്ദേഹത്തിന് താല്പര്യം ഇല്ലായിരുന്നു. ഞാൻ ചാപ്പലിന് പുറത്തേക്കിറങ്ങി. എന്റെ പിന്നാലെ ബാക്കിയുള്ളവരും. അപ്പോഴതാ പാപ്പ വാതിൽക്കലേക്ക് പോകുന്നു. അവിടെ ഓരോരുത്തരെയായി കണ്ട് അഭിവാദ്യം ചെയ്യുന്നു. എന്റെ കണ്ടപ്പോൾ പറഞ്ഞു, നന്ദി, അമ്മയ്ക്ക് എന്റെ സ്നേഹാന്വേഷണം നൽകണം. രോഗിയായ അമ്മയെക്കുറിച്ചുള്ള എന്റെ ഉത്കണ്ഠ അദ്ദേഹം മനസ്സിൽ കുറിച്ചിട്ടിരുന്നു. ഹൃദയസ്പർശിയായ ഒരു അനുഭവമായിരുന്നു എനിക്കത്. ഞാൻ കണ്ടുമുട്ടുന്ന ഓരോരുത്തരെയും അദ്ദേഹം ഹൃദയത്തിൽ സംവഹിക്കുന്നു എന്ന് എനിക്ക് ബോധ്യമായി. എളിമയുടെ ആൾരൂപം ആയിരുന്നു പാപ്പ. പാപ്പയെ തെരഞ്ഞെടുക്കുവാനുള്ള കോൺക്ലേവിന്റെ സമയത്ത് കർദ്ദിനാൾമാർ വത്തിക്കാനിലെ കാസ സാന്താ മർത്തയിലാണ് താമസിച്ചിരുന്നത്. പാപ്പയായി തിരഞ്ഞെടുത്ത ശേഷവും അദ്ദേഹം അവിടെത്തന്നെ താമസമാക്കി. പാപ്പയ്ക്കായി പ്രത്യേക കാർ ഏർപ്പെടുത്തിയെങ്കിലും അത് സ്നേഹപൂർവ്വം നിരസിച്ചു. പാപ്പയായി തിരഞ്ഞെടുത്ത ശേഷവും മറ്റു കർദ്ദിനാൾമാർക്കൊപ്പം ബസ്സിലാണ് താമസസ്ഥലത്തേക്ക് പോയത്. സൗകര്യങ്ങൾ നിറഞ്ഞ അപ്പോസ്തോലിക അരമന ഉണ്ടായിരുന്നിട്ടും കാസ സാന്താ മർത്തയിലെ താമസക്കാരനായി. ആളുകളുമായി ബന്ധപ്പെടാൻ എളുപ്പം ഇവിടെ താമസിക്കുന്നതാണ് എന്നായിരുന്നു ഇതേക്കുറിച്ച് ചോദിച്ചവരോട് അദ്ദേഹത്തിന്റെ മറുപടി.

എപ്പോൾ കണ്ടാലും സ്നേഹസംഭാഷണത്തിന് സമയം കണ്ടെത്തുമായിരുന്നു ഫ്രാൻസിസ് പാപ്പ. വത്തിക്കാൻ കാര്യാലയത്തിലെ കുടിയേറ്റക്കാരുടെ വിഷയവുമായി ബന്ധപ്പെട്ട കാര്യാലയത്തിന്റെ ചുമതലക്കാരനായിരുന്നു ഞാൻ. ലിഫ്റ്റിലോ വരാന്തകളിലോ എന്നെ കണ്ടുമുട്ടുമ്പോഴെല്ലാം ജോലിയെക്കുറിച്ചും കുടിയേറ്റക്കാരെക്കുറിച്ചും പാപ്പാ ചോദിക്കുമായിരുന്നു. കുടിയേറ്റക്കാരുടെ പ്രശ്നങ്ങളിൽ പാപ്പ എപ്പോഴും ആശങ്കാകുലനായിരുന്നു. പാപ്പയായ ശേഷവും അദ്ദേഹം ആദ്യ സന്ദർശനം നടത്തിയത് അനധികൃത കുടിയേറ്റക്കാർ താമസിക്കുന്ന ലാമ്പേദൂസ എന്ന ഇറ്റാലിയൻ ദ്വീപിലേക്ക് ആയിരുന്നു. വിശ്വാസത്തിന്റെ തീക്ഷ്ണമായ

മാതൃകയായിരുന്നു ഫ്രാൻസിസ് പാപ്പ. പുതിയ ഉത്തരവാദിത്തമേറ്റെടുത്ത ഉടൻ റോമിലെ മേരി മേജർ ബസിലിക്ക ദേവാലയത്തിൽ പോയി തന്നെ സ്വയം മാതാവിന് സമർപ്പിച്ച് പ്രാർത്ഥിക്കുകയാണ് ചെയ്തത്.

പിന്നീട് പാപ്പമാരുടെ വേനൽക്കാല വസതിയിൽ എത്തി സ്ഥാനത്യാഗം ചെയ്ത ബെനഡിക്ട് പതിനാറാമൻ പാപ്പയെ സന്ദർശിച്ചു. അനുകരിക്കാൻ കഴിയുന്ന ലളിതജീവിതം ആയിരുന്നു പാപ്പ നയിച്ചിരുന്നത്. ഭക്ഷണശാലയിൽ വരുമ്പോൾ എല്ലാവരെയുംപോലെ ഭക്ഷണം സ്വയം എടുത്ത് കഴിക്കും, പ്രത്യേകിച്ച് രാത്രികാലങ്ങളിൽ. അത്താഴം കഴിക്കും മുമ്പ് ഒരു മണിക്കൂർ നേരം കാസ സാന്താ മർത്തയിലെ ചാപ്പലിൽ പ്രാർത്ഥിക്കുന്ന പതിവുണ്ടായിരുന്നു. മാർച്ച് 13 എനിക്കൊരു പ്രത്യേക ദിവസമാണ്. എന്റെ പൗരോഹിത്യ സ്വീകരണ ദിന ആണത്. അന്ന് സെന്റ് പീറ്റേഴ്സ് ചത്വരം നിറഞ്ഞു കവിഞ്ഞു നിന്ന വിശ്വാസികളോടൊപ്പം ഞാനും ആ ചരിത്രമുഹൂർത്തത്തിന് സാക്ഷ്യം വഹിച്ചു. എത്ര സുന്ദരമായ അനുഭവമായിരുന്നു അത്. അദ്ദേഹം ചട്ടങ്ങൾക്കും ചടങ്ങുകൾക്കും അതീതനായ ഒരു വ്യക്തിയാണ്. മുന്നിൽ നിൽക്കുന്ന മനുഷ്യനാണ് അദ്ദേഹത്തിന് വലുത്. പോളിയോ ബാധിച്ച ബാലനെ അദ്ദേഹം വാരിക്കോരി ഉമ്മവെച്ചപ്പോൾ എന്റെ കണ്ണുകളും നിറഞ്ഞൊഴുകി. ദൈവം സ്നേഹമാണെന്ന് പറയുവാൻ അദ്ദേഹം ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ ഏറെയാണ്. 2016 ഒക്ടോബറിൽ വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്തയായി നിയമിതനാകുന്നത് വരെ ഞാൻ വത്തിക്കാനിലെ ജോലി തുടർന്നു. മൂന്നുവർഷത്തിലധികം പാപ്പയുമൊപ്പം സേവനം ചെയ്യാൻ കഴിഞ്ഞത് ഒരു വലിയ ഭാഗ്യമായി കരുതുന്നു. വരാപ്പുഴ മെത്രാപ്പോലീത്ത ആയ ശേഷവും ഇടയ്ക്ക് റോം സന്ദർശന വേളയിൽ പാപ്പയുമായി കൂടിക്കാഴ്ചയ്ക്ക് അവസരം ഒരുക്കിയിട്ടുണ്ട്. അഞ്ചു വർഷത്തിലൊരിക്കൽ ആഗോള കത്തോലിക്കാ സഭയിലെ എല്ലാ ബിഷപ്പുമാരും വത്തിക്കാനിൽ

എത്താറുണ്ട്. പാപ്പയെ കാണുകയും പത്രോസിന്റെ ശവകുടീരവും റോമിലെ പ്രധാന ബസലിക്കകൾ സന്ദർശിച്ച് രൂപതയെക്കുറിച്ചുള്ള റിപ്പോർട്ട് വത്തിക്കാന് സമർപ്പിക്കുകയും ചെയ്യും. ഇങ്ങനെയുള്ള സന്ദർശനത്തിൽ വീണ്ടും ഫ്രാൻസിസ് പാപ്പയുടെ സ്നേഹവാത്സല്യങ്ങൾ അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. 2024 ആഗസ്റ്റ് അവസാനം നടത്തിയ വത്തിക്കാൻ സന്ദർശനത്തിലാണ് ഒടുവിൽ പാപ്പയെ കണ്ടത്. അന്ന് പാപ്പയെ ഷാൾ അണിയിച്ചു. പാപ്പയുടെ ആരോഗ്യം മോശമായപ്പോൾ മുതൽ അദ്ദേഹത്തെ സന്ദർശിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. പക്ഷേ അധികനേരത്തേ യാത്രയ്ക്ക് ആരോഗ്യസ്ഥിതി അനുവദിക്കാത്തതിനാൽ ആണ് ഞാൻ തിടുക്കപ്പെട്ട് സന്ദർശനം വേണ്ടെന്നു വച്ചത്. പാപ്പയുമൊത്തുള്ള കൂടിക്കാഴ്ചകൾ പലതും നടന്നിട്ടുണ്ടെങ്കിലും ചിലത് മറക്കാനാവില്ല.

ഇന്ത്യയിലെ അപ്പോസ്തലിക് ന്യൂൺഷ്യോ ആയിരുന്ന ആർച്ച്ബിഷപ്പ് ജോർജ് സുർ രോഗാതുരനായപ്പോൾ വിശ്രമ ജീവിതം നയിച്ചത് പാപ്പ താമസിച്ചിരുന്ന സാന്ത മർത്തയിൽ ആയിരുന്നു. ഇരുവരും ഒരു നിലയിലാണ് താമസിച്ചിരുന്നത്. കിടപ്പിലായിരുന്ന ആർച്ച് ബിഷപ്പിന് എല്ലാ ദിവസവും വിശുദ്ധ കുർബാന നൽകാൻ ഒരു വൈദികനെ ചുമതലപ്പെടുത്തിയിരുന്നു. ഒരു ദിവസം അദ്ദേഹത്തിന് അസൗകര്യം മൂലം ഞാൻ അതിന് നിയോഗിക്കപ്പെട്ടു. അതുകഴിഞ്ഞ് ആർച്ച് ബിഷപ്പിന്റെ മുറിയിൽ നിന്നിറങ്ങുമ്പോൾ മുന്നിൽ പാപ്പയെ കണ്ടു. വരാപ്പുഴ ആർച്ച്ബിഷപ്പായി നിയമിതനായതിന്റെ അഭിനന്ദനം എന്നെ നേരിട്ട് അറിയിച്ചു. പുതിയ ദൗത്യം ലഭിച്ച ശേഷമുള്ള ആദ്യ അഭിനന്ദനമായിരുന്നു അത്. സഭയിലെ നൂറുകണക്കിന് മെത്രാന്മാർക്കിടയിൽ എന്നെ പാപ്പ ഓർത്തെടുത്തത് ഇപ്പോഴും മറക്കാനാവുന്നില്ല. കത്തോലിക്കാ തിരുസഭയിൽ തന്റേതു മാത്രമായ ഒരു അതിവിശുദ്ധ സ്ഥാനം ഈ ഭൂമിയിൽ ബാക്കിവെച്ച് ഫ്രാൻസിസ് പാപ്പ സ്വർഗ്ഗത്തിലേക്ക് യാത്രയാകുമ്പോൾ ഈ പരിശുദ്ധ കാലഘട്ടത്തിൽ ഈ ഭൂമിയിൽ ജീവിക്കാൻ ആയതിന്റെ ആത്മീയ സന്തോഷത്തോടെ പരിശുദ്ധ പിതാവേ അങ്ങേക്ക് യാത്രാമംഗളം. വിട......

പോപ്പ് ഫ്രാൻസിസ് ആദ്യത്തെ ഡിജിറ്റൽ പാപ്പ

റവ. ഡോ. സ്റ്റീഫൻ ആലത്തറ
ഡപ്യൂട്ടി സെക്രട്ടറി ജനറൽ, സി.സി.ബി.ഐ

പോപ്പ് ഫ്രാൻസിസ് ആദ്യത്തെ "ഡിജിറ്റൽ പാപ്പ" എന്നാണ് അറിയപ്പെടുന്നത്. യേശു ഉപമകൾ ഉപയോഗിച്ച് ആശയവിനിമയം നടത്തി. അപ്പസ്തോലനായ പൗലോസ് കത്തുകൾ എഴുതി ദൈവജനവുമായി ഇടപെട്ടു. എന്നാൽ ഫ്രാൻസിസ് പാപ്പ, സോഷ്യൽ മീഡിയയിലൂടെ സുവിശേഷം പങ്കുവച്ചു.

ഫേസ്ബുക്ക് ലൈവ് ഉപയോഗിച്ച ആദ്യ പാപ്പയും, ചാക്രികലേഖനങ്ങൾ ട്വിറ്റർ അക്കൗണ്ട് വഴി പങ്കുവച്ച ആദ്യപാപ്പയും ഫ്രാൻസിസാണ്. ഇന്റർനെറ്റ് "ദൈവത്തിന്റെ സമ്മാനമാണ്" എന്ന് അദ്ദേഹം ഒരിക്കൽ പറഞ്ഞിരുന്നു. ഒൻപത് ഔദ്യോഗിക ട്വിറ്റർ അക്കൗണ്ടുകളിലായി 5.3 കോടി ഫോളോവേഴ്സും, ഇൻസ്റ്റഗ്രാമിൽ മറ്റൊരു 1 കോടി ഫോളോവേഴ്സും അദ്ദേഹത്തിന് ഉണ്ടായിരുന്നു. ചില മേധാവികൾ അദ്ദേഹത്തെ "ഇന്റർനെറ്റ് റോക്ക് സ്റ്റാർ" എന്നാണ് വിളിച്ചത്.

സോഷ്യൽ മീഡിയയുടെ കാലഘട്ടത്തിന് അനുയോജ്യമായ പാപ്പ ആയിരുന്നു ഫ്രാൻസിസ്. ശക്തരെയും സ്ഥാപനങ്ങളെയും അദ്ദേഹം വെല്ലുവിളിക്കാനും ഭയപ്പെട്ടിരുന്നില്ല. പലപ്പോഴും അദ്ദേഹത്തിന്റെ പ്രവൃത്തികളും വാക്കുകളും വൈറലായി മാറുകയും ചെയ്തു.

ഫ്രാൻസിസിന്റെ വ്യക്തിത്വത്തിലെ ഏറ്റവും വിപ്ലവാത്മകമായ കാര്യം അദ്ദേഹം എന്താണ് പറഞ്ഞത് എന്നതല്ല, പക്ഷേ എങ്ങനെ പറഞ്ഞു എന്നതാണ്. ഫ്രാൻസിസ് പാപ്പയുടെ ആശയവിനിമയം നടത്തുന്നതിന്റെ രീതി വ്യത്യസ്തമായിരുന്നു.

എല്ലായ്പ്പോഴും ശാന്തനും പ്രസന്നവദനനുമായിരുന്നു എന്നുള്ളതാണ് അദ്ദേഹത്തിന്റെ പ്രത്യേകതകളിലൊന്ന്. ഇതുതന്നെയാണ് നവീന ആശയവിനിമയ ശൈലി. തന്റെ ജീവിതത്തിലൂടെ അദ്ദേഹം അനേകരെ സ്വാധീനിച്ചു. എളിമ, ലാളിത്യം എന്നീ വാക്കുകൾ കാലപ്പഴക്കം ചെന്നവയല്ലെന്ന് ഫ്രാൻസിസ് മാർപാപ്പ തന്റെ ജീവിതമാതൃകയിലൂടെ തന്നെയാണ് നമുക്ക് കാണിച്ചു തരുന്നത്.

ഭാരതത്തോടുള്ള അദ്ദേഹത്തിന്റെ സ്നേഹം വ്യക്തമായിരുന്നു. ഇന്ത്യൻ ഭൂമിയിൽ സന്ദർശനം നടത്താൻ ഇഷ്ടമുള്ള അദ്ദേഹം ദരിദ്രരെയും ദുരിതത്തിലായവരെയും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം തുടർച്ചയായി ഓർമ്മിപ്പിച്ചു. 2025 ൽ ഭുവനേശ്വറിൽ നടത്തിയ ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ 36-ാം പ്ലീനറി അസംബ്ലിയിൽ അദ്ദേഹത്തിന്റെ അന്തിമ സന്ദേശത്തിൽ ദരിദ്രർക്കും ദുരിതത്തിലായവർക്കും മുൻഗണന നൽകാനും സഭയുടെ വാതിലുകൾ വിശാലമാക്കാനും ഇഷ്ടപ്പെട്ട ബിഷപ്പുമാർക്ക് ആഹ്വാനം നൽകി.

നാല് ഭാരതീയ വിശുദ്ധരെ ഫ്രാൻസിസ് പാപ്പ വിശുദ്ധരായി പ്രഖ്യാപിച്ചു. 2014 നവംബർ 23-ന് വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറയും വിശുദ്ധ എവുപ്രാസിയ എലുവത്തിങ്കലും, 2015 ജനുവര് 14-ന് വിശുദ്ധ ജോസഫ് വാസും, 2019 ഒക്ടോബർ 13-ന് വിശുദ്ധ മറിയം ത്രേസ്യ ചിറമേലും, 2022 മേയ് 15-ന് സെന്റ് ദേവസഹായം പിള്ളയേയും ഫ്രാൻസിസ് പാപ്പ വിശുദ്ധരായി നാമകരണം ചെയ്തു.

കൗമാരം- കരുതലോടെ കാണാം

സി. ഷിജി ചക്കിയൻ DCPB
ഫാമിലി തെറാപ്പിസ്റ്റ്,
ലൂർദ്ദ് ഹോസ്പിറ്റൽ

കൗമാരം: ബാല്യത്തിനും, യൗവനത്തിനും ഇടയിലുള്ള വളർച്ചയുടെയും, വികസനത്തിന്റെയും പരിവർത്തനഘട്ടമാണ്. ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടമാണിത്. കുട്ടിപ്രായത്തിൽ നിന്ന് പ്രായപൂർത്തിയായി യൗവനത്തിലേക്ക് പ്രവേശിക്കുന്നത് കൗമാരപ്രായത്തിലൂടെയാണ്. ഒരു വ്യക്തിയുടെ തനത് സ്വഭാവ സവിശേഷതകളും, കഴിവുകളും പൂർണ്ണത പ്രാപിക്കുന്നതും കൗമാരത്തിലാണ്. കൂടാതെ ജീവിതത്തിലെ ഏറ്റവും ആസ്വാദ്യകരമായ കാലയളവും കൗമാരമാണ്. അതുകൊണ്ട് തന്നെ ആരോഗ്യവും ആനന്ദവും നിറഞ്ഞ കൗമാരം വ്യക്തി വികസനത്തിന് അനിവാര്യമാണ്.

കുട്ടികൾക്കും മാതാപിതാക്കൾക്കും ഒരുപോലെ ബുദ്ധിമുട്ടേറിയ ഒരു കാലഘട്ടമാണിത്. ഹോർമോൺ വ്യതിയാനങ്ങൾ കാരണം കൗമാരപ്രായത്തിൽ ശാരീരികവും, വൈകാരികവുമായ നിരവധി മാറ്റങ്ങൾ നേരിടേണ്ടി വരുന്നു. അവർ വളരെ ദുർബലമാവുകയും ആവേശഭരിതരാകുകയും ചെയ്യുന്നു. ഈ പ്രായത്തിൽ ആവശ്യങ്ങളും, പ്രശ്നങ്ങളും കൈകാര്യം ചെയ്യാനുള്ള ഏക മാർഗ്ഗം അവയെക്കുറിച്ച് അറിയുകയും അവയെ നേരിടാൻ പഠിക്കുകയും ചെയ്യുക എന്നതാണ്.

കൗമാരക്കാർ നേരിടേണ്ടി വരുന്ന ചില പ്രശ്നങ്ങൾ

കൗമാരം 10 മുതൽ 20 വയസ്സു വരെയുള്ള കാലയളവാണ്. ഈ പ്രായത്തിലെ ഏറ്റവും വലിയ

ചിന്താകവിത; കവിതാ ചിന്ത

ആദ്യത്തെ പത്തോം, പിന്നത്തെ പത്തോം!

സീരിയലിൽ മദിച്ചു രമിച്ചു രസി ച്ചിരിക്കുകയായിരുന്നു റപ്പിച്ചേ ട്ടൻ. നിലാവുള്ള രാത്രി ലവനും ലവളും വാഴത്തോട്ടത്തിൽ! പശ്ചാത്തലത്തിൽ ചീവീടുക ളുടെ നേർത്തു മന്ദിച്ച പാട്ടു മാത്രം. ഇപ്പ, എന്തെങ്കിലും നട ക്കും... അപ്പോഴാണ് തരോത്താ ത്തീടെ എടങ്കോൽ: നിങ്ങ ഈ ടീവീടെ മുമ്പിലെ വിസീത്ത ഒന്നവസാനിപ്പിക്കെന്റെ മനു ഷേനേ! എത്രനേരോണ്ടു പറഞ്ഞ് ഒരു ചക്കയിട്, ചക്കയി ടെന്ന്. ഒന്നവിടെന്ന് കടിവി ടെന്റെ മനിഷേനേ!

റപ്പിച്ചേട്ടൻ കലിയോടെ എണീറ്റ് മുറ്റത്ത് പ്ലാവിൻചോട്ടിലേക്ക് നട ന്നു. അഞ്ചാറാൾ പൊക്കത്തിൽ രണ്ടു ചക്കയുണ്ട്. കോണിവച്ച് വലിഞ്ഞ് കേറുമ്പോൾ, ഉള്ളാലെ പ്രാകി. അവക്കടെ ഒടുക്കത്തെ ചക്കപ്രാന്ത്!

ആദ്യം കണ്ട വലിയ ചക്ക വെട്ടി യിട്ടു. പത്തോം!

അപ്പോത്തന്നെ പിന്നേം ഒരൊച്ച. പത്തോം!

മീങ്കറി വെച്ചുകൊണ്ടിരുന്ന തരോത്താത്തി വിളിച്ചു ചോദിച്ചു: അതെന്തിനാ മനിഷേ നേ, ഒരു ചക്കയിടാമ്പറഞ്ഞപ്പ, നിങ്ങ രണ്ടു ചക്കയിട്ടത്? ഒച്ച കേട്ടിട്ട് രണ്ടാമത്തെ ചക്ക ഒരു ബണ്ടൻ സൈസാണെന്നു തോന്നണല്ലോ?

പ്ലാവിഞ്ചോട്ടിൽ കിടന്ന് റപ്പിച്ചേ ട്ടൻ ഞരങ്ങി. ഒരു ചക്കേ ഇട്ടൊ ള്ളെടി. അതാണ് ആദ്യത്തെ പത്തോം. പിന്നത്തെ പത്തോം ഞാൻ വീണതാടീ...

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

പ്രശ്നം ഞാനൊരു കുട്ടിയാണോ അതോ മുതിർന്ന വ്യക്തിയാണോ എന്ന് തീർത്തും പറയാനാകാതെ വിഷമിക്കുന്നതാണ്. കൗമാര ത്തിലെ ആദ്യത്തെ 5 വർഷം ആദ്യകാല കൗമാരവും പിന്നീ ടുള്ള 5 വർഷം അവസാനകാല കൗമാരവും എന്ന് വിവക്ഷിക്കാം. ഈ സമയങ്ങളിൽ ഇവരിലെ സാധാരണ വ്യതിയാനങ്ങളെയും, അസാധാരണ വ്യതിയാനങ്ങ ളെയും തിരിച്ചറിയുവാൻ ശ്രമി ക്കുക എന്നതാണ് മുഖ്യം.

രസകരമായ ഒരു കാര്യം എന്തെന്നാൽ കുട്ടിയിൽ കാണുന്ന പ്രായത്തിന്റേതായ സ്വഭാവ വ്യതി യാനങ്ങൾ കൂടുതൽ പ്രകടമാകു ന്നത് ആദ്യകാല കൗമാരത്തിൽ ആണ്. ആ സമയത്ത് അവർ മുതിർന്നവരെപ്പോലെ പെരുമാ റാൻ ശ്രമിക്കുകയും തന്മൂലമുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. എന്നാൽ ഏതാണ്ട് മുതിർന്നു വരുന്ന അവസാനകാല കൗമാരത്തിൽ ഇവർ നഷ്ടപ്പെ ടുത്തികൊണ്ടിരിക്കുന്ന കുട്ടി ത്തത്തെ തിരിച്ചുപിടിക്കാനുള്ള ശ്രമത്തിൽ ഏതാണ്ട് അതേ തര ത്തിലുള്ള പ്രശ്നങ്ങൾ സൃഷ്ടി ക്കുന്നു.

മുതിർന്നവരുമായി പര സ്പരം മനസ്സിലാക്കുന്നതിലുള്ള പൊരുത്തക്കേടുകൾ കൗമാരകാ ലത്തെ മുഖ്യപ്രശ്നമാണ്. മാതാ പിതാക്കളാണ് പലപ്പോഴും ഇതിന് പാത്രീഭൂതരാവുന്നത്. രക്ഷിതാക്കൾക്കും മറ്റു കുടുംബാം ഗങ്ങൾക്കും ശ്രദ്ധ ചെലുത്താ വുന്ന ഏതാനും കാര്യങ്ങൾ കൂടി പറയാം

ഓരോ വ്യക്തിക്കും തന തായ ഒരു അസ്തിത്വവും വ്യക്തി ത്വവുമുണ്ട്. ഇതിൽ വ്യക്തിസ്വാ തന്ത്ര്യം വളരെ പ്രധാനപ്പെട്ടതാ ണ്. കൗമാരക്കാരും വ്യത്യസ്തര ല്ല. അതിനാൽ തന്നെ ആവശ്യ ത്തിന് ആശയ, അഭിപ്രായ, ജീവിത സ്വാതന്ത്ര്യം നൽകുക എന്നത് വളരെ പ്രധാനപ്പെട്ടതാ ണ്. ഇവർ മുതിർന്നവരുന്ന വ്യക്തി കളാണ് എന്ന വ്യക്തമായ ധാരണ യോടെ കഴിയുന്നത്ര മേഖലക ളിൽ അവർക്ക് സ്വാതന്ത്ര്യം നൽകുക. ഇടഞ്ഞു നിൽക്കുന്ന ഒരു പ്രായമാണിതെന്ന് മനസ്സി ലാക്കി വേണ്ടിടത്തും വേണ്ടാത്തി ടത്തും നമ്മുടെ അഭിപ്രായങ്ങൾ അടിച്ചേൽപ്പിക്കാതിരിക്കുക. വീട്ടിലെ പ്രധാനപ്പെട്ട വിഷയങ്ങ ളിൽ ഇവരുടെ അഭിപ്രായ ങ്ങൾകൂടി ആരായുകയും അവർക്ക് ആവശ്യമായ പ്രാധാന്യം കൊടു ക്കുകയും ചെയ്യുക.

സ്വയം സംശയങ്ങളും ആത്മവിശ്വാസക്കുറവും നേരിടുന്ന ഒരു കാലഘട്ടമായതിനാൽ ഇവ രുടെ കാര്യങ്ങളിൽ അമിതമായി ഇടപെടുന്നതും അഭിപ്രായങ്ങൾക്ക് വിലകൽപ്പിക്കാതിരിക്കുന്നതും ആത്മവിശ്വാസത്തെ പ്രതികൂല മായി ബാധിക്കുകയും വ്യക്തി യെന്ന നിലയിലുള്ള പരിപൂർണ്ണ വളർച്ചയ്ക്ക് തടസ്സമാവുകയും ചെയ്യും. ദൈനംദിന ജീവിത ത്തിലെ എല്ലാ മേഖലകളിലും അവരെ ഉൾപ്പെടുത്തുക എന്ന താണ് മറ്റൊരു കാര്യം.

കൗമാരക്കാരുടെ ജീവി തത്തിൽ നമുക്കുള്ള പങ്ക് ശരി യായി തന്നെ നിറവേറ്റാൻ മാതാപി താക്കളും, മുതിർന്നവരും ശ്രമിക്കു ക. അവരുടെ സുഹൃത്തുക്കളു മായി ഇടപഴകുകയും ആഘോഷ ങ്ങളിൽ പങ്കുചേരുകയും ചെയ്യുക. സ്കൂൾ, കോളേജ്-തലത്തിലും അല്ലാതെയും ഉണ്ടാകുന്ന നേട്ട ങ്ങൾ അവ ചെറുതാണെങ്കിൽ പോലും എല്ലാവരും ഒന്നുചേർന്ന് ഉചിതമായി ആഘോഷിക്കുക. രക്ഷിതാവ് എന്ന നിലയിൽ പങ്കെ ടുക്കേണ്ട എല്ലാ പരിപാടികളിലും നിർബന്ധമായും പങ്കെടുക്കുക.

സ്വഭാവ രൂപീകരണത്തിന് ഒരു വ്യക്തിയുടെ ജീവിതത്തിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒരു കാലഘട്ടമാണ് കൗമാരം. ആയതിനാൽ ആനന്ദപൂർണ്ണവും ആസ്വാദ്യകരവുമായ കൗമാരകാ ലമാണ് ആരോഗ്യമുള്ള ഒരു വ്യക്തിയുടെ അടിത്തറ. ഭാവി പൗരന്മാർ എന്ന നിലയിൽ ഇവ രുടെ കൗമാരക്കാലം ആനന്ദ പൂർണ്ണമാക്കാൻ സഹായിക്കുന്നതി നുള്ള ബാധ്യത ഓരോ രക്ഷിതാ വിനും ബന്ധപ്പെട്ട മറ്റു മുതിർന്ന പൗരന്മാർക്കുമുണ്ട്. അതിനാൽ നാടിന്റെ ശോഭനമായ ഭാവിക്കായി നമുക്കും കൈകോർക്കാം.

കുട്ടികളും അവധിക്കാലവും

ഫാ. സേവ്യർ
കുടിയാംശ്ശേരി

അവധിക്കാലം നിശ്ചയമായും അടിച്ചുപൊളി കാലമാണ്. അത് മാതാപിതാക്കൾ അനുവദിക്കുകയും കൂട്ടുകാരെപ്പോലെ കൂടെക്കൂടുകയും വേണം. കളിയും ചിരിയും കൂട്ടുകൂടലും ഇക്കാലത്തിന്റെ തനതു ശൈലിയാണ്. അതുവഴിയാണ് കുട്ടി സോഷ്യലൈസ്ഡ് ആകുന്നത്. എന്റെ കുട്ടിക്കാലത്ത് സ്കൂളിൽനിന്ന് വന്നാൽ, കാപ്പി കുടിച്ചാലായി കുടിച്ചില്ലെങ്കിലായി കളിക്കളത്തിലേക്ക് ഓടുകയാണ്. അവിടെ നിശ്ചയമായും കൂട്ടുകാർ കാത്തുനിൽക്കുന്നുണ്ടാവും. ഇന്ന് കളിക്കളമില്ല, അത്തരത്തിലുള്ള കളിക്കൂട്ടുകാരും ഉണ്ടോ എന്നറിയില്ല. കളിക്കളങ്ങൾ പോലുള്ള പൊതുവിടങ്ങൾ നഷ്ടപ്പെടുന്ന ഇക്കാലത്ത് നമുക്ക് നഷ്ടമാകുന്നത് നമ്മുടെ സാമൂഹിക ജീവിതമാണ്. ഞങ്ങളുടെ വീടിന്റെ പടിഞ്ഞാറുവശം കടലാണ്, കിഴക്കുവശം കായലും. അവധിക്കാലത്ത് കടലിൽ കുളിയും കായലിൽ കുളിയും സ്ഥിരം പരിപാടിയായിരുന്നു. കടലിന്റെ ഗതി മുകളിലേക്കാണ്. കായലിന്റേത് താഴേക്കും. അതിനാൽ ചുഴികൾ ഇല്ലാത്തിടത്താണെങ്കിൽ കടലിൽ കുളിക്കുന്നത് കുറേക്കൂടി സുരക്ഷിതമാണ്. മാത്രമല്ല കടലിൽ കുളിക്കുന്നത് ആരോഗ്യ സംദായകവുമാണ്. ഇന്നു പക്ഷേ കുളിക്കടവുകളുള്ള കായലോ കുളിക്കാൻ പറ്റുന്ന കടൽത്തീരങ്ങളോ കുറവാണ്. എന്നാലും പാലാ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് കുട്ടികൾ ആലപ്പുഴ കടൽത്തീരത്ത് എത്താറുണ്ട്. അവരെത്തുമ്പോൾ ഉച്ചയാകും. അതിനാൽ ഊണുകഴിച്ച് വയറു നിറച്ചിട്ട് കടലിലേക്കിറങ്ങാറുണ്ട്. അതത്ര നല്ലതല്ല. കാരണം കടലിൽ അപകടമുണ്ടായാൽ വയറ് നിറഞ്ഞിരിക്കുന്ന ആളുടെ കാലുകൾ കുഴഞ്ഞുപോകും. രക്ഷപെടാൻ പാടാണ്.

കളിക്കളങ്ങളും അവധിക്കാലവും

കുട്ടികൾ അവധിക്കാലത്ത് നീന്തൽ പഠിക്കുന്നത് നല്ലതായിരിക്കും. നീന്തൽ പഠിപ്പിക്കാനുള്ള കഴിവുള്ള വിദഗ്ധരുടെ നിയന്ത്രണത്തിൽ പഠിക്കാൻ ശ്രമിക്കണം. കളികൾ വിനോദവും ആരോഗഗ്യക്ഷമതയും നൽകും. ഫുഡ്ബോൾ, ബാസ്ക്കറ്റ് ബോൾ, വോളിബോൾ, ബാഡ്മിന്റൺ തുടങ്ങിയ കായികക്ഷമത നൽകുന്ന ഗെയിമുകൾ പഠിക്കുന്നതും പരിശീലിക്കുന്നതും നല്ലതാണ്. ഒപ്പം ചെസ്സ്, ക്യാരംസ് പോലുള്ള ബൗദ്ധിക ക്ഷമത നൽകുന്ന ഗെയിമുകളും പഠിക്കുകയും പരിശീലിക്കുകയും ചെയ്യാൻ അവധിക്കാലങ്ങൾ പ്രയോജനപ്പെടുത്താം.

അവധിക്കാലവും കലാപരിശീലനവും

കലാ പരിശീലനത്തിനായും ഇക്കാലം പ്രയോജനപ്പെടുത്താം. കുട്ടികളുടെ അഭിരുചിയും കഴിവും

സന്ധ്യാ പ്രാർത്ഥന മുടക്കരുത്. കുടുംബ ത്തിൽ എല്ലാവരും ചേർന്നിരുന്നു പ്രാർത്ഥിക്കുന്ന കുടുംബം നില നിൽക്കുമെന്നാണ് പറയുക. തോന്നു മ്പോൾ വരിക, തോന്നുമ്പോൾ ഭക്ഷി ക്കുക, തോന്നു മ്പോൾ ഉറങ്ങുക എന്നൊക്കെ വന്നാൽ എങ്ങനെ കുടുംബമാ കും. ഒന്നിച്ചു പ്രാർത്ഥിക്കണം, ഒന്നിച്ചു ഭക്ഷിക്കണം, ഒന്നിച്ചിരുന്നു വർത്ത മാനം പറയണം.

അനുസരിച്ച് ചിത്രരചന, സംഗീതം, എഴുത്ത് തുടങ്ങിയ മേഖലകളിൽ പ്രാവീണ്യം നേടാൻ പരിശ്രമിക്കുക. വാദ്യോപകരണങ്ങൾ പഠിക്കുന്നത് വളരെ നല്ലതാണ്. എത്രയോ പേരാണ് അതൊരു തൊഴിലായിപ്പോലും കൊണ്ടുനടക്കുന്നത്. സംഗീതം എന്നല്ല ഏതു കലാരൂപവും പഠിക്കുകയും പരിശീലിക്കുകയും ചെയ്താൽ അതേ കാര്യത്തിൽ ഒരു തപസ്സുപോലെ നാം വ്യാപൃതരാകും. മറ്റു തെറ്റായ വഴികളിൽ പോവില്ല. മാത്രമല്ല, മനസ്സിന് സന്തോഷവും ഹൃദയത്തിൽ ആനന്ദവും ലഭിക്കും. ആത്മാവിഷ്കാരത്തിനുള്ള നല്ല മാർഗ്ഗങ്ങളുമാണ്. അക്കാര്യത്തിൽ ഏറ്റവും സവിശേഷതയുള്ളതാണ് എഴുത്ത് മേഖല. കഥ, കവിത, നാടകം, നോവൽ തുടങ്ങിയവയൊക്കെ എഴുതി നോക്കണം. ചിലർക്ക് നല്ല വാസനയുമുണ്ടാകും. അദ്ധ്യാപകരുടേയും സാഹിത്യകാരന്മാരുടേയും സഹായം തേടാവുന്നതാണ്. നല്ല വായനവും പരിശ്രമവുമുണ്ടെങ്കിൽ എഴുത്തു മേഖലയിൽ ശോഭിക്കാനാകും. പലയിടങ്ങളിലും എഴുത്തുകാരുടെ കൂട്ടായ്മകളുണ്ട്. അത്തരം സമ്മേളനങ്ങളിൽ പോകുകയും എഴുത്തുകാരുമായി പരിചയപ്പെടുകയും സംസാരിക്കുകയും ചെയ്യണം. സാവധാനം എഴുതി തുടങ്ങണം. ഏതെങ്കിലും മാസികകൾക്കൊക്കെ നിങ്ങളുടെ രചനകൾ അയച്ചു കൊടുത്ത് നോക്കണം. അവർ ചിലപ്പോൾ പ്രസിദ്ധീകരിച്ചെന്ന് വരില്ല. നിരാശപ്പെടരുത്. തുടർന്നും എഴുതിക്കൊണ്ടിരിക്കുക. ഒപ്പം നോവലും കഥയും കവിതകളുമൊക്കെ വായിച്ചുകൊണ്ടിരിക്കുകയും വേണം.

അവധിക്കാലം അവനവനാകാൻ സഹായിക്കണം

അവധിക്കാലം നമ്മളെ നമ്മളാക്കുന്ന കാലമാണ്. അവനവനാകുക എന്നതാണ് നമ്മുടെ വിളി. അതിന് നമ്മെ പ്രാപ്തരാക്കാൻ അവധിക്കാലം പ്രയോജനപ്പെടുത്താം. അദ്ധ്യാപകരുടേയും മാതാപിതാക്കളുടേയും സഹായത്താൽ നന്നായി പ്ലാൻ ചെയ്ത് അവധിക്കാലം അർത്ഥപൂർണ്ണമാക്കാൻ പരിശ്രമിക്കാം. ഇക്കാലത്താണ് സ്വയം കണ്ടെത്തേണ്ടത്. കളിക്കളങ്ങളിലും വിനോദ വിശ്രമവേളകളിലും നാം നമ്മെത്തന്നെ അവതരിപ്പിക്കും. അത്തരം അവസരങ്ങളിൽ പ്രത്യക്ഷപ്പെടുന്ന നമ്മളെ കണ്ടെത്തുകയും ക്രമപ്പെടുത്തുകയും വേണം.

അവധിക്കാലം നല്ല ശീലങ്ങൾ ആർജ്ജിക്കാൻ

ശീലങ്ങൾ നല്ലതും ചീത്തയുമുണ്ട്. മോശം ശീലങ്ങൾ ഒഴിവാക്കാൻ ശ്രമിക്കണം. മദ്യവും മയക്കുമരുന്നും ഉപേക്ഷിക്കേണ്ടതാണ്. എം.ഡി.എം.എ. പോലുള്ള രാസലഹരികൾ കൂടെക്കൂടെ ഉപയോഗിച്ചാൽ മൂന്ന് നാല് വർഷംപോലും ജീവിക്കില്ല. ഇടുക്കിയിലെ വണ്ടൻമേട്ടിലുള്ള മുസ്ലീം മാനേജ്മെന്റിനു കീഴിലുള്ള ഒരു സ്കൂളിൽ ബീവി എന്ന ടീച്ചർ തന്റെ റിട്ടയർമെന്റിന്റെ ഭാഗമായി കുട്ടികളെക്കൊണ്ട് തന്റെ തലയിൽ കൈവച്ച് ലഹരി ഉപയോഗിക്കില്ലെന്ന് സത്യപ്രതിജ്ഞ ചെയ്യിച്ചത് ശ്രദ്ധിക്കുന്നത് നല്ലതാണ്. ആ ഒരു സംഭവം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ആപത്തിനെക്കുറിച്ച് ഓർമ്മിപ്പിക്കുന്നതാണ്.

അവധിക്കാലം ജീവിതത്തിൽ നല്ല ശീലങ്ങൾ ആർജ്ജിക്കാനും പരിശ്രമിക്കാം. 15 ദിവസം അടുപ്പിച്ച് ഒരു കാര്യം ചെയ്താൽ അതു ശീലമാകും. ഉദാഹരണമായി 15 ദിവസം അടുപ്പിച്ചു വെളുപ്പിന് നാലു മണിക്ക് എഴുന്നേറ്റാൽ അതു പിന്നീടു ശീലമായിത്തീരും. പിന്നീട് വെളുപ്പിന് എഴുന്നേറ്റു പഠിക്കാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാവില്ല. ഇക്കാലത്ത് അനേകം കുട്ടികൾ തെറ്റായ ഒരു ശീലം വളർത്തിയെടുക്കുന്നുണ്ട്. പലരും ട്യൂഷനൊക്കെ പോയിട്ട് വൈകി വീട്ടിലെത്തുക, സന്ധ്യാ പ്രാർത്ഥന മുടക്കുക, രാത്രി വൈകി ഭക്ഷണം കഴിക്കുക, പിന്നീട് കുറച്ചു നേരം പഠിച്ച ശേഷം മൊബൈലിൽ പലതും കണ്ടു കിടന്നിട്ട് വളരെ വൈകി ഉറങ്ങുക, വൈകി എഴുന്നേൽക്കുക. ശാരീരികമായും മാനസികമായും ആത്മീയമായും ഒട്ടും നല്ലതല്ലാത്ത ശീലമാണ്. ഇക്കാലത്ത് ക്ലാസ്സിൽ ശ്രദ്ധിക്കുന്ന കുട്ടികൾക്ക് ട്യൂഷന്റെ ആവശ്യമില്ല. ട്യൂഷൻ പലപ്പോഴും കൺഫ്യൂഷനേ സൃഷ്ടിക്കൂ. കാരണം സ്കൂളിലെ പഠനസമ്പ്രദായവും ട്യൂഷൻ സെന്ററിലെ പഠന സമ്പ്രദായവും രണ്ടും രണ്ടായിരിക്കും. മാത്രമല്ല സ്കൂളിൽപോകുന്നതോടൊപ്പമുള്ള ട്യൂഷൻ പരിപാടി മൂലം കുട്ടികൾക്ക് ജോലിഭാരം കൂടുകയും വിശ്രമമില്ലാതെ വരികയും പഠിക്കാൻ സമയം കിട്ടാതെയും പഠനം സാധിക്കാതെയും വരും. സന്ധ്യാ പ്രാർത്ഥന മുടക്കരുത്. കുടുംബത്തിൽ എല്ലാവരും ചേർന്നിരുന്നു പ്രാർത്ഥിക്കുന്ന കുടുംബം നിലനിൽക്കുമെന്നാണ് പറയുക. തോന്നുമ്പോൾ വരിക, തോന്നുമ്പോൾ ഭക്ഷിക്കുക, തോന്നുമ്പോൾ ഉറങ്ങുക എന്നൊക്കെ വന്നാൽ എങ്ങനെ കുടുംബമാകും. ഒന്നിച്ചു പ്രാർത്ഥിക്കണം, ഒന്നിച്ചു ഭക്ഷിക്കണം, ഒന്നിച്ചിരുന്നു വർത്തമാനം പറയണം. *ഞാനുറങ്ങാൻ പോകുംമുമ്പായ്* എന്ന പാട്ടുപാടിയിട്ടാണ് ക്രിസ്തീയ ഭവനങ്ങളിൽ മുൻകാലത്ത് ഉറങ്ങാൻ പോയിരുന്നത്. താമസിച്ചു ഭക്ഷിക്കുകയും താമ

സിച്ച് ഉറങ്ങുകയും ചെയ്താൽ പ്രഭാത ഭക്ഷണം കഴിക്കാൻ സാധിക്കില്ല. ഇപ്പോൾ പല കുട്ടികളും പ്രഭാത ഭക്ഷണം കഴിക്കുന്നേയില്ല. ഇതൊക്കെ അനാരോഗ്യകരമായ ശീലങ്ങളാണ്. ഇക്കാര്യത്തിലൊക്കെ ആശാസ്യമായ ശീലങ്ങൾ ആർജ്ജിക്കാൻ ഈ അവധിക്കാലം പ്രയോജനപ്പെടുത്തണം.

അവധിക്കാലം വിനോദത്തിനും വിശ്രമത്തിനും

അവധിക്കാലത്ത് വിനോദവും വിശ്രമവും വേണമെന്നാണ്. വിനോദകാര്യങ്ങളിൽ ഓരോരുത്തർക്കും ഓരോരോ താൽപര്യങ്ങളായിരിക്കും. അതിനായി പത്രം വായന നല്ലതാണ്. ഒരു ദിവസം മൂന്നു പത്രമെങ്കിലും വായിക്കാൻ പരിശ്രമിക്കണം. നിശ്ചയമായും നല്ല സിനിമകൾ കാണണം. മാർക്കോ പോലുള്ള സിനിമകൾ ബോധപൂർവ്വം ഒഴിവാക്കണം. ജീവിത ദർശനങ്ങളും ചരിത്രാവബോധവും നൽകുന്ന വളരെ പേരുള്ള, ശ്രദ്ധിക്കപ്പെട്ടിട്ടുള്ള സിനിമകൾ ഇന്ന് പലവഴിയിലൂടെ നമുക്ക് ലഭിക്കുന്നു. അത്തരം ക്ലാസ്സിക് സിനിമകൾ നമുക്ക് ദാർശനികമായി നിലപാട് സ്വീകരിക്കാൻ സഹായിക്കും. അവധിക്കാല വിനോദത്തിനുതകുന്ന യാത്രകളാകാമെന്ന് പറയാറുണ്ട്. അമ്മവീട്ടിൽ പോകുന്നതോടൊപ്പം പിക്നിക്ക് സ്പോട്ടുകളിലേക്കോ തീർത്ഥാടന കേന്ദ്രങ്ങളിലേക്കോ യാത്ര പോകുന്നത് നിശ്ചയമായും നല്ലതാണ്. വിശ്രമം എന്നാൽ ഒന്നും ചെയ്യാതിരിക്കലോ കിടന്നുറങ്ങലോ അല്ല. സാധാരണ ചെയ്യുന്ന കാര്യങ്ങളിൽ നിന്ന് വ്യത്യസ്തമായതെന്തെങ്കിലും ചെയ്യുക എന്നതാണ്. നിത്യവും പഠിക്കുന്ന കുട്ടിക്കു വിശ്രമത്തിനായി ചിത്രം വരയ്ക്കാം. പിയാനോ വായിക്കാം. നോവൽ വായിക്കാം. അങ്ങനെയൊക്കെയാണ് വിശ്രമ വഴികൾ ക്രമപ്പെടുത്തേണ്ടത്.

കോഴി കൂവിയതെന്തിന്...

ഫാ. യേശുദാസ് പഴമ്പിള്ളി

ചെറു നനവൂറിയ തിരുനെറ്റിയിലാരോ അമർത്തി തന്ന ഒരുമ്മ. കൂടെ പറഞ്ഞു തമ്പായി.. എന്റെ പൊന്നിനെ കാത്തോളണേ. തത്തിക്കളിച്ചും കെട്ടിമറിഞ്ഞും പല്ലില്ലാ മോണകാട്ടി ചിരിച്ചപ്പോ... വീണ്ടും കേട്ടു. ഈശോയെ കൂട്ടിരിക്കണേ... നിറമുള്ള പെൻസിലിന്റെയും വർണ്ണ വളപ്പൊട്ടിന്റെയും ചെമന്ന കുന്നിക്കുരുവിന്റെയും ലോകത്ത് ചുവന്നു കറുത്ത ശലഭത്തെക്കാൾ പാറിപ്പറന്നപ്പോഴാണ് ആദ്യമായി അവനെ കണ്ടത്. താടിമീശക്കാരന്റെ നോട്ടം നെഞ്ചിലേറ്റതുപോലെ... പിന്നെപ്പിന്നെ അതൊരനുഭവമായി. കുരിശുമണിയുടെ നിഴലിൽ കുന്തിരിക്ക മണത്തിൽ മുങ്ങിയമർന്ന ഒരു ജപമാലസന്ധ്യയിലെ ചെറുമെഴുതിരി വെട്ടത്തിൽ കണ്ടയാൾ... അവനാണെന്റെ ഈശോ... ആദ്യമായി എന്റെ നാവിലണഞ്ഞ നാൾ... ഈശോയെ നിന്റെ കവിളിലൊരുമ്മയായി ഞാൻ മാറട്ടെ എന്ന് സ്വപ്നം കണ്ടുറങ്ങിയ മെയ്മാസരാത്രികൾ... പതുക്കെ കണ്ണിണകൾ മിന്നിയമർന്നപ്പോൾ ഈശോ എന്റെ പ്രിയനായി... ഞാനോ... എണ്ണയിട്ട് കത്തിച്ച തിരിവെട്ടവുമായി... അവനെ വഴിയോരത്ത് കാത്തുനിന്ന യെരുസലേം കന്യകയായി... സൈത്ത് മണം പേറുന്ന യഹൂദ പെൺകൊടിയായി. കാലം, പേടിച്ചോടിയ പുന്നാരയെ കണക്ക് കിഴക്കേ മലഞ്ചെരുവിൽ ഒളിച്ചുപോയ കാലത്ത്... ഞാനവനെ കാത്തിരുന്നു... പക്ഷേ കണ്ടെത്തിയില്ല.. പതുക്കെ എന്നിൽ കുന്തിരിക്കപ്പുകമണം മാഞ്ഞു... ചൊല്ലിത്തീർത്ത കൊന്തകളുടെ തിരിയറ്റു. പതുക്കെ മാനത്തൊരു വർണ്ണമുകിലോട്ടം... മനസ്സിൽ ആരോ മൃദുവായി മന്ത്രിക്കുന്നപോൽ.. വീണ്ടും മുന്നിൽ പല പൊടിമീശക്കാർ... കിതച്ചും കുതിച്ചും മഴമുകിൽ വർണ്ണംപോൽ... ജീവിതം മാറിമറിയവേ... പെട്ടെന്നൊരുനാൾ ഇടിവെട്ട് കണക്ക്... അവൻ, നസ്രായൻ മുന്നിൽ... അരുതാത്തതൊക്കെ ചെയ്തകണക്ക് കണ്ണുകൾ താഴവേ... മനസ്സിനു മുന്നിലൊരരുൾ... കുഞ്ഞേ നീയെന്നെ സ്നേഹിക്കുന്നുവോ? വൃഥാൽ മൊഴിഞ്ഞു... ഉവ്വ് കർത്താവേ... ദൂരെ കറുത്ത കരിങ്കൂട്ടങ്ങൾ പെറ്റു കിടക്കുന്നിടത്ത് അസമയത്ത് ഒരു കോഴി മൂന്നു പ്രാവശ്യം കൂവി... ആരോടെന്നില്ലാതെ...

വേനലിൽ വാടാതിരിക്കാൻ

സിസ്റ്റർ റൂഫീന SCCG
പ്രിൻസിപ്പൽ,
സിദ്ധി സദൻ നേഴ്സിംഗ്
കോളേജ്, കാക്കനാട്

ചുട്ടുപൊള്ളുകയാണ്. വേനൽ കടുത്തതോടെ ദാഹവും ക്ഷീണവും ഏറുകയായി. ഓരോ വർഷവും ചൂടു കൂടിക്കൊണ്ടിരിക്കുന്നു. മനസ്സും ശരീരവും തണുപ്പിക്കാൻ വേനലിൽ കുളിരേകാൻ ആരോഗ്യപരമായി ചിന്തിക്കുവാനുള്ള സമയമാണിത്.

ചൂടുകാലത്തിന്റെ അനന്തരഫലങ്ങൾ:

1.**നിർജ്ജലീകരണം:**
ഉയർന്ന താപനില അമിതമായ വിയർപ്പിന് കാരണമാകും. ആവശ്യത്തിന് ദ്രാവകങ്ങൾ കുടിച്ചില്ലെങ്കിൽ അത് നിർജ്ജലീകരണത്തിന് കാരണമാകും.

2.**സൂര്യാഘാതം:**
ഉയർന്ന താപനിലയിൽ ദീർഘനേരം എക്സ്പോഷർ ചെയ്യുന്നത് ഹീറ്റ്സ്ട്രോക്കിന്/സൂര്യാഘാതത്തിന് കാരണമാകും. അത് ജീവന് ഭീഷണിയാകുന്ന അവസ്ഥയാണ്.

3.**സൂര്യതാപം:**
സൂര്യനിൽനിന്നുള്ള അൾട്രാവയലറ്റ് രശ്മികൾ സൂര്യതാപം, ത്വക്ക് രോഗങ്ങൾ എന്നിവയ്ക്ക് കാരണമാകും.

4.**താപക്ഷീണം:**
ചൂടുള്ള കാലാവസ്ഥയിലെ ശാരീരിക പ്രവർത്തനങ്ങൾ ക്ഷീണത്തിന് കാരണമാകും.

5. **രോഗാവസ്ഥകൾ:**
വേഗത്തിൽ പെരുകുകയും ഭക്ഷണത്തിലൂടെയും ജലത്തിലൂടെയും പകരുന്ന രോഗങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്ക് സാധ്യത കൂടുതലാണ് ചൂടുകാലം.

ചൂടുകാലത്തെ പ്രതിരോധിക്കാനുള്ള പരിഹാര നിർദ്ദേശങ്ങൾ

1.ധാരാളം വെള്ളം കുടിക്കുക. ഒരു ദിവസം 2.5-4 ലിറ്റർ വെള്ളമെങ്കിലും കുടിക്കണം. ഓരോ വ്യക്തിയും എത്രത്തോളം വെയിൽ/ചൂട് കൊള്ളുന്നു എന്നതിനനുസരിച്ച് വെള്ളത്തിന്റെ അളവിൽ വ്യത്യാസം വരുത്തേണ്ടതാണ്.

2.മോരിൻവെള്ളം, കരിക്കിൻവെള്ളം, നാരങ്ങാവെള്ളം, പഴച്ചാറുകൾ തുടങ്ങിയ പ്രകൃതി പാനീയങ്ങൾ കൂടുതൽ ഉപയോഗിക്കുക.

3.തണ്ണിമത്തൻ, ഓറഞ്ച്, മുന്തിരി, മാമ്പഴം തുടങ്ങിയ പഴങ്ങൾ, കൂടു

തൽ വെള്ളമടങ്ങിയ കുമ്പളങ്ങ, മത്തങ്ങ, വെള്ളരിക്ക എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക.

4.സൂര്യപ്രകാശം തട്ടാതിരിക്കാൻ കോട്ടൺ ആയിട്ടുള്ള അയഞ്ഞ വസ്ത്രങ്ങൾ ധരിക്കുക. വിയർപ്പുള്ള വസ്ത്രങ്ങൾ ഇടയ്ക്ക് മാറ്റുന്നതും, ദിവസത്തിൽ രണ്ടു പ്രാവശ്യമെങ്കിലും കുളിക്കുന്നത് ഉചിതമായിരിക്കും.

5.വാഹനങ്ങൾ തണൽ നോക്കി പാർക്ക് ചെയ്യുക. വെയിലത്ത് പാർക്ക് ചെയ്താൽ പ്രവേശിക്കുന്നതിനു മുൻപ് ഗ്ലാസ്സുകൾ തുറന്നിട്ട് കൂൾ ആയതിനുശേഷം വണ്ടിയിൽ കയറുക.

6.പുറത്തു പോകുമ്പോൾ നിർദ്ദേശിച്ചിട്ടുള്ള സൺസ്ക്രീൻ മാത്രം ഉപയോഗിക്കുക.

7.വെയിലിന്റെ കാഠിന്യം കൂടുതലുള്ള 11 നും 3 നും ഇടയ്ക്ക് കഴിവതും പുറത്തിറങ്ങാതിരിക്കുക. പ്രത്യേകിച്ച് കുട്ടികളെ വെയിലത്ത് പുറത്ത് കളിക്കാൻ വിടാതിരിക്കുക.

8.കഫീൻ, കോള തുടങ്ങിയ ദ്രാവകങ്ങൾ, ലഹരിപാനീയങ്ങൾ ഇവയുടെ ഉപയോഗം കുറയ്ക്കുക.

9.പുറത്ത് പോകുമ്പോൾ സൺഗ്ലാസ്സുകൾ, തൊപ്പികൾ, കുടകൾ പോലുള്ള സംരക്ഷണ വസ്തുക്കൾ ഉപയോഗിക്കുക.

10.വീടിനകത്ത് വായുസഞ്ചാരം ഉറപ്പു വരുത്തുക. ജനലുകളും വാതിലുകളും തുറന്നിടുക.

11. വെയിലേറ്റ് ജോലി ചെയ്യുന്നവർ ഇടയ്ക്കിടെ നല്ല തണുത്ത വെള്ളത്തിൽ കണ്ണുകൾ കഴുകുന്നത് നല്ലതായിരിക്കും.

12.ദാഹം തോന്നുന്നില്ലെങ്കിലും ദിവസം മുഴുവനും ധാരാളം ദ്രാവകങ്ങൾ കുടിക്കുക. കുടിക്കുന്ന വെള്ളം ശുദ്ധജലമാണെന്ന് ഉറപ്പു വരുത്തണം.

വേനൽക്കാലം സന്തോഷപ്രദമാക്കാൻ പരിഹാര നിർദ്ദേശങ്ങളും നുറുങ്ങുവഴികകളും പരിശീലിക്കുക. വേനൽച്ചൂടിനെ നേരിടാൻ വേണം ജാഗ്രതയും മുൻകരുതലും.

കവിത

മാതൃത്വം

പ്രേമ സിറിൽ
കാക്കനാട്



അതൃപ്തമാം ജീവിത ഭാവങ്ങൾ ഓരോന്നും
പരാതികളോരോ പരിദേവനങ്ങളായ്
നൈരാശ്യമതിന്റെ
കരാളഹസ്തങ്ങളാൽ
കാർമേഘതുല്യമായ് മനം
നിറഞ്ഞിടുന്നു
നിമിഷങ്ങൾതൻ ദൈർഘ്യം
സംവത്സരങ്ങളാകവേ
തുഴ പോയൊരെൻ നൗക കര
കാണാതുഴലവേ
മനസ്സു മന്ത്രിച്ചു മതിയാക്കീടുക
വലിച്ചു നീട്ടുവതെന്തിനീ ജന്മം
ഒരു മാത്ര മുൻപേ തീർത്തിടുക നീ
ഒരു വേള മുൻപേ യാത്രയായീടുക
ചിന്തകൾ പൂർണ്ണരൂപം പ്രാപിക്കവേ
തപ്ത വികാരങ്ങൾ വിവേകത്തെ മൂടവേ
എൻ കൈയിലമരുന്നതേതു മൃദുസ്പർശം
എന്നെ പുണരുവതേതു കരസ്പർശം
എൻ മുഖമുയർത്തുന്നൊരാ കുഞ്ഞു
കൈത്തലം
മാറോടു ചേർത്തു ഞാൻ ഇറുകേ
പുണർന്നു പോയ്..
മനസ്സുടൻ മന്ത്രിച്ചു; ജന്മജന്മാന്തരങ്ങൾ
ജീവിച്ചു തീർക്കണം പൊന്നോമനയ്ക്കായി...

യുവാക്കളിലെ വർധിച്ചുവരുന്ന ലഹരി ഉപയോഗം: ചില യാഥാർത്ഥ്യങ്ങൾ

ഡോ. ജസ്റ്റിൻ ജോർജ്
അസിസ്റ്റന്റ് പ്രൊഫസർ
സെന്റ്. പോൾസ് കോളേജ്,
കളമശ്ശേരി

സമീപ വർഷങ്ങളിൽ, കേരളത്തിലെ യുവാക്കൾക്കിടയിൽ നിരോധിതമായ ലഹരിമരുന്നുകൾ പ്രത്യേകിച്ചും സിന്തറ്റിക് ലഹരിയുടെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് വലിയ ആശങ്കയായി മാറിയിരിക്കുന്നു. സമപ്രായക്കാരുടെ സമ്മർദ്ദം, ലഹരിപദാർത്ഥങ്ങളുടെ എളുപ്പത്തിലുള്ള ലഭ്യത, മാത്രമല്ല ലഹരിയുടെ ഉപയോഗത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ചു കൃത്യമായ ധാരണ ഇല്ലാത്തതും ഈ രീതിയിലെ ലഹരി ഉപയോഗത്തിന് കാരണമാകുന്നു. ലഹരി ഉപയോഗത്തിന്റെ അനന്തരഫലങ്ങൾ വ്യക്തിക്ക് പുറത്തേക്കു വ്യാപിക്കുന്ന ഒന്നാണ്, കുടുംബങ്ങളുടെ ശിഥിലീകരണത്തിനും, സമൂഹത്തിന്റെ വളർച്ചയെ പിറകിലേക്ക് നയിക്കുന്നതിനും കാരണമാകുന്ന ഒന്നാണ്.

യുവാക്കൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ ആഴത്തിൽ മനസ്സിലാക്കിയാൽ മാത്രമേ അതിനെ വേരോടെ പിഴുതെറിയാൻ പറ്റുകയുള്ളൂ. മാറിയ സാമൂഹിക, കുടുംബ പശ്ചാത്തലങ്ങൾ ആണ് പ്രധാന കാരണം. അതിന്റെ ഫലമായി ഇന്ന് യുവാക്കൾ പതിയെ സാമൂഹിക കുടുംബ അന്തരീക്ഷങ്ങളിൽ നിന്ന് മാറുകയോ, മാറ്റപ്പെടുകയോ ചെയ്യുന്നത് ലഹരി ഉപയോഗത്തിന് കാരണമാകുന്നുണ്ട്. വലിയ കുടുംബങ്ങളിൽ നിന്നു ചെറിയ കുടുംബത്തിലേക്കുള്ള മാറ്റങ്ങളും, സമൂഹത്തിന്റെ പല പ്രവർത്തനങ്ങളിലേക്കും കാര്യമായി യുവാക്കൾക്ക് അവസരം ലഭിക്കാത്തതും ലഹരി ഉപയോഗത്തിന്റെ വ്യാപനത്തിന് കാരണമാകുന്നുണ്ട്. സമപ്രായക്കാരുടെ ലഹരി ഉപയോഗിക്കാനുള്ള സമ്മർദ്ദം എടുത്തു പറയേണ്ട ഒന്നാണ്. പല കൗമാരക്കാരും തങ്ങളുടെ സുഹൃദ് ബന്ധങ്ങളിൽ നിന്ന് ഒഴിവാക്കപ്പെടുമോ എന്ന ഭയം നിമിത്തം ലഹരി പരീക്ഷിക്കുന്നതിന് കാരണമാകുന്നു. കൂടാതെ അക്കാദമിക് സമ്മർദ്ദം, കുടുംബ കലഹങ്ങൾ, കൗമാര കാലത്തെ വൈകാരിക പ്രശ്നങ്ങൾ എന്നിവ യുവാക്കളെ ലഹരി ഒരു പ്രതിരോധ സംവിധാനമായി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നു.

ലഹരി ഇന്ന് വളരെ പെട്ടെന്ന് ലഭിക്കുന്ന ഒന്നായി മാറിക്കഴിഞ്ഞു. മാത്രമല്ല മാധ്യമങ്ങളുടെയും പോപ്പ് സംസ്കാരത്തിന്റെയും സ്വാധീനം, സിനിമകൾ, ഡി.ജെ. പാർട്ടികൾ, സംഗീതം, സോഷ്യൽ മീഡിയ എന്നിവ പലപ്പോഴും ലഹരി ഉപയോഗത്തെ ഗ്ലാമറൈസ് ചെയ്യുന്നു. പക്ഷേ ലഹരി ഉപയോഗിക്കുന്നവരുടെ കഷ്ടതകളും, അവശതകളും കാര്യമായി ചർച്ച ചെയ്യാതെയും പോവുന്നു. മാറിവരുന്ന കുടുംബ പശ്ചാത്തലങ്ങൾ ലഹരി ഉപയോഗത്തിന് കാരണമാകുന്നു. ഒരു യുവാവ് ലഹരിക്ക് അടിമപ്പെടുമ്പോൾ ആ വ്യക്തിയെ മാത്രമല്ല ബാധിക്കുന്നത്. മുഴുവൻ കുടുംബവും അതിന്റെ കഷ്ടതകൾ അനുഭവിക്കുകയും മാത്രമല്ല, വൈകാരികമായും സാമ്പത്തികമായും പലവിധത്തിലുള്ള കഷ്ടതകൾ ഈ കുടുംബങ്ങൾ നേരിടേണ്ടി വരികയും ചെയ്യുന്നു. ലഹരിയുടെ ഉപയോഗത്തിന്റെ ഫലമായുണ്ടാകുന്ന കുടുംബത്തിന്റെ വൈകാരിക ക്ലേശങ്ങൾ എടുത്തു പറയേണ്ട ഒന്നാണ്. ലഹരിയുടെ ഭാഗമായുണ്ടാകുന്ന ആസക്തിയുടെ ചികിത്സ സാമ്പത്തിക ഭാരം, (പുനരധിവാസം, തെറാപ്പി, മെഡി

പല കൗമാരക്കാരും തങ്ങളുടെ സുഹൃദ് ബന്ധങ്ങളളിൽ നിന്ന് ഒഴിവാക്കപ്പെടുമോ എന്ന ഭയം നിമിത്തം ലഹരി പരീക്ഷിക്കു ന്നതിന് കാരണമാകു ന്നു. കൂടാതെ അക്കാ ദമിക് സമ്മർദ്ദം, കുടുംബ കലഹങ്ങൾ, കൗമാര കാലത്തെ വൈകാരിക പ്രശ്ന ങ്ങൾ എന്നിവ യുവാക്കളെ ലഹരി ഒരു പ്രതിരോധ സംവിധാനമായി ഉപ യോഗിക്കാൻ പ്രേരി പ്പിക്കുന്നു.

ക്കൽ പരിചരണം) കൂട്ടുകയും കുടുംബവിഭവങ്ങൾ ഇല്ലാതാക്കു ന്നതിനും കാരണമാകുന്നു. ലഹരി ഉപയോഗത്തിന്റെ ഭാഗമായി കുടുംബങ്ങൾ പലതരത്തിലുള്ള സാമൂഹികമായ നാണക്കേടു കൾക്കും ഒറ്റപ്പെടലുകൾക്കും കാര ണമാകുന്നു. ലഹരിയുടെ ഉപ യോഗം പകർച്ചവ്യാധി പോലെ സംഭവിക്കുന്ന ഒന്നാണ്. ഒരു കുടുംബത്തിൽ മാതാപിതാക്കളോ മുതിർന്ന സഹോദരന്മാരോ മയ ക്കുമരുന്ന് ഉപയോഗിക്കുകയാ ണെങ്കിൽ, ചെറിയ കുട്ടികൾ അതിനെ അനുകരിക്കുകയും ലഹരിയുടെ ഉപയോഗത്തിന്റെ തുടർച്ച സംഭവിക്കുകയും ചെയ്യും.

ലഹരിയുടെ ഈ സാമൂ ഹിക പ്രതിസന്ധി പരിഹരിക്കുന്ന തിന്, കുടുംബങ്ങൾ, സ്കൂളുകൾ, സർക്കാരുകൾ എന്നീ ഘടകങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ബഹു മുഖ സമീപനം ആവശ്യമാണ്. ഒന്ന്: മാതാപിതാക്കളുടെ ഇടപെ ടൽ ആണ്. മാതാപിതാക്കൾ കുട്ടി കളുമായി തുറന്ന ആശയവിനി മയം നടത്തുകയും ലഹരിയുടെ അപകടങ്ങളെക്കുറിച്ച് അവരെ ബോധവത്കരിക്കുകയും അവ രുടെ സാമൂഹിക പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും വേണം. രണ്ട്, സ്കൂൾ, കോളേജ് അധികൃതർ നിരവധി ബോധവൽകരണ പരിപാ ടികൾ നടത്തേണ്ടതുണ്ട്. ലഹരി വസ്തുക്കളുടെ ദുരുപയോഗ ത്തിന്റെ പല അപകടസാധ്യതകൾ ഉയർത്തിക്കാട്ടുകയും, പ്രശ്നപരി ഹാരങ്ങൾ നിർദ്ദേശിക്കുകയും വേണം. മൂന്ന്, സാമൂഹികമായ ഇട പെടൽ, ആസക്തി ബാധിച്ച യുവാ ക്കൾക്കും കുടുംബങ്ങൾക്കുമായി പ്രാദേശിക സാമൂഹിക സംഘടന കൾക്ക് ശിൽപശാലകളും പിന്തുണ ഗ്രൂപ്പുകളും സംഘടിപ്പിക്കാൻ കഴി യും.

യുവാക്കൾക്കിടയിൽ മയ ക്കുമരുന്ന് ഉപയോഗം വർദ്ധിക്കു ന്നത് വ്യക്തിഗത ക്ഷേമത്തെയും കുടുംബ സ്ഥിരതയെയും ഭീഷണി പ്പെടുത്തുന്ന ഒരു അടിയന്തര പ്രശ്നമാണ്. ഈ പ്രവണതയിൽ സമപ്രായക്കാരുടെ സമ്മർദ്ദം, പ്രവേശനക്ഷമത എന്നിവ പ്രധാന പങ്ക് വഹിക്കുമ്പോൾ, ശക്തമായ കുടുംബ പിന്തുണ, വിദ്യാഭ്യാസം, നയപരമായ മാറ്റങ്ങൾ എന്നിവ പ്രശ്നം ലഘൂകരിക്കാൻ സഹായി ക്കും. ഒരുമിച്ച് പ്രവർത്തിക്കുന്നതി ലൂടെ, കുടുംബങ്ങൾക്കും അധ്യാപ കർക്കും നയരൂപകർത്താക്കൾക്കും യുവജനങ്ങൾക്ക് സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കാനും ലഹരി ഉപയോഗത്തിന്റെ വിനാശ കരമായ പ്രത്യാഘാതങ്ങൾ തട യാനും കഴിയും.

ജീവദീപ്തി

കുറവുകളെ നിറവുകളാക്കുന്നവർ

ഫാ. പോൾസൺ കുന്നപ്പിള്ളി SDB

എട്ടു വയസ്സുള്ള ടോമി സ്കൂളിൽ നിന്ന് വീട്ടിൽ വന്നത് ഒരു കത്തുമായിട്ടായിരുന്നു. ആ കത്ത് അമ്മയുടെ കൈയിൽ കൊടുത്തിട്ട് അവൻ പറഞ്ഞു: "എന്റെ അധ്യാപിക അമ്മയുടെ കൈയിൽ കൊടുക്കണമെന്ന് പറഞ്ഞ് തന്നുവിട്ടതാണ്." കത്തിലെ ഉള്ളടക്കം അമ്മ ഉറക്കെ വായിച്ചു കേൾപ്പിച്ചു. അപ്പോൾ അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നു, "നിങ്ങളുടെ മകൻ ടോമി ഒരു ജീനിയസ്സാണ്. ഈ സ്കൂൾ അവന് പറ്റിയതല്ല. അവനെ പരിശീലിപ്പിക്കാൻ പര്യാപ്തരായ അധ്യാപകർ ഇവിടെയില്ല. അതിനാൽ നിങ്ങൾ തന്നെ അവനെ പഠിപ്പിക്കുക." ഭിന്നശേഷിക്കാരനായ മകനെ പഠിപ്പിക്കുന്നതിന്റെ ഉത്തരവാദിത്തം അമ്മ ഏറ്റെടുത്തു. ഈ ബാലനായിരുന്നു പിന്നീട് ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ശാസ്ത്രജ്ഞന്മാരിൽ ഒരാളായി വളർന്ന തോമസ് ആൽവാ എഡിസൺ.

വർഷങ്ങൾക്കുശേഷം തോമസ് എഡിസൺ വീട്ടിലെ പുരാതന വസ്തുക്കൾ പരിശോധിച്ചുകൊണ്ടിരിക്കുമ്പോൾ യാദൃച്ഛികമായി ഒരു കത്ത് കൈയിൽ കിട്ടി. അതിങ്ങനെയായിരുന്നു:
"നിങ്ങളുടെ മകൻ ഒരു മണ്ടനാണ്. അവനു പറ്റിയ സ്കൂൾ ഇതല്ല. എത്രയും വേഗം അവനെ ഇവിടെനിന്ന് കൊണ്ടുപോകണം."
ഈ കത്ത് വായിക്കുമ്പോൾ അദ്ദേഹം വികാരാധീനനായി. അമ്മ കത്തിലെ യഥാർത്ഥ ഉള്ളടക്കം മറച്ചുവച്ച് മകന് ആത്മധൈര്യം പകരുന്ന വാക്കുകളാണ് പറഞ്ഞത്. പഠനത്തിൽ ഭിന്നശേഷിക്കാരാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അമ്മ മകനിൽ പാകിയ ആത്മധൈര്യമാണ് തോമസ് എഡിസൺ എന്ന മഹാശാസ്ത്രജ്ഞന്റെ വളർച്ചക്ക് പിന്നിൽ പ്രവർത്തിച്ചത്.

"ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ
ഊഞ്ഞാലാക്കിത്തീർക്കാൻ അഴിഞ്ഞാലല്ലേ ജയം."

പ്രസാദാത്മകതയുടെ കവിയായ വൈലോപ്പിള്ളി ശ്രീധരമേനോൻ ഒരു കഷണം കയറിന്റെ രണ്ടു സാധ്യതകളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഒന്നുകിൽ ആ കയറിനെ ഊഞ്ഞാലാക്കി ഉല്ലാസത്തിന്റെ ഉപകരണമാക്കാം. അതല്ലെങ്കിൽ അതിനെ ഒരു കൊലക്കുടുക്കാത്തി ജീവനെ ഹനിക്കുന്ന ഒരു വസ്തുവാക്കാം. ഡിസ്ലെക്സിയ പോലുള്ള പഠന വൈകല്യമുള്ള കുട്ടികളിൽ ചിലർ അവരിൽ അന്തർലീനമായ കഴിവുകൾ കണ്ടെത്തി ജീവിതത്തിൽ പ്രശോഭിക്കുന്നവരായിത്തീരുന്നു. മറ്റുള്ളവർ നേരെ വിപരീതപാതയിൽ കുടുംബത്തിനും സമൂഹത്തിനും പ്രശ്നക്കാരായി മാറുന്നതും നമുക്ക് കാണാം.

റിച്ചാർഡ് ബ്രാൻസൺ പഠന വൈകല്യമുള്ള കുട്ടികൾക്ക് ഒരു റോൾമോഡലാണ്, ഡിസ്ലെക്സിയ എന്ന പഠനവൈകല്യമാണ് ബ്രാൻസന് വിദ്യാഭ്യാസം ഒരു ബാലികേറാമലയാക്കിയത്. "പഠനം എനിക്ക് എന്നും ഒരു പ്രശ്നമായിരുന്നു. എട്ടാമത്തെ വയസ്സിലും അക്ഷരങ്ങൾ കൂട്ടിവായിക്കാൻ എനിക്കറിയുമായിരുന്നില്ല." തന്റെ ആത്മകഥയിൽ അദ്ദേഹം എഴുതി, അദ്ദേഹത്തെ ബാധിച്ചിരുന്ന ഹ്രസ്വദൃഷ്ടിയും പഠനകാര്യങ്ങളിൽ കാര്യമായ ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. രണ്ടു സെമസ്റ്ററുകൾ കഴിഞ്ഞപ്പോഴാണ് കണ്ണ് ടെസ്റ്റ് ചെയ്യേണ്ടതിന്റെ ആവശ്യകത അധ്യാപകർ മനസ്സിലാക്കുന്നത്. കാഴ്ചയുടെ പ്രശ്നം പരിഹരിച്ചെങ്കിലും അക്ഷരങ്ങളും അക്കങ്ങളും അദ്ദേഹത്തിന് അർത്ഥരഹിതമായി തുടർന്നു. ക്ലാസ്സിൽ അധ്യാപകർ കൊടുത്തിരുന്ന പ്രവൃത്തികൾ ചെയ്യാൻ കഴിയാതിരുന്നതുമൂലം ആഴ്ചയിൽ ഒന്നിലധികം പ്രാവശ്യം ബ്രാൻസന് അടി കിട്ടുമായിരുന്നു. മാത്രമല്ല ചരിത്രം പഠിക്കുമ്പോൾ തീയതികൾ തിരിച്ചറിയാനും ഓർത്തിരിക്കുവാനും പ്രയാസമായിരുന്നു. തന്റെ നിശ്ചയാർഢ്യവും കഠിനാധ്വാനവും കൊണ്ട് ഡിലെക്സിയയുടെ പരിമിതികളെ അതിജീവിക്കുവാൻ ബ്രാൻസനു സാധിച്ചു. അദ്ദേഹം ഇന്ന് ശതകോടീശ്വരനും ബഹിരാകാശ ടൂറിസം കമ്പനിയായ വിർജിൻ ഗലാക്ടിക് ഉൾപ്പെടെ നാനൂറിലധികം കമ്പനികളുടെ ഉടമയുമാണ്.

എന്നാൽ ബ്രാൻസനെപ്പോലെ ഭാഗ്യവാനായിരുന്നില്ല അദ്ദേഹത്തിന്റെ സമകാലികനായ സൽവത്തോരെ ഗ്രവാനോ. ഡിസ്ലെക്സിയമൂലം ഭിന്നശേഷിക്കാരനായിരുന്ന വ്യക്തിയായിരുന്നു സാൽവത്തോരെ ഗവാനോ എന്ന അമേരിക്കക്കാരൻ. 1945 ൽ ബ്രൂക്ലിനിൽ ജനിച്ച സാൽവത്തോരെ ഡിസ്ലെക്സിക്കായിരുന്നു. അക്ഷരങ്ങളും അക്കങ്ങളും തിരിച്ചറിയാൻ ഈ കുട്ടിക്കാവുമായിരുന്നില്ല. കൂട്ടുകാരിൽ നിന്നും അവനു കിട്ടിയത് പ്രോത്സാഹനത്തിനു പകരം അവഹേളനമായിരുന്നു. എട്ടാമത്തെ വയസ്സിൽ അവൻ മോഷണം ശീലമാക്കി. തന്നെ കളിയാക്കിയ കൂട്ടുകാരെ അവൻ കായികമായി ത്തന്നെ നേരിട്ടു. ക്രമേണ അവൻ

റാംപേഴ്സ് എന്നു പേരുള്ള കുപ്രസിദ്ധ ഗാങ്ങിൽ അംഗമാവുകയും കവർച്ചകളിലും കാറുകൾ മോഷ്ടിച്ച് വിൽക്കുന്നതിലും പങ്കാളിയായി.

തന്റെ മാതാപിതാക്കന്മാരെക്കുറിച്ചു മോശമായി സംസാരിച്ചു എന്നാരോപിച്ച് പ്രിൻസിപ്പലിനെ മർദ്ദിച്ചതിനെ തുടർന്ന് സ്കൂൾ വിടേണ്ടി വന്ന ഗ്രവാനോ മറ്റൊരു സ്കൂളിൽ പഠനം തുടർന്നു. ഇവിടെയുള്ള അധ്യാപകർക്കും അവന്റെ അടിസ്ഥാന പ്രശ്നം ഡിസ്ലെക്സിയ ആണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞില്ല. പഠിക്കാൻ കഴിവില്ലാത്ത കുട്ടിയെന്ന് അവനെ മുദ്രകുത്തി. പതിനാറു വയസ്സായപ്പോൾ സ്കൂൾ അധികൃതർ ആ സ്കൂളിൽ നിന്നും അവനെ പുറത്താക്കി. മാഫിയ അണ്ടർ ബോസ്സായിരുന്ന ഗ്രവാനോ 19 കൊലക്കേസുകളിലും വൻതോതിലുള്ള മയക്കുമരുന്ന് കേസുകളിലും പിടിക്കപ്പെട്ടു. 20 വർഷത്തോളം ജയിലിൽ കിടന്നു.

കുട്ടികൾ പഠിക്കുന്നില്ല, അക്ഷരത്തെറ്റ് വരുത്തുന്നു, കണക്കു കൂട്ടാൻ അറിയില്ല, ക്ലാസ്സിൽ ഉഴപ്പാണ് എന്നിങ്ങനെ പരാതി പറയുന്ന മാതാപിതാക്കന്മാർ അറിഞ്ഞിരിക്കേണ്ട ഒരു കാര്യമുണ്ട്. നിങ്ങളുടെ കുട്ടിക്ക് ലേണിങ്ങ് ഡിസെബിലിറ്റി അതായത് പഠന വൈകല്യങ്ങൾ ഉണ്ടായിരിക്കാൻ സാധ്യതയുണ്ട്. പഠന വൈകല്യമുണ്ടെന്നു കരുതി കുട്ടികളെ മണ്ടന്മാരെന്നു വിധിയെഴുതുവാൻ വരട്ടെ. ചരിത്രത്തിൽ നിർണ്ണായകമായ ചില നേട്ടങ്ങൾ കൈവരിച്ച പല വ്യക്തികളും പഠന വൈകല്യം ഉണ്ടായിരുന്നവരായിരുന്നു. റിച്ചാർഡ് ബ്രാൻസൺ, ആൽബർട്ട് ഐൻസ്റ്റീൻ, ജോർജ്ജ് വാഷിംഗ്ടൺ, സ്റ്റീഫൻ സ്പിൽബർഗ്, ആഗതക്രിസ്റ്റി, സ്റ്റീവ് ജോബ്സ്... ഈ പട്ടിക നീണ്ടുപോകും. ഡിസ്ലെക്സിയ, ഡിസ്ഗ്രാഫിയ, ഡിസ്കാൽകുലിയ എന്നിവയാണ് പൊതുവെ കണ്ടുവരുന്ന പഠന വൈകല്യങ്ങൾ. പഠന വൈകല്യമുള്ള കുട്ടികളുടെ തലച്ചോറിലെ കോശങ്ങൾ സാധാരണ കുട്ടികളുടേതിൽനിന്നും വ്യത്യസ്തമായിട്ടാണ് കാണുന്നത്. ജനിതകവും പരിസ്ഥിതിപരവുമായ കാരണങ്ങൾകൊണ്ട് ഇത് സംഭവിക്കാവുന്നതാണ്. കുടുംബത്തിൽ ആർക്കെങ്കിലും പഠനവൈകല്യമുണ്ടെങ്കിൽ പാരമ്പര്യമായി അടുത്ത ബന്ധുക്കൾക്ക് കിട്ടുവാനുള്ള സാധ്യത കൂടുതലാണ്. പെൺകുട്ടികളെ അപേക്ഷിച്ച് ആൺകുട്ടികളിലാണ് പഠനവൈകല്യങ്ങൾ കൂടുതലായി കണ്ടുവരുന്നത്. അപകടവും രോഗവുംകൊണ്ട് തലച്ചോറിനുണ്ടാകുന്ന ക്ഷതങ്ങൾ, ഗർഭകാലത്തും പ്രസവത്തിലും ഉണ്ടാകുന്ന അണുബാധ, മരുന്നുകളുടെ ഉപയോഗം, പോഷകാഹാരക്കുറവ് എന്നിവയും ഈ അവസ്ഥയ്ക്ക് കാരണമാകാം.

പഠനത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടത് സ്നേഹവും, പ്രോത്സാഹനവും, പിന്തുണയുമാണ്. അത് ആ കുട്ടികൾക്ക് ആത്മവിശ്വാസവും പ്രതികൂല സാഹചര്യങ്ങളിലും പതറാതെ മുന്നോട്ടു പോകുവാനുള്ള ധൈര്യവും നൽകുന്നു. സ്വയം സഹായിക്കുവാൻ അവരെ കെൽപ്പുള്ളവരാക്കുകയാണ് പരമപ്രധാനം. മാതാപിതാക്കന്മാർ, അധ്യാപകർ എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്തമെന്നത് അവർ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുവാൻ വേണ്ട സാമൂഹികവും വൈകാരികവുമായ കഴിവുകൾ അവർക്ക് നൽകുകയെന്നതാണ്.

പഠനവൈകല്യമായിരിക്കരുത് നിങ്ങളുടെ കുട്ടിയെ നിർവചിക്കുന്ന ഘടകം. അത് ആ കുട്ടിയുടെ ഒരു കുറവായിരിക്കാം. പക്ഷേ മറ്റേന്തെല്ലാം കഴിവുകളാണ് ദൈവം ആ കുഞ്ഞിന് നൽകിയിരിക്കുന്നത്! അവരുടെ നൈസർഗ്ഗികമായ കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കുക, സംഗീതം, ശിൽപകല, സ്പോർഡ്സ്, അഭിനയം, സയൻസ് എന്നിങ്ങനെ എത്രയോ വിഷയങ്ങളിൽ അവർക്ക് ശോഭിക്കുവാൻ സാധിക്കും! റിച്ചാർഡ് ബ്രാൻസൺ, ആൽബർട്ട് ഐൻസ്റ്റൈൻ, ജോർജ് വാഷിംങ്ടൺ, സ്റ്റീഫൻ സ്പീൽബർഗ്, ആഗത ക്രിസ്റ്റി, സ്റ്റീവ് ജോബ്സ് മുതലായ പ്രതിഭകൾ ഈ മേഖലയിൽ നമുക്കെന്നും പ്രചോദനം നൽകുന്നു.

Ooooo..... oxytocin

Tintu Soni,
counseling psychologist
Green Brain counseling centre

അമ്മേ.. നമുക്ക് കുഞ്ഞാന്റീടെ വാവയെ കാണാൻ പോകാം. കുഞ്ഞാവയെ ഓർക്കുമ്പോൾ തന്നെ വീണ്ടും വീണ്ടും കാണാൻ തോന്നുന്നു. എന്തു *Soft* ആണല്ലേ അമ്മേ കുഞ്ഞാവ..'

പോകാം കുട്ടാ.. രണ്ടു ദിവസം മുൻപല്ലേ നമ്മൾ പോയേ...'

അമ്മയുടെയും കുഞ്ഞിക്കുട്ടന്റെയും സംഭാഷണം കേട്ടു കൊണ്ടാണ് കുഞ്ഞിക്കുട്ടന്റെ ചേട്ടന്റെ വരവ്. ക്രിക്കറ്റ് ബാറ്റ് തോളിലേറ്റി വരുന്ന പഠിപ്പി ചേട്ടന്റെ ചോദ്യം വളരെ പെട്ടെന്നായിരുന്നു.

'പറ, കുഞ്ഞി കുട്ടാ, സ്പർശനം കൊണ്ടും *eye contact* കൊണ്ടും നമ്മളിൽ ഉത്തേജിപ്പിക്കപ്പെടുന്ന ഹോർമോൺ?

കുഞ്ഞിക്കുട്ടൻ വാ പൊളിച്ചു കൊണ്ട് ഉത്തരം പറഞ്ഞു. ആ......

'*Oxytocin* അല്ലേ...?' അപ്പൻ *Score* ചെയ്തു.

Correct! അപ്പയ്ക്ക് 5 *Marks.*

ചുമ്മാതല്ല, കുഞ്ഞാവയെ ചേർത്ത് പിടിച്ച് അവന്റെ കണ്ണിൽ നോക്കി കുഞ്ഞാന്റി മിണ്ടിക്കൊണ്ടിരിക്കുന്നേ... അപ്പോ ഈ ഫോണിൽ തോണ്ടി കൊണ്ടിരിക്കുന്ന ചേച്ചിയുടെ *oxytocin* കൂടുവോ എന്തോ? കുഞ്ഞിക്കുട്ടന്റെ ചിന്തകൾക്ക് നീളം വച്ചു കൊണ്ടേയിരുന്നു.

തീരാത്ത തോണ്ടൽ യുഗം.

ഇൻസ്റ്റാഗ്രാം റീലുകളും യൂട്യൂബ് ഷോർട്സുകളുമായി ഒരു സാഹചര്യത്തിൽ നിന്ന് മറ്റൊരു സാഹചര്യത്തിലേയ്ക്ക് തോണ്ടി കളിച്ചു കൊണ്ടേയിരിക്കുക, സമയം പോകുന്നതറിയാതെ കണ്ണും നട്ടിരിക്കുക എന്നത് നമ്മുടെ *Brain*ന് ഭയാനകമായ *Damage* ആണ് കൊടുക്കുന്നത് എന്ന് നാമറിയുന്നില്ല. കുഞ്ഞിക്കുട്ടന്റെ സംശയപ്രകാരം അതൊരിക്കലും *Bonding chemicals* നെ രൂപപ്പെടുത്തുന്നില്ല പകരം നമ്മുടെ *Attention, Focus, Social connection* ഇവയെ ഇല്ലാതാക്കാനേ നോക്കുന്നുള്ളൂ. നമ്മുടെ മാതാപിതാക്കളുടെയും കൂട്ടുകാരുടെയും മുഖത്തു നോക്കി സംസാരി ക്കുകയും അവരോടു ചേർന്നിരുന്ന് സ്നേഹം പങ്കുവയ്ക്കുകയും ചെയ്തില്ലെങ്കിൽ *Virtual world* ൽ തന്നെ നമ്മൾ കുരുങ്ങി കിടന്നേക്കും. അതുകൊണ്ട് *For our better brain,* കൂട്ടുകാരേ *stop* തോണ്ടലിങ്ങ്.

Attention Economy

എന്താ ഇപ്പോ എന്റെ കൂട്ടുകാരേ പറയുക... നമ്മുടെ *Attention* ഒരു *product* ആക്കുന്ന തന്ത്രം *Social media*യിൽ ഉണ്ടെന്ന് പറഞ്ഞാൽ!

അല്ലേൽ വേണ്ട. നോക്കൂ എന്റെയും നിങ്ങളുടെയും *Algorithm* *Set* ആയ *Social media* ഒരു ആകാശം തന്നെ നിങ്ങളുടെ മുമ്പിൽ വിരിച്ചു വച്ചിട്ടുണ്ട്. അതിൽ നിങ്ങളുടെ ചിന്തകളും ഇഷ്ടങ്ങളും നോട്ടവും ഇരിപ്പും എല്ലാം *Set* ആണ്. നിങ്ങൾക്ക് ഇഷ്ടപ്പെടാൻ സാധ്യതയുള്ള, നിങ്ങളുടെ കണ്ണുടക്കുന്ന എല്ലാം തന്ന് നിങ്ങളുടെ ശ്രദ്ധയെ വ്യതിചലിപ്പിച്ച് നിങ്ങളുടെ സമയത്തിന്റെ ക്രമം തെറ്റിച്ച് നിങ്ങളുടെ ലക്ഷ്യം മാറ്റി ജീവിത താളത്തെ തന്നെ നശിപ്പിക്കാൻ തക്ക സാധ്യത ഇവയിലുണ്ട് എന്നൊക്കെ പറഞ്ഞ് *Neg* അടിക്കുവല്ല കേട്ടോ... ഒന്ന് *pause* ചെയ്തിട്ട് ചിന്തിച്ചേ... *Social media* ഉപയോഗം കൊണ്ട് എന്റെ ശ്രദ്ധ (പഠനത്തിൽ, സൗഹൃദങ്ങളിൽ, മൂല്യങ്ങളിൽ, കുടുംബത്തിൽ *etc.*) കൂടിയോ കുറഞ്ഞോ?

Pay Alttention to your Attention

ദേ.... അത്രേ ഉള്ളൂ....

Digital Minimalism

ഇതൊരുമാതിരി കട്ട ഉപദേശ ലൈനാണല്ലോ എന്ന് തോന്നുന്നുണ്ടോ? *AI* ഉപദേശം തരുന്നിടത്ത് *Digital minimalism* ഒരു പഴഞ്ചനാണെന്ന് തോന്നിയേക്കാം. പക്ഷേ ഇതതല്ല. പ്രായോഗികമായി *Social media* എങ്ങനെ ഉപയോഗിക്കാം എന്നാണ് നമ്മൾ ചിന്തിക്കേണ്ടത്. നമ്മുടെ സമയവും ബന്ധങ്ങളും ലക്ഷ്യങ്ങളും നഷ്ടപ്പെടുത്താതെ *Social media* യുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിൽ ആണ് നമ്മുടെ മിടുക്ക്.

ഈ നാളുകളിൽ ഒരുപാടു തവണ കൂട്ടുകാർ കേട്ട ഒരു വാക്കായിരിക്കും *'Brain Rot'* എന്നത്. *Screen time* ന്റെ അമിത ഉപയോഗം

മൂലം നമ്മുടെ മനസ്സും ശരീരവും ക്ഷയിക്കപ്പെടുന്ന ഒരവസ്ഥ തന്നെയായി നമുക്ക് *Brain Rot* നെ കാണേണ്ടിവരും.
Brain Rot ന് ഉദാഹരങ്ങൾ പറയാം

1. *Zombie scrolling*

സാധാരണ പോലെ *reels* കാണാൻ തുടങ്ങിയതായിരിക്കാം നിങ്ങൾ. കണ്ട് കണ്ട് നിയന്ത്രണം നഷ്ടപ്പെട്ട് നിർത്താനാവുന്നില്ല എന്നു മാത്രമല്ല; വികാരങ്ങളും ചിന്തകളും മരവിച്ച അവസ്ഥയും.

2. *Compulsive video gaming*

Games കളിച്ച് യഥാർത്ഥ ജീവിതത്തിൽ നിന്ന് അകന്ന് പോകുന്ന അവസ്ഥ. ഊണിലും ഉറക്കത്തിലും അല്ല ഉറക്കം തന്നെ നഷ്ടപ്പെട്ടു പോകുന്ന അവസ്ഥ. *Social connection* നഷ്ടപ്പെട്ട് *isolated* ആയി പോകുന്നു ഇക്കൂട്ടർ.

3. *Doom Scrolling*

നെഗറ്റീവ് വാർത്തകൾ കണ്ടുകൊണ്ടേയിരിക്കുക. അത് അവരെ വേദനിപ്പിക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്നു ണ്ടെങ്കിലും. *update* ചെയ്യാതെ വാർത്തകൾ നഷ്പ്പെടുമോ എന്ന ഭയം ആണ് ഉള്ളിൽ. *Negative* വാർത്തകൾ ഉണ്ടാക്കുന്ന *Stress* വേറെയും.

4. *Social media Addiction*

മിനിറ്റുകൾ ഇടവിട്ട് ഫോൺ ചെക്ക് ചെയ്തുകൊണ്ടിരിക്കും. ഏതു പ്രവൃത്തിയും എത്ര പ്രധാനപ്പെട്ടതാണെങ്കിലും ഫോണില്ലാതെ പറ്റില്ല.

പറഞ്ഞുവരുന്നത് *Social media* യുടെ അമിത ഉപയോഗം ശരിയായി ചിന്തിക്കുന്നതിൽ നിന്നും നമ്മുടെ വികാരങ്ങളെ കൃത്യമായി നിയന്ത്രിക്കുന്നതിൽ നിന്നും നമ്മെ തടസ്സപ്പെടുത്തുന്നുണ്ട് എന്ന് തന്നെയാണ്. വിവരമുള്ളവർ പറയുന്നത് നമ്മൾ ജീവിക്കുന്നത് ഇങ്ങനെയൊരു *world of Distraction* ൽ ആണെന്നാണ്. ശ്രദ്ധ ചിന്നി ചിതറിക്കിടക്കുന്ന ഒരു ലോകത്ത് അതിനെ ശരിയായ ദിശയിൽ കൊണ്ടുവരാൻ നമുക്ക് സാധിക്കും. *But How ? Social media Avoid* ചെയ്തോ? അല്ലേ ...അല്ല... നിങ്ങൾക്കറിയാം എന്നാലും ഞാൻ പറയാം

1. ഒരു കാര്യം *Social media* യിൽ *Search* ചെയ്യും മുൻപ് എന്താണ് കാണേണ്ടത്, അതിന്റെ *purpose*, എത്ര സമയം അതിനായി ചെലവഴിക്കണം? അതായത് *Specific* ആയിരിക്കണം. *clarity* ഉണ്ടാവണം. വാരി വലിച്ചല്ല *Search* ചെയ്യേണ്ടത്.

2. കാണുന്ന കാര്യങ്ങൾ *Note* ചെയ്യുന്നത്, അത് പിന്നീട് ക്രിയാത്മകമായി ഉപയോഗിക്കാൻ ശ്രമിക്കുന്നത് ഉദാഹരണത്തിന് നമ്മുടെ പഠനത്തിൽ, ശീലങ്ങളിൽ, മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കാൻ.

3. കൃത്യമായ *Screen time* വയ്ക്കുന്നത് ശീലമാക്കുക.

4. *outdoor game* കൾക്ക് പ്രാധാന്യം കൊടുക്കാം.

5. *Zudoku, Puzzles, Board games* ഇവ ഉൾപ്പെടുത്താം.

6. *Body movement* ന് പ്രാധാന്യം കൊടുക്കുക.

7. *No* പറയാൻ പരിശീലിക്കുക. എപ്പോഴും *pleasure* നോട് *Yes* പറഞ്ഞാൽ *Goal* നമ്മക്ക് നേടാനാവില്ല.

8. ചോദ്യങ്ങൾ ചോദിക്കുന്ന സ്വഭാവം രൂപപ്പെടുത്തുക. ഉദാഹരണത്തിന് ഈ കാണുന്നതിൽ എന്തുമാത്രം *Fact* ഉണ്ട്? ഇതൊക്കെ *Reality* യിൽ എങ്ങനെയാണ് തുടങ്ങി....

9. മറ്റുള്ളവരെ നേരിട്ടു കാണാനും സംസാരിക്കാനുമുള്ള സാഹചര്യങ്ങൾ കൂട്ടുക.

10. കാണുന്ന എന്തിനേയും കണ്ണുമടച്ചു വിശ്വസിക്കാതിരിക്കുക.

11. 5 ാശി മെഡിറ്റേഷൻ പരിശീലിക്കുക.

ചുരുക്കി പറഞ്ഞാൽ *Digital minimalism* എന്നൊക്കെ പറയുന്നത് നിങ്ങളുടെ *Digital* ലോകത്തെ ചുരുക്കലല്ല; പകരം നിങ്ങളുടെ യഥാർത്ഥ ലോകത്തെ വലുതാക്കലാണ്. ആ ലോകത്തിന് നിങ്ങളുടെ വൈകല്യമില്ലാത്ത ശ്രദ്ധ ആവശ്യമുണ്ട്.

The Solution to our online life is to get offline once in a while.

കുട്ടികളുടെ സംരക്ഷണത്തിന് നിയമങ്ങളേറെ, എങ്കിലും ഇരകളനവധി...

അഡ്വ. ഷെറി ജെ. തോമസ്

മണിക്കൂറുകളായി അവർ രണ്ടുപേരും പോലീസ് സ്റ്റേഷനു മുന്നിൽ കാത്തുനിൽക്കുകയാണ് അന്വേഷണ ഉദ്യോഗസ്ഥനെ കാണാൻ. അകത്ത് 17 വയസ്സുകാരനായ അവരുടെ മകൻ പോലീസ് കസ്റ്റഡിയിലാണ്. അവരുടെ കൂടെ മകൻ കസ്റ്റഡിയിൽ ആകാൻ കാരണമായ പരാതിക്കാരിയുടെ അച്ഛനും അമ്മയുമുണ്ട്. 17 വയസ്സുള്ള മകനും 17 വയസ്സുള്ള പെൺസുഹൃത്തും ഒരുമിച്ച് പഠിച്ചവരാണ്. സൗഹൃദം ഇടയ്ക്ക് എപ്പോഴോ വഴിവിട്ട ബന്ധത്തിൽ എത്തി. കൗൺസിലിങ്ങിനിടെ പെൺകുട്ടിക്ക് ശാരീരിക ബന്ധത്തിന്റെ വിവരങ്ങൾ പുറത്തു പറയേണ്ടി വന്നു. അങ്ങനെ വിവരം പോലീസ് സ്റ്റേഷനിൽ എത്തി. പോക്സോ നിയമപ്രകാരം പ്രതിയായി 17 കാരൻ അകത്ത്.

കുട്ടികൾ തമ്മിലുള്ള സൗഹൃദം മനസ്സിലായ പെൺകുട്ടിയുടെ അച്ഛനും അമ്മയും പരാതിയില്ല എന്ന് പറയാൻ വന്നതാണ് പോലീസ് സ്റ്റേഷനിൽ. അവരും മകളെ കോടതി കയറ്റാനും വിവരം കൂടുതൽ ആളുകൾ അറിയാനും താൽപ്പര്യപ്പെടുന്നില്ല. കുട്ടികൾ വിവാഹപ്രായമെത്തുമ്പോൾ അത് നടത്താനും വരെ അവർ തയ്യാറായി. പക്ഷേ നിയമപ്രകാരം ഇത്തരം സാഹചര്യങ്ങളിൽ കേസ് ഇല്ലാതെ വെറുതെ പോകാൻ പോലീസ് സ്റ്റേഷനിൽ നിന്ന് സാധ്യമല്ല. കാരണം പല ഔദ്യോഗിക കേന്ദ്രങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെട്ട് വന്ന കേസ് ആയതുകൊണ്ട് തന്നെ വാദിയും പ്രതിയും തമ്മിൽ ഒത്തുതീർപ്പായാൽ പോലും എഫ്ഐആർ പോലീസിന് ഇല്ലാതാക്കാൻ ആവില്ല. ഇങ്ങനെ ആളുകൾ ചിന്തിച്ചുതുടങ്ങിയാൽ നിയമത്തിന്റെ പരിധിയിൽനിന്ന് നിരവധി കുറ്റവാളികൾ രക്ഷപ്പെടുകയും ചെയ്യും.

വിവരമറിഞ്ഞിട്ടും പോലീസിൽ റിപ്പോർട്ട് ചെയ്യാൻ വൈകിയാൽ സ്കൂൾ അധികൃതർക്കെതിരെയും ക്രിമിനൽ കേസ് ഉണ്ടാകും. വാദിയുടെയും പ്രതിയുടെയും അച്ഛനമ്മമാർ പറഞ്ഞു ഞങ്ങൾക്ക് കേസ് വേണ്ട. പക്ഷേ ഇത് രാജ്യത്തിനെതിരായ, പൊതുധാർമ്മികത്ക്കെതിരായ കുറ്റമാണ് അങ്ങനെ സ്വകാര്യ അന്യായം പോലെ പിൻവലിക്കാൻ ആവില്ല. വനിതാ പേലീസ് മൊഴിയെടുക്കുമെന്നു പറഞ്ഞെങ്കിലും പെൺകുട്ടിയെ മൊഴി നൽകാൻ കൊണ്ടുവരില്ല എന്നായി കുട്ടിയുടെ അച്ഛൻ. എങ്കിൽ വീട്ടിൽ വന്ന് മൊഴിയെടുക്കുമെന്ന് പോലീസും. ഇനിയും പലരോടും വിഷയങ്ങൾ പറഞ്ഞ് പൊതുസമൂഹത്തിനുമുന്നിൽ അപഹാസ്യയാകാൻ മകളെ വിട്ടുതരില്ല എന്ന് അയാൾ തീർത്തുപറഞ്ഞു. സ്റ്റേഷനുള്ളിൽ അച്ഛന്റെ മനോവേദനയിൽ പൊതിഞ്ഞ വാഗ്വാദങ്ങളും മറുവശത്ത് ഔദ്യോഗിക നിലപാടുകളും. അവർക്ക് കേസില്ലെങ്കിൽ പിന്നെ നിങ്ങൾക്ക് എന്താ പോലീസേ എന്നായി കേട്ട് നിന്നവരുടയും ചിന്ത.

ഇങ്ങനെയാണ് പോക്സോ കേസുകൾ.

കുറ്റകൃത്യത്തെ പറ്റി അറിവ് കിട്ടിയാൽ നിർബന്ധമായും കേസ് രജിസ്റ്റർ ചെയ്യണം നടപടികൾ തുടരണം. ഇല്ലെങ്കിൽ അവരും നടപടികൾക്ക് വിധേയരാകേണ്ടിവരും. വാദിപ്രതികൾ തമ്മിൽ ഒത്തുതീർപ്പായ പല കേസുകളും അവ നിയമപ്രകാരം ഒത്തുതീർപ്പാനാകത്തതെങ്കിൽ കൂടി ഹൈക്കോടതിയുടെ പ്രത്യേക അധികാരത്തിൽ അങ്ങനെ ചെയ്യാറുണ്ട്. പക്ഷേ പോക്സോ കേസുകൾ അങ്ങനെ എല്ലായിപ്പോഴും ചെയ്യണമെന്നില്ല. ഗുരുതരമായ കേസുകളുടെ ഗണത്തിൽപെടുത്തി അങ്ങനെ ചെയ്യാനാകില്ലയെന്നു കോടതികൾ പറഞ്ഞിട്ടുണ്ട്. അതേസമയം സമ്മതത്തോടെയുള്ള ബന്ധത്തിൽ പ്രായപരിധി 18 ൽ നിന്നു കുറയ്ക്കണമെന്ന് പരാമർശങ്ങളും ചില ഹൈക്കോടതികളിൽ നിന്നുണ്ടായിട്ടുണ്ട്.

പേക്സോ നിയമം

18 വയസ്സിന് താഴെയുള്ള

എല്ലാവരെയും കുട്ടികളായി കണക്കാക്കുകയും ഒരു കുട്ടിക്കെതിരെ ലൈംഗിക പീഡനമോ ലൈംഗികാതിക്രമമോ നടത്തുന്ന ഏതൊരാൾക്കും കർശനമായ ശിക്ഷ വ്യവസ്ഥ ചെയ്യുകയും ചെയ്യുന്ന പ്രത്യേക നിയമമാണ് 2012 ലെ ദി പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് (പോക്സോ) ആക്ട്.

പോക്സോ നിയമപ്രകാരം, കുട്ടികളെ ഉൾപ്പെടുത്തി അശ്ലീല വസ്തുക്കളുടെ ഉപയോഗം അല്ലെങ്കിൽ സംഭരണം മുതൽ ശാരീരികമല്ലാത്ത ലൈംഗിക പ്രവർത്തനങ്ങൾ, ലൈംഗിക അതിക്രമം, എന്നിവ വരെയുള്ള ഏത് തരത്തിലുള്ള ലൈംഗിക ദുരുപയോഗവും ക്രിമിനൽ കുറ്റങ്ങളാണ്. ശിക്ഷ മൂന്ന് വർഷം മുതൽ ജീവപര്യന്തം തടവ്, ഇരുപത് വർഷത്തിൽ കുറയാത്ത ജയിൽ ശിക്ഷ, വധശിക്ഷ വരെയാകാം. ഒരു കേസ് റിപ്പോർട്ട് ചെയ്യുന്നതിൽ നിന്ന് വിട്ടുനിൽക്കുന്നതും ശിക്ഷാർഹമാണെന്നത് നിയമത്തിലെ ശ്രദ്ധേയമായ ഒരു വ്യവസ്ഥയാണ്. ഇതിനുള്ള ശിക്ഷ ആറ് മാസം തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ആണ്. പോക്സോ നിയമത്തിന്റെ മറ്റൊരു പ്രത്യേകത അത് ലിംഗഭേദമില്ലാതെ നിലനിൽക്കുന്നു എന്നതാണ് - ആൺകുട്ടികളും ലൈംഗികാതിക്രമത്തിന് ഇരയാകാം.

ശരീത്തിൽ തൊട്ടു കൊണ്ടുള്ള പീഡനം തന്നെയാകണമെന്നില്ല, മോശം വാക്കുകൾ പറയുക, ശബ്ദങ്ങൾ പുറപ്പെടുവിക്കുക, ആംഗ്യം കാണിക്കുക, ലൈംഗീക വസ്തുക്കൾ കാണിക്കുക, നഗ്നത പ്രദർശിപ്പിക്കുക, കുട്ടിയെ അവരുടെ ശരീരം പ്രദർശിപ്പിക്കാൻ പ്രേരിപ്പിക്കുക, നിരന്തരമായി അവരെ പിന്തുടരുക എന്നിവ ഈ നിയമപ്രകാരം മൂന്നു വർഷം ശിക്ഷയും പിഴയും ലഭിക്കാവുന്ന കുറ്റകൃത്യങ്ങളാണ്.

തെളിവുകൾ

റിപ്പോർട്ട് ചെയ്യലും രേഖപ്പെടുത്തലും മുതൽ കുറ്റകൃത്യങ്ങളുടെ അന്വേഷണവും വിചാരണയും വരെ എല്ലാ വശങ്ങളിലും പോക്സോ നിയമം ശിശു സൗഹൃദമാക്കാൻ ശ്രമിച്ചിട്ടുണ്ട്. തെളിവെടുപ്പ് ഘട്ടത്തിലും വിചാരണ വേളയിലുമൊക്കെ കുട്ടികൾക്ക് പ്രത്യേക പരിരക്ഷ നൽകുന്ന തരത്തിലാണ് നിയമത്തിലെ വ്യവസ്ഥകൾ. സ്പെഷ്യൽ കോടതികളിലാണ് ഇത്തരം കേസുകളുടെ വിചാരണ നടക്കുന്നത്. കുട്ടികൾക്കെതിരായ ലൈംഗീകാതിക്രമങ്ങൾ അവരുടെ സംരക്ഷണ ചുമതലയുള്ളവരിൽ നിന്നായാൽ ശിക്ഷ കൂടും.

ശരീത്തിൽ തൊട്ടുകൊണ്ടുള്ള പീഡനം തന്നെയാകണമെന്നില്ല, മോശം വാക്കുകൾ പറയുക, ശബ്ദങ്ങൾ പുറപ്പെടുവിക്കുക, ആംഗ്യം കാണിക്കുക, ലൈംഗീക വസ്തുക്കൾ കാണിക്കുക, നഗ്നത പ്രദർശിപ്പിക്കുക, കുട്ടിയെ അവരുടെ ശരീരം

പ്രദർശിപ്പിക്കാൻ പ്രേരിപ്പിക്കുക, നിരന്തരമായി അവരെ പിന്തുടരുക എന്നിവ ഈ നിയമപ്രകാരം മൂന്നു വർഷം ശിക്ഷയും പിഴയും ലഭിക്കാവുന്ന കുറ്റകൃത്യങ്ങളാണ്.

ആരാണ് പരാതി നൽകേണ്ടത്

പോക്സോ നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ നടന്നതായോ നടക്കാൻ പോകുന്നുവെന്നൊ അറിവുള്ള രക്ഷിതാക്കൾ, അധ്യാപകർ അങ്ങനെ ഈ കാര്യത്തെപറ്റി അറിവുലഭിക്കുന്ന ആർക്കും പരാതി നൽകാം. കുട്ടികൾക്കും പരാതി നൽകാം. സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിനെയോ ലോക്കൽ പോലീസിലോ പരാതി നൽകാം. പേര് വെളിപ്പെടുത്താതെ അറിവ് നൽകുന്നയാളിന്റെ പേര് രഹസ്യമാക്കി വച്ച് റിപ്പോർട്ട് ചെയ്യണമെന്നങ്കിൽ 1098 എന്ന ചൈൽഡ് ലൈനിൽ വിളിച്ചു പറയാം. പോക്സോ കേസ് പരാതി നൽകുന്നതിന് സാധാരണ കേസുകളിൽ ഉള്ളതുപോലെ സമയപരിധിയില്ല,

ശിക്ഷ

കുട്ടികളുടെ അശ്ലീല ചിത്രങ്ങളും വീഡിയോകളും കാണാൻ വേണ്ടി സൂക്ഷിക്കുന്നതും മറ്റുള്ള വർക്ക് അയച്ചുകൊടുക്കുന്നതും കുറ്റകരമാണ്. മൂന്ന് വർഷം തടവും 5000 മുതൽ 10000 വരെ പിഴയും ലഭിക്കാം. കുട്ടികൾക്കെതിരെയുള്ള ലൈംഗീക കുറ്റകൃത്യങ്ങൾ പ്രേരിപ്പിക്കുന്നതിനും സഹായിക്കുന്നതിനും കുറ്റകൃത്യം ചെയ്യുന്നതുപോലെ തന്നെയുള്ള ഗൗരവമായ ശിക്ഷകളാണ് ഉള്ളത്.

പോക്സോ നിയമവും സ്കൂൾ അധികാരികളും

സ്കൂൾ പരിസരങ്ങളിൽ വർദ്ധിച്ചുവരുന്ന കുട്ടികളുടെ ലൈംഗിക പീഡനങ്ങളിലും അത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിൽ സ്കൂളിന്റെ തയ്യാറെടുപ്പില്ലായ്മയിലും നിരവധി ബോധവൽകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്... കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നതായി പരാതി ലഭിക്കുമ്പോൾ വേഗത്തിലും വ്യവസ്ഥാപിതമായും പ്രവർത്തിക്കാൻ സ്കൂൾ അധികൃതർക്ക് ബാധ്യതയുണ്ട്. കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നത് തയെുന്നതിലും കൈകാര്യം ചെയ്യുന്നതിലും സ്കൂളുകൾക്ക് കാര്യമായ പങ്ക് വഹിക്കാനുണ്ട്. ഒരു ശിശു സംരക്ഷണ നയം തയ്യാറാക്കുക, കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നത് തടയാൻ മുൻകരുതൽ നടപടികൾ സ്വീകരിക്കുക, സ്കൂളുകളിലെ എല്ലാ തന്ത്രപ്രധാന സ്ഥലങ്ങളിലും മുന്നറിയിപ്പിനൊപ്പം സിസിടിവികൾ സ്ഥാപിക്കണം, ജീവനക്കാർ, സന്ദർശകർ, അപരിചിതർ എന്നിവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവർ സുരക്ഷിതമായ കൈകളിലാണെന്ന് ഉറപ്പാക്കുകയും ചെയ്യുക, കുട്ടികൾ ആരുടെ കൂടെയാണ് പോകുന്നതെന്ന് എപ്പോഴും നിരീക്ഷിക്കുക, സ്കൂൾ പരിസരത്ത് കുട്ടികളുടെ ഫോട്ടോ എടുക്കൽ, കുട്ടികളുടെ ഫോട്ടോകൾ ഉപയോഗിക്കൽ, ഇൻറർനെറ്റ്, സാങ്കേതിക വിദ്യ ഉപയോഗം എന്നിവ ഉൾപ്പെടുന്ന ഏതൊരു പ്രവർത്തനവും നിരീക്ഷിക്കുക, കുട്ടികൾക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സ്ഥലം നൽകുകയും സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നിങ്ങനെ നിരവധി നിർദ്ദേങ്ങൾ ദേശീയ ബാലാവകാശകമ്മീഷൻ തന്നെ നൽകിയിട്ടുണ്ട്.

സ്കൂളിൽ പരാതി സംവിധാനം

എല്ലാ സ്കൂളുകളിലും സ്കൂൾ പരാതി സമിതി അല്ലെങ്കിൽ എസ്.സി.സി രൂപീകരിക്കണം. കുട്ടികൾക്കെതിരായ ലൈംഗിക പീഡനത്തിന് സാക്ഷികളാകുകയോ സംശയിക്കുകയോ ചെയ്യുന്നവർ അല്ലെങ്കിൽ കുട്ടികളിൽ നിന്ന് ഒരു സംഭവത്തെക്കുറിച്ച് അറിയുന്നവർ സ്കൂൾ പരാതി സമിതിയെ അറിയിക്കണം. എസ്.സി.സിയെക്കുറിച്ച് പ്രചാരണം നടത്താൻ സ്കൂളു കൾ സജീവമായ നടപടികൾ സ്വീകരിക്കണം. വിദ്യാർത്ഥികൾക്ക് രേഖാമൂലം പരാതികൾ നൽകാൻ ഉപയോഗിക്കാവുന്ന തരത്തിൽ സ്കൂളിൽ പരാതി/നിർദ്ദേശ പെട്ടി സ്ഥാപിക്കുക. പരാതി പെട്ടിയിലൂടെയോ മറ്റോ ലഭിക്കുന്ന കുട്ടികളുടെ ലൈംഗിക പീഡന പരാതികളിൽ ഉടനടി നടപടിയെടുക്കുക. സ്കൂളിൽ ഒരു മുഴുവൻ സമയ കൗൺസലറെയോ വിസിറ്റിംഗ് കൗൺസലറെയോ നിയമിക്കുക. ഈ സേവനത്തിന്റെ ലഭ്യതയെക്കുറിച്ച് കുട്ടികളെ അറിയിക്കുകയും കൗൺസിലറും വിദ്യാർത്ഥികളും തമ്മിലുള്ള ആശയ വിനിമയം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ സ്കൂളുകൾ ചെയ്യാനുണ്ട്.

നല്ല സ്പർശം, മോശം സ്പർശം, ലൈംഗിക ദുരുപയോഗം എന്നിവയെക്കുറിച്ചുള്ള ആശയങ്ങളെക്കുറിച്ച് കുട്ടികളെ പഠിപ്പിക്കുന്നതിനായി ബോധവൽക്കരണ സെഷനുകൾ സംഘടിപ്പിക്കുകയും. ഇരയാകുകയാണെങ്കിൽ, കുട്ടികൾ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ആരെയെങ്കിലും അറിയിക്കാൻ കഴിയണം. ശരീരഭാഗങ്ങൾ, ഓൺലൈൻ സുരക്ഷ, ദുരുപയോഗത്തിൽ നിന്നുള്ള സംരക്ഷണം എന്നിവയെ ക്കുറിച്ച് സംസാരിക്കുന്ന വ്യക്തി ഗത സുരക്ഷയെക്കുറിച്ച് പതിവായി സെഷനുകൾ ക്രമീകരിക്കുന്നതുമൊക്കെ ഈ നിയമം ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ ഒരുക്കും. ആഘാതകരമായ അനുഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ കുട്ടികൾ പ്രകടിപ്പിക്കുന്ന ചില ലക്ഷണങ്ങളാണ് പ്രകടനത്തിലെ പെട്ടെന്നുള്ള ഇടിവ്, താൽപ്പര്യമില്ലായ്മ, വിഷാദം, അകൽച്ച എന്നിവ. വിദ്യാർത്ഥികളുടെ അക്കാദമിക് പ്രകടനവും മാനസിക പെരുമാറ്റങ്ങളും സൂക്ഷ്മമായി നിരീക്ഷിക്കാൻ അധ്യാപകരെ പരിശീലിപ്പിക്കുന്ന തരത്തിലും നിർദ്ദേശങ്ങളുണ്ട്.

കുരിശുമണികൾക്ക് കാതോർക്കാം...



ലൂയിസ് തണ്ണിക്കോട്ട്

ഓരോ പ്രഭാതത്തിലും മലയാളികളെ തേടിയെത്തുന്നത് കുറ്റകൃത്യങ്ങളുടെ മടുപ്പിക്കുന്ന വാർത്തകളാണ്. പ്രതികളാകുന്ന വരുടെ പ്രായമാവട്ടെ മറ്റൊരു ഞെട്ടലുമുളവാക്കുന്നു. സത്യ ത്തിൽ, നമ്മുടെ ഇളം തലമുറ വല്ലാതെ അസ്വസ്ഥരാണ്. മത്സരമാണിന്ന് ജീവിതത്തിലു ടനീളം. ഇന്നത്തെ ജീവിത കമ്പോളത്തിലെ ഈ മത്സരം ഒപ്പമുള്ളവനെ തോൽപ്പിക്കുക മാത്രമല്ല, അപരൻ എന്റെ ജീവിതവഴിയിലെ ശത്രുവാണ് എന്ന ചിന്തയും ഇന്നത്തെ യുവജനങ്ങളിൽ രൂപം കൊള്ളുന്നുമുണ്ട്.

മറുവശത്ത് ദുഃഖകരമായ മറ്റൊന്ന്, ടി.വി സീരിയലുകളും ജീവിതത്തിന്റെ തിരക്കുകളും കാരണം, നമ്മുടെ കരുത്തായിരുന്നു കുടുംബ പ്രാർത്ഥന ആവശ്യ നേരങ്ങളിൽ മാത്രമുള്ള ഒന്നാക്കി നമ്മൾ. പഴയകാലത്തെ പ്രർത്ഥനാ സംസ്കാരം ഓരോ സന്ധ്യക ളിലും കുടുംബ പ്രാർത്ഥനയ്ക്ക് ശേഷം പരസ്പരം സ്തുതി കൊടുക്കുക മാത്രമല്ല, അന്നേ ദിവ സത്തെ മക്കളുടെ വികൃതികളും കുസൃതികളും നേട്ടങ്ങളുമെല്ലാം ഗൃഹാന്തരീക്ഷത്തിൽ ചർച്ചയാ യിരുന്നു. ഇത്തരം ഉള്ളു തുറന്ന ചർച്ചകളും പ്രോത്സാഹനവും ശിക്ഷണവുമെല്ലാം സ്നേഹത്തിൽ വിളക്കി ചേർത്ത നല്ല കുടുംബ ബന്ധങ്ങൾ സൃഷ്ടിച്ചു.

മറ്റൊരു പ്രത്യേകത ആ

നാളുകളിൽ കരയുന്ന കുഞ്ഞുങ്ങൾക്ക് ഒക്കത്തിരുത്തി ചോറ് വാരി കൊടുത്തിരുന്നു അമ്മമാർ. പക്ഷേ ഇന്ന് കരയുന്ന കുഞ്ഞിന്റെ കയ്യിലേക്ക് ഒരു മൊബൈൽ ഫോൺ കൊടുത്താൽ എല്ലാ ശുഭം. ഇവിടെ തുടങ്ങുന്നു കുഞ്ഞിന് മൊബൈൽ ഫോണിനോടുള്ള ആർത്തിയും അടിമത്വവും. ഒരുമിച്ച് ഭക്ഷിച്ചിരുന്ന ഗൃഹാന്തരീക്ഷം മാറി, ഇന്ന് വീടിന്റെ അകത്തള ങ്ങളും മുറികളും, ഗുഹകൾക്ക് സമാനമായി തീർന്നിരിക്കുന്നു. പൊട്ടിച്ചിരികൾ മാത്രമല്ല പരസ്പരമുള്ള സംസാരങ്ങൾ പോലും അന്യം നിന്നിരിക്കുന്നു. ഒരു വീടിനുള്ളിൽ വസിക്കുമ്പോഴും ഞാൻ എന്റേത് എന്ന സ്വാർത്ഥ ചിന്തയുടെ വേരുകൾ നമ്മുടെ പല കുടുംബ ങ്ങളിലും വളർന്നു നില്ക്കുന്നുണ്ട്.

ആഗ്രഹിച്ചത് കിട്ടിയില്ലെങ്കിൽ കൊലക്കത്തി എടുക്കുന്ന, ആത്മഹത്യ ചെയ്യുന്ന, ആസിഡ് ഒഴിക്കുന്ന, ഒരു തലമുറയുടെ തേരോട്ടം നമ്മെ ഭയപ്പെടുത്തുന്നു! സ്നേഹവും സഹാനുഭൂതിയും കാരുണ്യവും കൈവിട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ തലമുറ 90% ആധുനിക മീഡിയകളിലും 10% മാത്രം മനുഷ്യബന്ധങ്ങളിലും ആണ് വളരുന്നത് എന്നതും ശ്രദ്ധേയം. പരാജയത്തിന്റെ രുചി അറിയാവുന്ന പഴയ പാമ്പും കോണിയും കളികൾക്ക് പകരം ഇന്നാവട്ടെ, വെട്ടിയും വെടിവെച്ചിട്ടും മുന്നേറുന്ന പുതിയ പുതിയ ഗെയിമുകളും. ഇത്തരം വിജയാഹ്ലാദങ്ങളിൽ വളരുന്ന കുട്ടികൾക്ക് പരാജയം എന്തെന്ന് അറിയാൻ കഴിയുന്നില്ല.

പണ്ട് രക്ഷിതാക്കളെ അനുസരിച്ചും സ്നേഹിച്ചും വളർന്ന കുട്ടികൾ, ഇന്ന് രക്ഷിതാക്കളെ ഭീഷണിപ്പെടുത്തിയും ധിക്കരിച്ചുമാണ് കാര്യങ്ങൾ നടത്തുന്നത്. ഓർക്കണം ജീവിതത്തിൽ സ്വസ്ഥത കൈവരിക്കാൻ നാം മക്കളുടെ എണ്ണം കുറച്ചു എന്നിട്ടോ...?

മാറ്റം അനിവാര്യമായിരിക്കുന്നു. മാറ്റത്തിന്റെ ആദ്യപടി കുടുംബങ്ങളിൽ നിന്നാവണം. കാരണം സ്നേഹത്തിൻറെ ആദ്യ പാഠശാല കുടുംബമാണ്. പരിശുദ്ധ ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച ജൂബിലി വർഷമാണിത്. ജൂബിലിയുടെ അർത്ഥം തന്നെ ഉറവിടത്തിലേക്ക് തിരിച്ചുപോകുക എന്നതാണ്. 'പ്രത്യാശയുടെ തീർത്ഥാടകർ' എന്നതാണ് ആപ്തവാക്യവും.

അതിനാൽ പ്രത്യാശയോടെ തന്നെ നമുക്ക് ആ പഴയ കാലത്തിലേക്ക് തിരിയാം. ഒന്നിച്ചു പ്രാർത്ഥിക്കുകയും ഒരുമിച്ച് ഭക്ഷിക്കുകയും ഒരുമയോടെ വസിക്കുകയും ചെയ്തുവന്ന ആ കുടുംബാ ന്തരീക്ഷം നമുക്ക് തിരിച്ചുപിടിക്കണം. മക്കളുടെ ജീവിതത്തിലെ ആദ്യ അധ്യാപികയായ അമ്മമാർ മക്കളെ വിജയികളാക്കാൻ മാത്രമല്ല, പുഞ്ചിരിയോടെ തോൽക്കാനും മക്കളെ പഠിപ്പിക്കട്ടെ.

കുടുംബബന്ധങ്ങൾ പലതും ഉലയുന്നതിന്റെയും തകരുന്നതിന്റെയും മുഖ്യകാരണം ആത്മീയ മായ ദർശനത്തിന്റെയും ഊർജ്ജത്തിന്റെയും അഭാവമാണ് എന്ന് തിരിച്ചറിവിൽ, ഓരോ വീടിനുള്ളിലും സന്ധ്യാനേരത്ത് തിരുഹൃദയനടയിൽ കത്തുന്ന മെഴുകുതിരിക്ക് മുൻപിൽ കരം കൂപ്പിനില്ക്കുന്ന ഒരു പ്രാർത്ഥനാ സംസ്കാരം നമ്മളിൽ വളരട്ടെ. അതുവഴി മക്കളിൽ ക്രിസ്തുവാകുന്ന ലഹരി നിറയട്ടെ.

ക്രിസ്തുവിൽ നിറയുക എന്നാൽ അവന്റെ മൂല്യബോധത്തിലേക്ക് പിച്ചവെക്കുക എന്നാണർ ത്ഥം. അതുവഴി ധ്യാനത്തിന്റെയും സ്നേഹത്തിന്റെയും നിശബ്ദ സഹനത്തിന്റെയും ബാലപാഠങ്ങൾ ക്രിസ്തുവിൽ നിന്ന് - തിരുഹൃദയ നടയിൽ നിന്ന് - നമ്മുടെ മക്കൾ പകർന്നെടുക്കട്ടെ.

അങ്ങിനെ പഴമയുടെ പാരമ്പര്യവും പുതുമയുടെ നന്മകളും കോർത്തിണക്കിയുള്ള ഒരു തിരുക്കുടുംബ സൃഷ്ടിക്കായി നമുക്ക് ശ്രമിക്കാം.

ഫാ. വിൻസെന്റ് നടുവിലപ്പറമ്പിൽ
(ഡയറക്ടർ, മതബോധന കമ്മീഷൻ, വരാപ്പുഴ അതിരൂപത)

"തിരുസഭ പഠിപ്പിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിലൂടെ പിതാവായ ദൈവം തന്റെ മക്കളെ സന്ദർശിക്കുകയും അവരോട് സംസാരിക്കുകയും ചെയ്യുന്നു. നാം വചനം കേൾക്കുമ്പോൾ ദൈവം നമ്മോട് സംസാരിക്കുന്നു." (മതബോധനഗ്രന്ഥം 104 -ാം പാരഗ്രാഫ്)

ഇരുതല വാളിനേക്കാൾ മൂർച്ചയേറിയതും സജീവവും ഊർജസ്വലവുമായ ദൈവത്തിന്റെ വചനം സ്വന്തം കൈപ്പടയിൽ എഴുതി ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ഒരുങ്ങുകയാണ് വരാപ്പുഴ അതിരൂപതയിലെ മതബോധന വിദ്യാർത്ഥികളും അധ്യാപകരും മാതാപിതാക്കളും.

ക്രൈസ്തവരായ നമ്മുടെ വിശ്വാസ ജീവിതത്തിന്റെ അടിസ്ഥാനം വിശുദ്ധ ഗ്രന്ഥമാണ്. എന്തിനുവേണ്ടി സുവിശേഷം എഴുതണമെന്ന ചോദ്യത്തിന് ഉത്തരം ഇന്നത്തെ കാലഘട്ടത്തിൽ നമ്മുക്കും നമ്മുടെ കുഞ്ഞുങ്ങൾക്ക് ആത്മീയതയിൽ വളരുവാനും ദൈവാനുഭവങ്ങൾ ലഭിക്കുവാനും ദൈവസ്വരം കേൾക്കുവാനും ദൈവതീരുമാനങ്ങൾ അറിയുവാനും ഈ വിശുദ്ധ ഗ്രന്ഥരചന

ദൈവവചനം എഴുതി
ഹൃദയസാക്ഷ്യമേകാൻ
വരാപ്പുഴ അതിരൂപതാ മക്കൾ

സഹായകമാകും.

2025

യേശുവിന്റെ തിരുജനനത്തിന്റെ ജൂബിലി വർഷത്തിന്റെ സ്മരണ നിലനിർത്തുന്നതിനായാണ് നമ്മുടെ അതിരൂപതയിലെ മക്കൾ വിശുദ്ധ മർക്കോസിന്റെ സുവിശേഷം സ്വന്തം കൈയക്ഷര ത്തി ലെഴുതി ദൈവമഹത്വം പ്രഘോഷിക്കുന്നത്. അക്ഷരം എഴുതി തുടങ്ങുന്ന ചെറിയ കുട്ടികൾ മുതൽ പ്രായഭേദമെന്യേ ആർക്കും സുവിശേഷം എഴുതാൻ ശ്രമിക്കാം.

ഓരോ ഇടവകയിലേയും വികാരി യച്ചന്മാരുടെ നിർദേശങ്ങളനു സരിച്ച് മതാധ്യാപകരും മാതാപി താക്കളും ഈ കുട്ടികൾക്കൊപ്പം ചേരാം. സ്കൂളിലെ പഠനത്തി ന്റേയും മറ്റ് വ്യക്തിപരമായ കാര്യങ്ങളുടെയും തിരക്കിനിട യിൽ ഒരു ദിവസം കുറഞ്ഞത് 5 മിനിറ്റ് മാറ്റിവെച്ചാൽ ആർക്കും ഈ അനുഗ്രഹ ദൗത്യത്തിൽ പങ്കുചേരാൻ സാധിക്കും.

ഇക്കഴിഞ്ഞ വിശ്വാസ പരിശീലന വർഷം കുട്ടികൾക്ക് പഠിക്കാനും വിചിന്തനം ചെയ്യാനും നൽകിയത് വിശുദ്ധ ലൂക്കയുടെ സുവിശേഷ മാണ്. മൂവായിരത്തി അഞ്ഞൂറി ലധികം കുട്ടികളും അഞ്ഞൂറി ലധികം അധ്യാപകരുമാണ് സ്വന്തം കൈപ്പടയിൽ വി.ലൂക്കയുടെ സുവിശേഷമെഴുതി പൂർത്തിയാക്കിയത്. ആരുടെയും നിർബന്ധത്തിനു വഴങ്ങിയല്ല കുട്ടികൾ ഇത് ചെയ്തത് എന്ന താണ് അത്ഭുതം. കഴിഞ്ഞ ഡിസംബർ മാസത്തിൽ എറണാ കുളം സെന്റ് ആൽബർട്ട്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ നടന്ന സുവിശേഷ ദീപസംഗമത്തിൽ മലയാളം കൂടാതെ ഇംഗ്ലീഷ്, ഹിന്ദി, ജർമൻ, ഹീബ്രു, ഭാഷകളിലും സുവിശേഷം എഴുതിയ കുട്ടികളും ഉണ്ടായിരുന്നു. ബുക്ക് ഓഫ് ഇൻഡ്യ റെക്കോർഡ്സ് പുരസ്കാരം ഈ സംഗമത്തിന് ലഭിച്ചത് അനുഗൃഹീതമായ കാര്യമാണ്.

സുവിശേഷം എഴുതിയവർ അത് വായിക്കാനും എഴുതാനും ലഭിക്കുന്ന അവസരം വലിയൊരു അനുഗ്രഹത്തിന്റെ നിമിഷങ്ങളാ ണെന്ന് സാക്ഷ്യപ്പെടുത്തുന്നവർ ധാരാളമുണ്ട്. പ്രാർത്ഥനാ നിയോഗം സമർപ്പിച്ചുകൊണ്ടാണ് കഴിഞ്ഞവർഷം പലരും ദൈവ വചനം എഴുതി പൂർത്തിയാ ക്കിയത്. തുണ്ടത്തുംകടവിലെ 5-ാംക്ലാസ്സിൽ പഠിക്കുന്ന കുട്ടി പുതിയ നിയമം എഴുതിയത് സ്വന്തമായ വീടു ലഭിക്കാനായി രുന്നു. ഗർഭിണിയായിരുന്ന അവസ്ഥയിൽ വി. ലൂക്കായുടെ സുവിശേഷം എഴുതി സുഖപ്രസവ ത്തിലൂടെ പിറന്ന മകന് 'ലൂക്ക' എന്ന് പേരു നൽകിയ മതാധ്യാ പികയും, സ്വന്തം മകൾക്ക് അനു യോജ്യമായ വരനെ കണ്ടെത്തു വാൻ നിയോഗം സമർപ്പിച്ച് സുവിശേഷമെഴുതി ഒരു മാസത്തി നകം വിവാഹം ഉറപ്പിക്കാൻ സാധിച്ച അനുഭവം പങ്കുവച്ച മതാധ്യാപികയും യഥാർത്ഥത്തിൽ നവസുവിശേഷ പ്രഘോഷണ ത്തിന് സാക്ഷ്യമേകുകയാണ്.

പാറമേൽ പണിത ഭവനത്തിന് തുല്യമാണ് ദൈവവചനങ്ങൾ ശ്രവിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവൻ (മത്താ:7-24) എന്നാണല്ലോ സുവിശേഷത്തിൽ പറയുന്നത്.

ഈ വർഷം എഴുതുന്ന വിശുദ്ധ മർക്കോസിന്റെ സുവിശേഷത്തിൽ 16 അധ്യായങ്ങളിലായി 678 വാക്യങ്ങളാണുള്ളത്. ആഗസ്റ്റ് 25ന് മുൻപ് പൂർത്തിയാക്കി സെപ്റ്റംബർ 7 ന് വല്ലാർപാടം മരിയൻ ബസിലിക്കയിൽ സംഘടിപ്പിക്കുന്ന സംഗമത്തിൽ സുവിശേഷങ്ങൾ സമർപ്പിക്കും. ഇത്തവണ ഇരുപത്തി അയ്യായിരം പേർ കൈയെഴുത്ത് പ്രതികൾ സമർപ്പിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പലരും ഇതിനകം തന്നെ എഴുതിത്തുടങ്ങി. ചിലർ പൂർത്തിയാക്കിക്കഴിഞ്ഞു. ജീവിതത്തിൽ ഒരു പ്രാവശ്യം എങ്കിലും നാം വിശ്വസിക്കുന്ന ഈശോയെക്കുറിച്ച് എഴുതാനുള്ള അവസരം നാം ഉപയോഗിക്കേണ്ടതാണ്. ഓരോ അധ്യായവും വായിച്ചു കഴിയുമ്പോഴേക്കും ഒരു വാക്യമെങ്കിലും കാണാപ്പാഠം പഠിക്കാൻ നാം ശ്രമിക്കണം. എഴുതുന്നത് A4 പേപ്പറിൽ ആണെങ്കിൽ ഉചിതമായിരിക്കും. പത്ത് ദിവസം കൊണ്ട് എഴുതിത്തീർക്കാൻ എനിക്ക് സാധിച്ചു എന്ന സന്തോഷവാർത്ത ഞാൻ അറിയിക്കുകയാണ്.

"കർത്താവേ,അങ്ങയുടെ വചനം എന്റെ പാദത്തിൽ വിളക്കും പാതയിൽ പ്രകാശവും ആകട്ടെ" (സങ്കീ. 119:105).

ചിന്താജാലകം

ക്ഷമയില്ലാതെ സമാധാനമില്ല

ഷെവ. പ്രീമൂസ് പെരിഞ്ചേരി
മൊഴിമാറ്റം: പ്രീത

അർജന്റീനിയൻ സാഹിത്യത്തിലെ അതികായനാണ് ജോർജ് ലൂയിസ് ബോർജസ്. അദ്ദേഹത്തിന്റെ ചിന്താ ബന്ധുരവും വിശ്രുതവുമായ ഒരു ചെറുകഥയുണ്ട്. അതിന്റെ ആശയം ഇപ്രകാരം സംഗ്രഹിക്കാം.

ഒരു യുഗാന്തര സന്ധ്യയിൽ ഉത്പത്തി കഥയിലെ കായേനും ആബേലും മരുഭൂമിയിൽ വച്ച് കണ്ടുമുട്ടുന്നു. രണ്ടുപേരും ഉയരം കൂടുതലുള്ള സഹോദരന്മാരായിരുന്നല്ലോ. അതുകൊണ്ട് കണ്ടുമുട്ടുമ്പോൾ, പരസ്പരം തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ടായില്ല. കലുഷമായിരുന്നു കായേന്റെ മനസ്സ്. താൻ നിഷ്കരുണം അടിച്ചുകൊന്ന് പാറക്കൂട്ടത്തിൽ വലിച്ചെറിഞ്ഞ സഹോദരന്റെ പെടുമരണമോർത്ത് കായേൻ മനസ്തപിക്കുന്നുണ്ടായിരുന്നു.

പക്ഷേ, നിർവികാരമായിരുന്നു ആബേലിന്റെ മുഖം. മനസ്സും അങ്ങനെതന്നെയായിരിക്കണമല്ലോ. ആബേൽ ചോദിച്ചു: ഞാൻ തീ കൊളുത്തട്ടേ? നമുക്കെന്തെങ്കിലും ഇത്തിരി ഭക്ഷണം?

ആവാം. ഇരുട്ടാകും മുമ്പ് അല്പം ഗോതമ്പോ ബാർലിയോ എന്തെങ്കിലും

ആളിത്തുടങ്ങുന്ന തീയടുപ്പിനു ചുറ്റും അവരിരുന്നു. തീവെട്ടത്തിൽ ആബേലിന്റെ നെറ്റിയിലെ കല്ലിന്റെ, ഇനിയും മങ്ങിയിട്ടില്ലാത്ത പാട്. ആ അടയാളം ഇപ്പോഴും മാഞ്ഞിട്ടില്ല എന്ന് അപ്പോൾ കായേൻ ഓർത്തു. അയാളുടെ കണ്ണിൽ നീർ തുളുമ്പി. പക്ഷേ, ഒന്നും പറയാനാവുന്നില്ല....

എല്ലാം, നിഷ്കളങ്കം അവഗണിച്ചെന്നോണം, അപ്പം ചുടുന്ന തിരക്കിലായിരുന്നു ആബേൽ.

ഇത്തരം സന്ദർഭങ്ങളിൽ എല്ലാവരും ചെയ്യുന്നതുപോലെ അവർ നിശ്ശബ്ദത പൂണ്ടു, അവർ ക്ഷീണിതരായിരുന്നു താനും.

ആകാശത്ത് ഒരു നക്ഷത്രം മിന്നുന്നുണ്ട്. പക്ഷേ, ആരും ഇതുവരെ അതിനു പേരിട്ടിട്ടില്ലല്ലോ എന്ന് അവരോർത്തു. ഇനിയും കെട്ടുപോയിട്ടില്ലാത്ത തീ വെളിച്ചത്തിൽ, ആബേലിന്റെ നെറ്റിയിലെ ആ പാട് കായേൻ കണ്ടു. വായിലേക്കു വയ്ക്കാൻ തുടങ്ങിയ അപ്പക്കഷണം പാത്രത്തിലേക്കു തന്നെ വീണുപോയി....

കായേൻ പറഞ്ഞു: ആബേൽ, നീയതു ക്ഷമിക്കണം...

ആകന്തുകമെന്നോണം ആബേൽ ചോദിച്ചു. ഏത്?

ഞാൻ നിന്നെ കൊന്നത്... കായേൻ വിതുമ്പി.

ഓഹോ, അതോ? കായേൻ, എനിക്കിപ്പോൾ ഒരു സംശയം: നീ എന്നെ കൊല്ലുകയായിരുന്നോ, അതോ ഞാൻ നിന്നെ....

കായേൻ ആബേലിന്റെ വായ മന്ദം പൊത്തി. വേണ്ടാ, അതൊന്നും ഇപ്പോ ഓർപ്പിക്കേണ്ടാ...

ഇല്ല, കായേൻ, കൊന്നതൊന്നും ഓർമിക്കുന്നില്ല. നാമിപ്പോഴും പണ്ടത്തെപ്പോലെ ഒരുമയിൽ തന്നെയാണ്. ഞാനൊന്നും ഓർമ്മിക്കുന്നില്ല.

കായേൻ ഇരുട്ടിലേക്കു നോക്കി മന്ത്രിച്ചു. അതേ സഹോദരാ, മറക്കുന്നു എന്നു പറയുന്നത് ക്ഷമിക്കലാണ്.

ആബേൽ പതുക്കെ പറഞ്ഞു: പശ്ചാത്താപം ഉള്ളിടത്തോളം കാലം കുറ്റബോധവും നിലനിൽക്കും. ചില മുറിവുകൾ, എപ്പോഴും ഉദാത്തമായ ചിലത് നമ്മോടാവശ്യപ്പെടും. ക്ഷമ എളുപ്പമല്ലായിരിക്കാം. എല്ലായ്പ്പോഴും അത് ന്യായവുമല്ലായിരിക്കാം. പക്ഷേ, അതില്ലാതെ സമാധാനമില്ല. സ്വാതന്ത്ര്യമില്ല. ഇരുട്ടിനപ്പുറം വെളിച്ചമില്ല...

അപ്പോഴും കായേൻ അനുതാപക്കണ്ണുനീരിൽ സ്വയം നനയുന്നുണ്ടായിരുന്നു...

ധീരതയുടെ പ്രധാനാചാര്യൻ

2025 മെയ് 12 അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിന്റെ 86-ാം ജൻമദിനം



ബിഷപ്പ് ഡോ. ആന്റണി വാലുങ്കൽ

വരാപ്പുഴ അതിരൂപതയുടെ 4-ാമത് തദ്ദേശീയ മെത്രാപ്പോലീത്തയായി 1996 ജൂൺ 14നാണ് വി. ജോൺ പോൾ രണ്ടാമൻ പാപ്പ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിനെ നിയമിച്ചത്. അഭിവന്ദ്യ ഡാനിയേൽ പിതാവിന്റെ നിയമനോത്തരവ് അറിയിച്ചപ്പോൾ വരാപ്പുഴ അതിരൂപതയിലെ വൈദികരുടെ രണ്ടാം ബാച്ചിന്റെ ധ്യാനം നടക്കുകയായിരുന്നു. പ്രഖ്യാപനത്തിനു ശേഷം ഡാനിയേൽ പിതാവ് കൊർണേലിയൂസ് പിതാവുമൊത്ത് വൈദികരെ സന്ദർശിക്കാൻ ആശീർഭവനിലെത്തി. അഭിവന്ദ്യ കൊർണേലിയൂസ് പിതാവിനോടൊപ്പം നിന്നപ്പോൾ ആകാം ചെറുപ്പം തോന്നിയ, അതിരൂപതയിൽ അധിക പരിചയമില്ലാത്ത ഈ വൈദിക ശ്രേഷ്ഠൻ എന്താണാവോ ചെയ്യുക എന്ന് വൈദികർക്കിടയിൽ സ്വാഭാവികം.

1996 നവംബർ 3 നായിരുന്നു പട്ടാഭിഷേകം. അടുത്ത ദിവസംതന്നെ അതിരൂപതയുടെ വികാരി ജനറലായ മോൺ. ജോസഫ് കളത്തിപ്പറമ്പിലും, ചാൻസലറായ ഫാ. ജോസഫ് തണ്ണിക്കോട്ടും നിയമിതരായി. വരാപ്പുഴ അതിരൂപതയുടെ സ്ഥാപനത്തിൽ ബാർ നടത്തുന്നു എന്ന ആരോപണ കാരണമായിരുന്ന ക്യൂൻ മേരീസ് ഹോട്ടൽ ഒഴിപ്പിച്ച് അതിരൂപത സ്വന്തമാക്കിയത് പ്രത്യേകശ്രദ്ധ നേടി.

അഭിവന്ദ്യ കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവ് ആരംഭിച്ച ആലുവ പൊന്തിഫിക്കൽ സെമിനാരിയുടെ റീത്തിനനുസരിച്ചുള്ള പുനർക്രമീകരണം നടന്നത് അച്ചാരുപറമ്പിൽ പിതാവിന്റെ കാലത്താണ്. റോമിൽവച്ച് സെമിനാരിയുടെ പുനർക്രമീകരണം കമ്മിറ്റിയിലെ അംഗമായി നിയമിതനായ ഡാനിയേൽ പിതാവ് നീതിപൂർവ്വകവും ആർക്കും മനോവിഷമത്തിനു കാരണമാകാതെയും നിർദ്ദേശിച്ചു. മാത്രമല്ല ലത്തീൻ സഭയ്ക്കും സ്വതന്ത്രമായി ലഭിച്ച കാർമ്മൽഗിരി സെമിനാരിയെ അതിന്റെ പൂർണ്ണമായ വളർച്ചയിലേക്കു അതിവേഗം ഉയർത്തിയെടുക്കുവാൻ അഭിവന്ദ്യ ഡാനിയേൽ പിതാവിന്റെ കാര്യനിർവ്വഹണ മികവിനു സാധിച്ചു.

1997 ൽ കേരള ലത്തീൻ സഭയെ ശാക്തീകരിക്കുവാനും, ഒറ്റക്കെട്ടായി നിലനിർത്തുവാനും കേരള ലത്തീൻ കാത്തലിക് കൗൺസിൽ രൂപീകരിച്ചു. ലത്തീൻ സഭയുടെ ശബ്ദമായ ജീവനാദം എന്ന മുഖപത്രം ആരംഭിക്കുകയും ലത്തീൻ സഭയുടെ മുന്നോട്ടുള്ള കുതിപ്പ് ദൃഢമാക്കുകയും ചെയ്തു. അങ്ങനെ ആരാധനക്രമപരമായും, ശുശ്രൂഷ മേഖലകളിലും, രാഷ്ട്രീയ ഇടപെടലുകളിലും ഒരു ഏകീകരണം സ്ഥാപിതമായി.

ഇക്കാലയളവിൽ ലത്തീൻ സഭയിലുണ്ടായ ഒരു പ്രതിസന്ധിയായിരുന്നല്ലോ കൊച്ചി രൂപതയിലുണ്ടായ ചില പ്രശ്നങ്ങൾ.അതിൽപെട്ടെന്നു തന്നെ ഇടപെടുകയും സത്വരമായി പ്രശ്നം പരിഹരിക്കുകയും ചെയ്തു.

വരാപ്പുഴ അതിരൂപതയിൽ വിദ്യാഭ്യാസപരമായ ഒരു വിപ്ലവം കൊണ്ടുവരുവാൻ ഡാനിയേൽ പിതാവിന് സാധിച്ചു. നവദർശൻ, ആൽബർട്ടിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, പെരുമ്പിള്ളി അസ്സീസി വിദ്യാനികേതൻ പബ്ലിക് സ്കൂൾ, സിദ്ധിസദൻ നഴ്സിംഗ് കോളേജ്, ക്രിസ്തു ജയന്തി ഹോസ്പിറ്റൽ തുടങ്ങിയവ സ്ഥാപിച്ച്, വിദ്യാഭ്യാസ മേഖലയെയും, ആതുരശുശ്രൂഷ മേഖലയെയും പിതാവ് ശക്തിപ്പെടുത്തി.

2009 ഒക്ടോബർ 26 നാണ് അഭിവന്ദ്യ ഡാനിയേൽ പിതാവ് ദിവംഗതനാകുന്നത്. ഒരു കുടുംബത്തിലെ പിതാവ് നഷ്ടപ്പെടുന്ന വേദനയാണ് അക്ഷരാർത്ഥത്തിൽ അതിരൂപതയിലെ വൈദികരും വിശ്വാസസമൂഹവും അനുഭവിച്ചത്. “പ്രിയരെ നിങ്ങൾ കരയല്ലേ എന്നേ ഓർത്തിനി ഒരുനാളും അല്ലൽ തെല്ലുമേശിടാത്ത ലോകത്തല്ലേ ഞാനിപ്പോൾ” എന്ന കൊർണേലിയൂസ് പിതാവിന്റെ ഗാനവരികൾ ബഹുമാനപ്പെട്ട ജോളി ചക്കാലക്കലച്ചന്റെ ഈണം പകർന്ന് ആലപിച്ചപ്പോൾ ചടങ്ങിൽ സംബന്ധിച്ച സകല ജനങ്ങളും കണ്ണീരിറ്റ് വന്ദ്യ പിതാവിനെ യാത്രയാക്കി.

അമ്മമാർക്കായി ഒരു ദിനം



2025 മെയ് 11 ലോക മാതൃദിനം



ഫാ. മാർട്ടിൻ
ഗാരിസൺ പയ്‌വ

അമ്മമാർക്കുള്ള ആദര സൂചകമായാണ് മാതൃദിനം നാം ആഘോഷിക്കുന്നത്. ഈ മാതൃദിനം ആധുനിക ലോകത്തിന്റെ സംഭാവനയാണെങ്കിലും മാതൃത്വത്തെ ആദരിക്കുന്നതിന് ആയിരക്കണ ക്കിന് വർഷങ്ങളുടെ പഴക്കവും വ്യത്യസ്തങ്ങളായ സംസ്കാരങ്ങളുടെ സ്വാധീനവുമുണ്ട്.

പുരാതന ഗ്രീസിലും റോമിലും അമ്മ ദേവതകളായ റിയ (Rhea), സൈബെൽ (Cybele) എന്നിവരെ ആദരിക്കുന്ന ഉത്സവങ്ങൾ ഉണ്ടായിരുന്നു. ഈ ആഘോഷങ്ങൾ സ്ത്രീത്വത്തിന്റെ സഫലത, മാതൃത്വം, പരിപോഷിപ്പിക്കൽ എന്നീ കഴിവുകളെ അടിസ്ഥാനമാക്കിയതായിരുന്നു. സമാനമായി നാൽപതു നോമ്പിന്റെ സമയത്ത്, യൂറോപ്പിലെ ആദിമ ക്രൈസ്തവർ മാതൃ ഞായർ (Mothering Sunday) എന്നൊരു ദിനം കൊണ്ടാടുമായിരുന്നു. ഈ ദിനം ആളുകൾ അവരുടെ മാതൃദേവാലയത്തിലേക്ക് പ്രത്യേക ശുശ്രൂഷകൾക്കായി എത്തുന്നു. കാലാന്തരത്തിൽ ഈ ദിനവും അമ്മമാരെ സമ്മാനങ്ങൾ നൽകി ആദരിക്കുന്നതിനും കുടുംബ സംഗമങ്ങൾ നടത്തുന്നതിനും വേണ്ടിയുള്ളതായി മാറി.

20-ാം നൂറ്റാണ്ടിൽ അമേരിക്കയിലാണ് മാതൃദിനം ഔദ്യോഗികമായി ആഘോഷിക്കാൻ ആരംഭിച്ചത്. 1905-ൽ തന്റെ അമ്മയുടെ മരണത്തെ തുടർന്ന്, വെസ്റ്റ് വെർജീനിയയിൽ ജീവിച്ചിരുന്ന അന്ന ജാർവിസ് അമ്മമാർ മക്കൾക്കായി ഏറ്റെടുക്കുന്ന ത്യാഗങ്ങൾക്കായി അവർ ആദരിക്കപ്പെടണം എന്ന ചിന്തയോടെ നടത്തിയ പരിശ്രമങ്ങളാണ് ഈ ദിനം തുടങ്ങാൻ കാരണമായത്. അന്നയുടെ പ്രചാരണ പരിപാടികളുടെ ഫലമെന്നോണം ഈ ദിനം ആദ്യമായി ആചരിക്കപ്പെട്ടത് 1908 ൽ ഒരു മെത്തോഡിസ്റ്റ് ദേവാലയത്തിലാണ്. തികച്ചും വ്യക്തിപരമായ ഒരു ആഘോഷമായാണ് അന്ന മാതൃദിനത്തെ കണ്ടതെങ്കിലും, 1914-ൽ അമേരിക്കൻ പ്രസിഡന്റ് ആയിരുന്ന വുഡ്രോ വിൽസൻ മെയ് മാസത്തിലെ രണ്ടാം ഞായറാഴ്ച്ച അമ്മമാർക്കായി സമർപ്പിച്ചുകൊണ്ട് ദേശീയ അവധി ദിനമായി പ്രഖ്യാപിച്ചതോടെ ഇതിന് പ്രചുരപ്രചാരമേറി. ഈ ദിനത്തിന്റെ ഉത്ഭവത്തിന് കാരണമായ അന്ന ജാർവിസ് തന്നെ, വളരെ വ്യക്തിപരമായി കണ്ടിരുന്ന ഈ ദിനം വ്യവസായവൽക്കരിക്കപ്പെട്ടതിൽ തന്റെ അതൃപ്തി രേഖപെടുത്തുകയുയുണ്ടായി.

ലോകത്താകമാനം മാതൃദിനം ആഘോഷിക്കാറുണ്ട്. പക്ഷേ വ്യത്യസ്ത ദിവസങ്ങളിൽ ആണെന്നു മാത്രം. ഇന്ത്യയിൽ ഇതാഘോഷിക്കുന്നത് മെയ് മാസത്തിലെ രണ്ടാം ഞായറാഴ്ച്ചയാണ്. എന്നാൽ യു.കെ. യിൽ നാൽപത് നോമ്പിന്റെ നാലാം ഞായറാഴ്ച്ച മാതൃഞായർ (Mothering Sunday) ആയി ആഘോഷിക്കുന്നു. എതോപ്യയിലാകട്ടെ, അഘ്രോഷ്

(Antrosht) എന്ന ഒരു ബഹുദിന ഉത്സവത്തിന്റെ ഭാഗമായി അമ്മമാരെ ആദരിക്കുന്നു. നിരവധി ക്രിസ്ത്യൻ രാജ്യങ്ങളിൽ, മറിയത്തിന്റെ മാസം (Month of Mary) എന്ന പേരിൽ മെയ് മാസം പരിശുദ്ധ മറിയത്തിന്റെ വണക്ക മായി പ്രത്യേക ഭക്തി, ജപമാല, കിരീടധാരണ ചടങ്ങുകൾ ഇവയൊക്കെയായി മാതൃദിനം ആഘോഷി ക്കുന്നു.

ഇനി നമുക്ക് ഏതാനും അമ്മമാരെ പരിചയപ്പെടാം. ഈ ലോകത്തിന് ചില വിശുദ്ധരും മഹാന്മാരും ഉണ്ടാകുവാൻ കാരണം ഈ അമ്മമാർ തന്നെയായിരുന്നു.

വി. മോനിക്ക

ഹിപ്പോയിലെ മെത്രാനായ വി. അഗസ്റ്റിന്റെ അമ്മയാണ് വി. മോനിക്ക. മകൻ അഗസ്റ്റിന്റെ തെറ്റായ വിശ്വാസത്തിൽ നിന്നും ദുർനടപ്പിൽ നിന്നുമൊക്കെ മാനസാന്തരത്തിനായി 17 വർഷ മാണ് മോനിക്ക കണ്ണീരോടെ പ്രാർത്ഥിച്ചത്. അതിന്റെ ഫലമായി അഗസ്റ്റിൻ വിശ്വാസത്തിലേക്ക് മടങ്ങിയെ ന്നു മാത്രമല്ല ലോകം കണ്ട മഹാനായ ദൈവശാസ്ത്ര ജ്ഞനുമായി. മക്കളുടെ മാനസാ ന്തരത്തിനും ആത്മീയ ഉണർവിനും വേണ്ടി പ്രാർത്ഥിക്കുന്ന എല്ലാ അമ്മമാർക്കും വി. മോനിക്ക ഒരു മാതൃകയാണ്.

വി. ജിയന്ന ബെരേറ്റ മൊള്ള

ജനിക്കാനിരിക്കുന്ന തന്റെ കുഞ്ഞിനു വേണ്ടി ജീവൻ സമർപ്പിച്ച ഒരു അമ്മയാണ് വി. ജിയന്ന. 20-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു ഇറ്റാലിയൻ ശിശുരോഗവിദഗ്ദയായ ജിയന്ന താൻ ഗർഭിണി യായിരിക്കെ ഒരു ആരോഗ്യപ്രശ്നം നേരിട്ടു. ജീവനും മരണത്തിനുമിടയിൽ കുഞ്ഞിന്റെ ജീവൻ സംരക്ഷിക്ക പ്പെട്ടണമെന്ന് നിർബന്ധം പിടിച്ച ഈ അമ്മ, കുഞ്ഞിന് ജന്മം നൽകിയതിനെ തുടർന്ന് മരണ മടഞ്ഞു. ഈ അമ്മ അമ്മമാ രുടെയും, വൈദ്യന്മാരുടെയും, പ്രോലൈഫ് സംഘാടകരുടെയും മദ്ധ്യസ്ഥയാണ്.

വാഴ്ത്തപ്പെട്ട മാർഗ്ഗരറ്റ് ബോസ്കോ

വി. ജോൺ ബോസ്കോയുടെ അമ്മയാണ് വാഴ്ത്തപ്പെട്ട മാർഗ്ഗരറ്റ് ബോസ്കോ. യൗവന ത്തിൽ തന്നെ വിധവയായ മാർഗ്ഗരറ്റ് വലിയ ദാരിദ്രത്തിനി ടയിലാണ് ജോൺ ബോസ്കോ യെയും സഹോദര ങ്ങളെയും വളർത്തിയത്. പാവപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും വേണ്ടി തന്റെ ജീവിതം മാറ്റിവച്ച വി. ജോൺ ബോസ്കോ അപ്രകാരം ചെയ്യുന്നതിന് പിന്നിൽ പ്രചോദന മായത് അദ്ദേഹത്തിന്റെ അമ്മ തങ്ങൾക്കായി ചെയ്ത ത്യാഗങ്ങൾ കണ്ടു വളർന്നതുകൊണ്ടു കൂടിയാണ്.

വി. എമ്മേലിയ

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഈ വിശുദ്ധ അറിയപ്പെടുക വിശുദ്ധരുടെ അമ്മ എന്നാണ്. എമ്മേലിയയും ഭർത്താവ് ബേസിലും (Basil the Elder) പത്തു മക്കളെയാണ് വളർത്തിയത്. അതിൽ പലരും വിശുദ്ധരായി. വി. ബേസിൽ (St. Basil the Great), വി. ഗ്രിഗറി (St. Gregory of Nyssa), വി. മക്രിന (St. Macrina the Younger) എന്നിവർ ഈ വിശുദ്ധയുടെ മക്കളാണ്. കുടുംബത്തിൽ വിശ്വാസം ശരിയായി നൽകിയാൻ അത് എപ്രകാരം ഫലം പുറപ്പെടുവിക്കും എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഈ അമ്മ നൽകുന്നത്.

നാൻസി ഹാങ്ങ്സ് ലിങ്കൻ

അമേരിക്കയുടെ 16-ാം പ്രസിഡന്റായ എബ്രഹാം ലിങ്കനെ ഏറെ സ്വാധീനിച്ച വ്യക്തി അദ്ദേഹ ത്തിന്റെ അമ്മ നാൻസി ഹാങ്ങ്സ് ലിങ്കൻ ആണ്. എബ്രഹാം ലിങ്കന്റെ ചെറുപ്പത്തിലെ തന്നെ അദ്ദേഹ ത്തിന് അമ്മയെ നഷ്ടമാ യെങ്കിലും, ആഴമായ ധാർമ്മിക ബോധവും, സാക്ഷരതയും, അനുകമ്പയും അടക്കമുള്ള മൂല്യങ്ങൾ തന്നിലേക്ക് പകർന്നു നൽകിയത് അമ്മയാണെന്ന് അദ്ദേഹം തന്നെ പറയുന്നു.

പുത്‌ലിബായ്

തന്റെ അമ്മ പുത്‌ലിബായ് പകർന്നു നൽകിയ ആഴമായ ആത്മീയതയെക്കുറിച്ച് ഗാന്ധി തന്നെ പറഞ്ഞിട്ടുണ്ട്. അമ്മയുടെ സ്വാധീനത്തിൽ നിന്നുമാണ് അക്രമരാഹിത്യം, സത്യം, ലാളിത്യം, ഭക്തി മുതലായ മൂല്യങ്ങൾ ഗാന്ധിയുടെ ജീവിതദർശനമായത്.

നാൻസി എഡിസൺ

പഠിക്കാൻ കഴിവില്ലാത്തവനായി കണ്ട് സ്കൂൾ അദ്ധ്യാപകർ എഡിസനെ കൈവിട്ടപ്പോൾ, അമ്മ നാൻസി എഡിസൻ എന്ന മകന്റെ വിദ്യാഭ്യാസ ചുമതല ഏറ്റെടുത്തു. വീട്ടിൽ വച്ചു തന്നെ അവനെ അവൾ പഠിപ്പിച്ചു. ലോകം കണ്ട മഹാന്മാരായ ശാസ്ത്രജ്ഞരിൽ ഒരാളായ തോമസ് ആൽവ എഡിസനെ അപ്രകാരമാക്കി യതിൽ ഈ അമ്മയുടെ പങ്ക് ഏറെ വലുതാണ്.

ആഷിയമ്മ

ഇന്ത്യയുടെ പ്രസിഡന്റും ശസ്ത്രജ്ഞനും ആയിരുന്ന എ.പി.ജെ. അബ്ദുൾ കലാമിന്റെ അമ്മ യാണ് ആഷിയമ്മ. അധികം വിദ്യാഭ്യാസം ഇല്ലായിരുന്നെങ്കിലും ആഷിയമ്മയാണ് തനിക്ക് മൂല്യ ബോധം നൽകിയതെന്ന് കലാം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സത്യസന്ധതയും, അച്ചടക്കവും, ദൈവ വിശ്വാസവും തനിക്ക് പകർന്നു നൽകിയത് അമ്മയാ ണെന്ന് ഒരിക്കൽ അദ്ദേഹം പറഞ്ഞു.

അഭിമുഖം

നസറത്തിലെ നല്ലപാഠങ്ങൾ

ആകസ്മികമായി നമ്മെ തേടിയെത്തുന്ന പ്രതിസന്ധികളിൽ പതറാതെ തമ്പുരാന്റെ കൈയിൽ മുറുകെപ്പിടിച്ച് ധൈര്യപൂർവ്വം നടക്കുന്നതാണ് യഥാർത്ഥ വിശ്വാസ സാക്ഷ്യം. പ്രതീക്ഷയുടെ തിരിനാളത്തിനിടയിലും ഒറ്റപ്പെടുത്തലുകളും കുറ്റപ്പെടുത്തലുകളും അവഗണനകളുമൊക്കെ ജീവിതത്തിൽ കരുത്തായ് മാറ്റിയ മൂന്ന് കുടുംബങ്ങളെ പരിചയപ്പെടാം. ഇവർക്ക് താങ്ങായ് മാറിയത് അടിയുറച്ച ദൈവവിശ്വാസവും അചഞ്ചലമായ മനക്കരുത്തും തന്നെയാണ്. പ്രത്യാശയുടെ തീർത്ഥാടകരായ് ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ നമുക്ക് പ്രചോദനമാകണം ഈ കുടുംബങ്ങൾ.

അനുദിനമുള്ള ദിവ്യബലിയും കുടുംബാംഗങ്ങൾ ഒരുമിച്ചുചേർന്നുള്ള കുടുംബ പ്രാർത്ഥനയും ഒരിക്കലും മുടങ്ങാതിരിക്കുക എന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ പ്രാർഥനയെന്നാണ് കർത്തേടം സെന്റ് ജോർജ് ഇടവകാംഗം കാരിക്കശ്ശേരി ആന്റണി ഫ്രാൻസിസിന്റെ സാക്ഷ്യം. ഞങ്ങളുടെ ജീവിതത്തിൽ അത് വലിയ ശക്തിയും പ്രചോദനവുമാണ്. ജീവിതത്തിന്റെ പ്രതിസന്ധി ഘട്ടങ്ങളിൽ ഞങ്ങൾ ഈശോയെ ചേർത്തുപിടിച്ചു നടന്നതുകൊണ്ട് ഒരു അലട്ടലും ഞങ്ങളെ ബാധിച്ചില്ല. ഓരോ ദിവസവും അനുദിന ദിവ്യബലി കൂടിക്കൊണ്ടാണ് ഞാൻ എന്റെ ദിവസം ആരംഭിക്കുന്നത്. ജീവിതത്തിൽ എന്തൊക്കെ ബുദ്ധിമുട്ടുകളും വേദനകളും വന്നാലും എന്റെ കർത്താവ് നോക്കിക്കൊള്ളുമെന്ന ഉറപ്പാണ് എന്നെയും എന്റെ കുടുംബത്തെയും മുന്നോട്ട് നയിക്കുന്നത്.

ചാത്യാത്ത് സെന്റ് ജോസഫ് ഹൈസ്കൂളിൽ ഓഫീസ് സ്റ്റാഫായി ജോലി ചെയ്യുകയാണ് ആന്റണി. ഭാര്യ നിഷ ആന്റണി. ചാത്യാത്ത് ഘങ്ങഇഇ സ്കൂളിൽ ടീച്ചറായി ജോലി ചെയ്യുന്നു. മൂത്ത മകൻ ഐവൻ ആന്റണി ഡിഗ്രിക്ക് പഠിക്കുന്നു. ഇളയ മകൾ - ജെനീവ ആന്റണി 10-ാം ക്ലാസിൽ പരീക്ഷ എഴുതിയിരിക്കുന്നു. മക്കൾ രണ്ടുപേരും എത്രവലിയ തിരക്കുകൾ ഉണ്ടെങ്കിലും എന്നും പള്ളിയിൽ പോയി ദിവ്യബലിയിൽ സംബന്ധിച്ചിട്ടേ പഠിക്കുവാൻ പോകുകയുള്ളൂ. ഏറ്റവും വലിയ പ്രാർത്ഥന ദിവ്യബലിയാണെന്ന് മാതാപിതാക്കളോടൊപ്പം മക്കളും പറയുന്നു.

പ്രതിസന്ധി നിറഞ്ഞ കാലഘട്ടങ്ങളിൽ താങ്ങായി മാറാൻ സ്വന്തം കുടുംബം കൂടെയുണ്ടെങ്കിൽ നമുക്ക് അതൊരു ചാലകശക്തി തന്നെയാണ്. പലപ്പോഴും എന്റെ കൂടെ താങ്ങും തണലുമായി ഉണ്ടായത് എന്റെ കുടുംബാംഗങ്ങൾ ആണ്. പ്രത്യേകിച്ച് ഭാര്യയും മക്കളുമാണ്. പിന്നെ ഞങ്ങൾക്കായി പ്രാർത്ഥിക്കുവാൻ ദൈവസന്നിധിയിലേക്ക് യാത്ര ചെയ്ത എന്റെ മാതാപിതാക്കളുമുണ്ട്. ദൈവവചനം ദൈവത്തിന്റെ വാക്കുകളാണെന്ന ഉറച്ച വിശ്വാസവും ഉണ്ട്. ഈശോയുടെ കൂടെ തന്നെ നടന്നാൽ ഏത് പ്രതിസന്ധിയും നേരിടാം. ആന്റണി പറയുന്നു.

ഞങ്ങൾ മക്കളെ ദൈവത്തോട് ചേർത്ത് നിർത്തി വളർത്തിയവരാണ്. എന്ത് പരീക്ഷണങ്ങൾ വന്നാലും ശക്തിയായി അവരുടെ ഈശോ കൂടെയുണ്ട് എന്നുള്ള ഉറച്ച വിശ്വാസമാണ് എന്നും ഈ കുടുംബത്തെ മുന്നോട്ട് നയിക്കുന്നത്. ഈശോയെ ഒരു കൂട്ടുകാരനെ പോലെ കണ്ട് വ്യക്തിഗത പ്രാർത്ഥന നടത്തുന്നതാണ് പ്രത്യേക ശക്തിയായി ഞങ്ങൾ മനസിലാക്കുന്നത്. ഓരോ പ്രതിസന്ധിയും തരണം ചെയ്യാനുള്ള ദൈവവചനം വിശുദ്ധ ഗ്രന്ഥത്തിലുണ്ട്. അത് പല ആവർത്തി ഉരുവിടുക. അപ്പോൾ നമുക്ക് എന്തിനേയും അതിജീവിക്കാനുള്ള ഊർജം ലഭിക്കും. അതാണ് മറ്റുള്ളവരോട് ഞങ്ങൾക്ക് പറയാനുള്ളത്.

സിബി ജോയ്

കാവൽ മാലാഖയുടെ കാവലുള്ള കുടുംബം

ജീവിതത്തിൽ സന്തോഷങ്ങൾ മാത്രമല്ല പ്രയാസങ്ങളും അനുഭവിച്ച് മക്കൾ വളരണമെന്നാണ് കാക്കനാട് സെന്റ് മൈക്കിൾസ് ഇടവകാംഗം പിടിയഞ്ചേരിൽ മാർട്ടിൻ-മേരി ദമ്പതികളുടെ അഭിപ്രായം. ജീവിതത്തിൽ കഷ്ടപ്പാടുകളൊന്നുമറിയാതെ മക്കളെ വളർത്തുന്നത് അവരോട് ചെയ്യുന്ന ക്രൂരതയാണ്. പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നത് എങ്ങനെയെന്നറിഞ്ഞ് വളർന്നാൽ മാത്രമേ ഭാവി ജീവിതത്തിൽ ഇവർക്ക് അത്തരം അനുഭവങ്ങൾ വരുമ്പോൾ തരണം ചെയ്യാൻ സാധിക്കൂ. അതിനുള്ള പരിശീലനം കോളേജിൽ നിന്നോ മറ്റ് സർവ്വകലാശാലകളിൽ നിന്നോ ലഭിക്കില്ല. സ്വന്തം ഭവനങ്ങളിൽ നിന്നും ജീവിതാനുഭവങ്ങളിലൂടെയും മാത്രമേ ലഭിക്കൂ.

5 മക്കളാണ് ഇവർക്ക്. ആർക്കിടെക്റ്റായ മനു ആണ് മൂത്തമകൻ. രണ്ടാമത്തെയാൾ മെറിൻ ഡെന്റിസ്റ്റാണ്. എംബിഎ പഠനത്തിന് തയ്യാറെടുക്കുകയാണ് മൂന്നാമത്തെ മകൻ മാത്യു. ബി.ബി.എ. എൽഎൽബി മൂന്നാം വർഷം പഠിക്കുകയാണ് നാലാമത്തെ മകൻ മാർക്കസ്. പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞ് റിസൾട്ടിനായി കാത്തിരിക്കുകയാണ് ഏറ്റവും ഇളയ മകൾ മെലിസ്സ.

പഠനകാര്യത്തിൽ ഞങ്ങൾ മക്കൾക്ക് ഒരു സമ്മർദ്ദവും കൊടുത്തിട്ടില്ല. പരീക്ഷകളുടെ ഫലം വന്നാൽ വീട്ടിൽ പോകാൻ പേടിയും മടിയുമുള്ള കുട്ടികളുണ്ടായിരുന്നു അവരുടെ സ്കൂളുകളിൽ. മാർക്ക് കുറഞ്ഞാൽ ശിക്ഷിക്കുകയും വഴക്ക് പറയുകയും ചെയ്യുന്ന മാതാപിതാക്കളുമുണ്ട്. എന്നാൽ അങ്ങനെയൊരു രീതിയല്ലായിരുന്നു ഞങ്ങളുടേത്. ദൈവത്തിന് അവരെക്കുറിച്ച് ഒരു പദ്ധതിയുണ്ട് അതിലേക്കുള്ള വഴിയാണ് ജയവും പരാജയവും എന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. മക്കളുടെ പഠനകാര്യത്തിൽ ഒരു ശ്രദ്ധയുമില്ലാതെ, അവരെ തീരെ വിട്ടുകളയുന്നവരല്ല ഞങ്ങൾ. പക്ഷേ മക്കളെ ഒരു കാര്യത്തിനും അമിതമായി നിർബന്ധിച്ച് ചെയ്യിക്കുന്ന പ്രവണത നല്ലതല്ല. അവരെ വിശുദ്ധരായി വളർത്താൻ ദൈവം നമ്മെ ഏൽപ്പിച്ചതാണ്. നമ്മൾ അവരുടെ സൂക്ഷിപ്പുകാർ മാത്രമാണല്ലോ. മക്കളെ വിശുദ്ധിയിൽ ജീവിക്കാൻ സഹായിക്കുക എന്നതാണല്ലോ മാതാപിതാ ക്കളുടെ പ്രധാന ദൗത്യം. നല്ലൊരു ഡോക്ടറെയോ എൻജിനീയറിയോ ദൈവത്തിനു വേണ്ടി വളർത്താനല്ല ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്നത്. ദൈവത്തിനുവേണ്ടി ജീവിക്കുന്ന മക്കളെ വാർത്തെടുക്കുവാനാണ് അവിടുന്ന് നമ്മെ നിയോഗിച്ചിരിക്കുന്നത്.

അനുദിന ദിവ്യബലിയിലെ പങ്കാളിത്തവും കുടുംബ പ്രാർത്ഥനയുമാണ് ഞങ്ങളുടെ ജീവിത ത്തിലെ ഏറ്റവും വലിയ ശക്തി സ്രോതസ്. വിശുദ്ധ ബലിയിൽ നമ്മുടെ കുടുംബത്തിൽ നിന്നും മരിച്ചുപോയ എല്ലാവരുടെയും ഒരു ലിസ്റ്റ് ഉണ്ടാക്കി ഓരോ ബലിയിലും മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്ന സമയത്ത് അവരെയും, ശുദ്ധീകരണ സ്ഥലത്ത് ആരും പ്രാർഥിക്കാനില്ലാത്തവരെയും സമർപ്പിക്കാനായാൽ നമ്മൾ അർപ്പിക്കുന്ന ഓരോ ബലിയും ഒത്തിരി ആത്മാക്കളുടെ രക്ഷയ്ക്ക് കാരണമാകുമല്ലോ. എയ്ഞ്ചൽസ് ആർമി കൂട്ടായ്മയിലെ സുഹൃത്തുക്കളും കുടുംബങ്ങളും പ്രാർഥനയും സ്നേഹവുമായി എന്നും കരുത്തുപകർന്നു

നൽകിയിട്ടുണ്ട്. നമുക്ക് വേണ്ടി പ്രാർത്ഥി ക്കുന്ന കൂട്ടുകാരുള്ളത് പറഞ്ഞറിയിക്കാനാവാത്ത വലിയ ഊർജ്ജം തന്നെയാണ്.

കുമ്പസാരക്കൂട് ഒരു ക്രൈ സ്തവനെ സംബന്ധിച്ചിടത്തോളം വലിയ ഒരു അഭയ കേന്ദ്രം തന്നെയാണ്. രണ്ടാഴ്ച കൂടുമ്പോൾ കുടുംബസമേതം കുമ്പസാരിക്കാൻ ഒരുമിച്ച് പോകാൻ ശ്രമിക്കാ റുണ്ട്. വല്ലാർപാടം ബസിലിക്കയിലോ, കലൂർ സെന്റ് ആന്റണീസ് നൊവേന പള്ളിയിലോ ആയിരി ക്കും മിക്കവാറും കുമ്പസാരിക്കാൻ പോകുന്നത്. വലിയ കുടുംബമായതിനാൽ കുട്ടികൾ തമ്മിൽ പരസ്പര സ്നേഹവും പങ്കുവയ്ക്കലും ചെറുപ്പം മുതലേ പരിശീലിക്കാൻ സഹായകമാ യിട്ടുണ്ടെന്നു മേരി പറയുന്നു. സ്കൂളിൽ നിന്ന് വരുമ്പോൾ പ്രോ ജക്ട് വർക്കും അസൈൻമെന്റു കളും ചെയ്യുവാനോ മാതാപിതാ ക്കളാണ് സാധാരണ സഹായി ക്കാറുള്ളത് പക്ഷെ ഇളയ മക്കളെ നോക്കാൻ ഉള്ളതു കൊണ്ട് പലപ്പോഴും എനിക്ക് അവരെ സഹായിക്കാൻ സാധിച്ചിട്ടില്ല. അങ്ങനെ ചെറിയ പ്രായം മുതൽ തന്നെ സ്വയം പര്യാപ്തതയി ലേക്ക് വളരാൻ അവരെ സഹായിച്ചു.

നമ്മുടെ സങ്കടങ്ങളുടെ കണ്ണീര് തുടക്കാൻ പലപ്പോഴും മാലാഖമാരെ അയക്കാറുണ്ട് എന്നാണല്ലോ വിശ്വാസം. അനേകരുടെ പ്രാർത്ഥന ഇന്നും ഞങ്ങൾക്കുളത് കൊണ്ടാണ് ഈശോയിൽ ഉള്ള വിശ്വാസത്തെ മുറുകെ പിടിച്ചു മുന്നോട്ടു പോകുവാൻ ഞങ്ങൾക്ക് സാധിക്കുന്നത്.

ദൈവം കൂടെയുള്ളപ്പോൾ ആരെ ഭയപ്പെടണം

ദൈവം അറിയാതെയും, അനുവദിക്കാതെയും നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവി

ക്കുകയില്ലെന്ന് ഉറച്ച് വിശ്വസി ക്കുകയാണ് ഉണിച്ചിറ സെന്റ് ജൂഡ് ഇടവകാംഗം കൊല്ലംപറ മ്പിൽ സ്വപ്ന ഷെറിയും കുടുംബവും. അപ്രതീക്ഷിതമായി കടന്നുവന്ന പ്രതിസന്ധികളിൽ പതറാതെ മുന്നോട്ടു കുതിക്കാൻ ശക്തി നൽകിയത് വി. കുർബാന യും, ജപമാലയും, സക്രാരിയിലെ ദിവ്യകാരുണ്യ സാന്നിധ്യവും അനേകം പേരുടെ പ്രാർത്ഥനക ളും പിന്തുണയുമാണെന്ന് സ്വപ്ന പറയുന്നു.

ജീസസ് യൂത്ത് അംഗമായിരുന്ന ഭർത്താവ് ഷെറി ജോസ് എട്ടു വർഷം മുൻപ് ബ്രെയിൻ ട്യൂമർ ബാധിച്ച് വിടപറഞ്ഞപ്പോൾ മൂത്തമകൻ നാലാം ക്ലാസിലും രണ്ടാമത്തെ മകൻ രണ്ടാം ക്ലാസി ലുമായിരുന്നു. സാമ്പത്തിക പ്രതിസന്ധിയും, തെറ്റിദ്ധാരണക ളും, ഒറ്റപ്പെടലുകളും, മുറിപ്പെടു ത്തലുകളും അങ്ങനെ ഒരുപാട് ഘട്ടങ്ങളിലൂടെ കടന്നുപോയ സമയങ്ങൾ. എല്ലാ വെക്കേഷനും കുട്ടികളുമായി നോർത്ത് ഇൻഡ്യ യിൽ മിഷനു പോകുമായിരുന്നു. സാധാരണ സ്കൂൾ ആണെങ്കിൽ വെക്കേഷൻ ആകാൻ കാത്തിരിക്ക ണം. മിഷൻ പ്രവർത്തനത്തിന് ആ ബുദ്ധിമുട്ട് ഒഴിവാക്കാനാണ് ഹോം സ്കൂളിംഗ് തിരഞ്ഞെടുത്തത്. അപ്പോഴാണ് ഷെറി ചേട്ടന്റെ മരണം. എങ്കിലും ആ വർഷം തന്നെ കുട്ടികൾ ആ രീതിയിൽ പഠനമാരംഭിച്ചു. പഠനവും പാഠ്യേ തര വിഷയങ്ങളും കുട്ടികൾ പരിശീലിച്ചു.

മകൻ സെനോ പത്താം ക്ലാസി ലേക്ക് കടന്നപ്പോൾ സയൻസിനും കണക്കിനുമൊക്കെ കൂടുതൽ സഹായം ആവശ്യമാണെന്ന് തോന്നി. ആ സമയത്താണ് ഞങ്ങളുടെ കുടുംബ സുഹൃത്തും സംഗീതസംവിധായകനുമായ അൽഫോൻസ് ചേട്ടൻ ലൈഫ് സ്കൂൾ ഇന്റർ നാഷണലിനെ കുറിച്ച് പറയുന്നത്. ഇപ്പോൾ മൂത്തമകൻ സെനോ ജോസ് മെഡിക്കൽ എൻട്രൻസിനുള്ള നീറ്റ് പരീക്ഷ പരിശീലനത്തിനായി ആലപ്പുഴ തുമ്പോളി ക്രൈസ്റ്റ് കോളേജിൽ പഠിക്കുകയാണ്. ഇളയ മകൻ ഇയാൻ പ്ലസ് ടു വിദ്യാർത്ഥിയാണ് മുളന്തുരുത്തി ലൈഫ് സ്കൂൾ ഇൻറർനാഷണലിലാണ് പഠിക്കു

ന്നത്. രണ്ട് മക്കളും രണ്ട് സ്ഥല ത്താണെങ്കിലും ദിവ്യബലിയും ജപമാലയും ബൈബിൾ വായന യും ഒന്നും ഒഴിവാക്കാറില്ല. മക്കൾ രണ്ടുപേരും ഇന്നും അൾത്താര ബാലന്മാരായി ദേവാലയത്തിൽ സഹായിക്കാൻ പോകുന്നവരാണ്.

നിരവധി പ്രതിസന്ധികൾ അതിജീവിച്ചു കൊണ്ടാണ് ഞങ്ങൾ ഇവിടം വരെ എത്തിയത്. അപ്രതീ ക്ഷിതമായി വന്ന ഭർത്താവിന്റെ രോഗാവസ്ഥ ജീവിതത്തെ തകിടം മറിക്കുന്നതായിരുന്നു. പക്ഷേ അവിടെയൊക്കെ പിടിച്ചുനിൽക്കാനായത് പ്രാർത്ഥനയുടെ ശക്തി ഒന്നുകൊണ്ടുമാത്രമാണ്. ദിവ്യബലിയിലും, ജപമാലയിലും, ദിവ്യകാരുണ്യ ആരാധനയിലും ഞങ്ങൾ മുടങ്ങാതെ പങ്കെടു ക്കുന്നു. കോവിഡ് കാലയളവിൽ പോലും വിരലിൽ എണ്ണാവുന്ന ദിവസങ്ങൾ മാത്രമെ ഞങ്ങൾക്ക് വി. ബലിയിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നുള്ളൂ. ഓൺലൈ നിലൂടെ സംപ്രേഷണം ചെയ്യാറു ള്ള ദിവ്യബലിയിൽ അൾത്താര ബാലകരായി സഹായിക്കാൻ തിരഞ്ഞെടുത്തതു മൂലം ദിവ്യബലിയിൽ പങ്കെടുക്കാനായി.

ഷെറി ചേട്ടൻ മരിക്കുന്ന ദിവസം വരെ കുർബാന സ്വീകരണം മുടക്കിയിട്ടില്ല. മക്കളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം കാണണമെന്ന് വലിയ ആഗ്രഹ മായിരുന്നു. പക്ഷേ അപ്പോഴേക്കും രോഗം മൂർച്ഛിച്ചു. ഷെറി ചേട്ടന് വരാൻ സാധിച്ചില്ല. ഇളയ മകന് അതിനുള്ള പ്രായമായിട്ടില്ലെങ്കിലും പ്രത്യേക അനുവാദം വാങ്ങിയാണ് നടത്തിയത്. ആ സമയത്ത് എല്ലാവരും പറഞ്ഞു മാറ്റിവെക്കണ മെന്ന്. എന്നാൽ മാറ്റിവെക്കേണ്ട എന്നായിരുന്നു ഞങ്ങളുടെ തീരുമാനം. കാരണം തമ്പുരാൻ തീരുമാനിച്ച ദിവസമാണ്. കുട്ടി കളുടെ ആദ്യകുർബാന സ്വീകര ണം കഴിഞ്ഞ് എട്ടാം ദിവസം ഷെറി ചേട്ടൻ മരിച്ചു. അദ്ദേഹ ത്തിന്റെ ആഗ്രഹം പോലെ ജീവിച്ചിരിക്കുമ്പോൾ തന്നെ മക്കൾ കുർബാന സ്വീകരിച്ചു തുടങ്ങി. അത് ഇന്നുവരെ മുടക്കിയിട്ടില്ല.

എന്റെ കണ്ണുനിറഞ്ഞാൽ ഷെറിയുടെ കണ്ണ് നിറയും എന്നെനിക്കറിയാം. വിഷമങ്ങൾ ഉണ്ടായാൽ ആരെങ്കിലുമൊക്കെ ഒരു ആശ്വാസമായി വിളിക്കും. നമ്മുടെ സങ്കടങ്ങളുടെ കണ്ണീര് തുടക്കാൻ പലപ്പോഴും മാലാഖമാരെ അയക്കാറുണ്ട് എന്നാണല്ലോ വിശ്വാസം. അനേകരുടെ പ്രാർത്ഥന ഇന്നും ഞങ്ങൾക്കുളത് കൊണ്ടാണ് ഈശോയിൽ ഉള്ള വിശ്വാസത്തെ മുറുകെ പിടിച്ചു മുന്നോട്ടു പോകുവാൻ ഞങ്ങൾക്ക് സാധിക്കുന്നത്. ഏശയ്യ 54 എന്നും ഞാൻ മുട്ടിന്മേൽ നിന്ന് വായിക്കും. കടന്നു പോ കുന്ന എല്ലാ പ്രതിസന്ധികളെയും അതിജീവിക്കാനുള്ള ശക്തി ആ വചനങ്ങളിലൂടെ ലഭിക്കുന്നുണ്ട്.

യാത്രയിലായിരിക്കുമ്പോൾ ജപമാല ചൊല്ലിയാണ് ഞങ്ങൾ പോകുന്നത്. അനാവശ്യ സംസാരങ്ങൾ, തർക്കങ്ങൾ, കുറ്റപ്പെടു ത്തലുകൾ എല്ലാം ഒഴിവാക്കാൻ യാത്രയിലെ ജപമാലയിലൂടെ സാധിക്കാറുണ്ട്. രണ്ടുവർഷം മുമ്പ് 50 നോമ്പിനോടൊപ്പം ഞങ്ങൾ ഒരു തീരുമാനം എടുത്തു. ഞായറാഴ്ച കർത്താവിന്റെ ദിവസമാണ്. അന്നേ ദിനം ടിവി കാണാനോ ഫോൺ ഉപയോഗി ക്കാനോ സമയം കളയണ്ട. പ്രാർത്ഥനയും ജപമാലയും നിത്യരാധനയുമായി ആ ദിവസം മാറ്റും. അത്യാവശ്യ കോളുകൾ മാത്രം ഉപയോഗിക്കും. ഓൺലൈ നിലും മൊബൈൽ ഉപയോഗിച്ചും പഠിക്കാനുള്ള കാര്യങ്ങൾ ശനിയാഴ്ച തന്നെ തീർക്കും. സാബത്ത് വിശുദ്ധമായി ആചരിക്കുക എന്ന് ഏശയ്യ 58:13-14 ൽ പറഞ്ഞിരിക്കുന്ന വചനം ജീവിതത്തിൽ പ്രാവർത്തികമാ ക്കുവാനുള്ള ശ്രമം. ദൈവകൃപ യാൽ ഇന്നുവരെ മുടക്കം കൂടാതെ പാലിക്കാൻ സാധിച്ചിട്ടുണ്ട്.

ദൈവത്തിന് അവരെക്കുറിച്ച് ഒരു പദ്ധതിയുണ്ട് അതിലേക്കുള്ള വഴിയാണ് ജയവും പരാജയവും എന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. മക്കളുടെ പഠന കാര്യത്തിൽ ഒരു ശ്രദ്ധയുമില്ലാതെ, അവരെ തീരെ വിട്ടു കളയുന്നവരല്ല ഞങ്ങൾ. പക്ഷേ മക്കളെ ഒരു കാര്യ ത്തിനും അമിതമായി നിർബന്ധിച്ച് ചെയ്യിക്കുന്ന പ്രവണത നല്ലതല്ല.

വരാപ്പുഴയുടെ സുറിയാനി സാമന്തവികാരിയത്തുകൾ

*ജോസഫ് മാനിഷാദ്
മട്ടയ്ക്കൽ
കൊങ്ങോർപ്പിള്ളി*

1599 ജൂൺമാസം റോമൻ കത്തോലിക്കാസഭയോട് ചേർക്കപ്പെട്ട മലബാറിലെ സുറിയാനിസഭയുടെ ആരംഭത്തിലെ വളർച്ചയും 50 വർഷം കഴിഞ്ഞപ്പോഴുണ്ടായ തളർച്ചയും ഇതുവരെയുള്ള 425 വർഷക്കാലത്തെ അനുസ്യൂതമായ ഉയർച്ചയും "ക്വദ്‌യാം പ്രീദം" എന്ന തിരുവെഴുത്ത് വഴി നാലാം ലാറ്ററൻ കൗൺസിലിന്റെ ഒമ്പതാം കാനോനയുടെ അന്തസത്ത കാറ്റിൽ പറത്തി വരാപ്പുഴയുടെ മാറിൽനിന്ന് അകന്നപ്പോഴുണ്ടായ മാറ്റങ്ങളും ഈയടുത്ത കാലത്തായി വന്നുചേർന്നിട്ടുള്ള അജപാലന- ആത്മീയ പ്രശ്നവും അനിശ്ചിതത്വവും അസ്വാരസ്യങ്ങളും ചരിത്രത്തിന്റെ കണ്ണിലൂടെ നോക്കിക്കാണാനുള്ള ഒരു ചെറിയ ശ്രമം ആണിവിടെ.

ഉദയംപേരൂർ എന്ന ഗ്രാമത്തിൽ 1599-ലെ വർഷകാലത്ത് ചേർന്ന സൂനഹദോസ് വഴി, അതുവരെ കത്തോലിക്കാവിശ്വാസം എന്തെന്നറിയാത്ത ഒരു സമൂഹത്തെ നമ്മുടെ സഭയുടെ ചിറകിൻകീഴിൽ വളർത്തി വലുതാക്കിയ ചരിത്രവും പുതിയ ക്രമത്തിൽ തങ്ങൾക്കുള്ള അധികാരവും അവകാശവും നഷ്ടപ്പെടുമെന്നതിൽ വിളറിപൂണ്ടവർ, ഇല്ലാക്കഥ മെനഞ്ഞ് നടത്തിയ കൂനൻകുരിശ് ശപഥവും തുടർന്ന്, ആലങ്ങാട് വച്ച് 12 വൈദികർ ചേർന്ന് ആർച്ച്ഡീക്കനെ മെത്രാനായി വാഴിച്ച അസാധുവായ ചടങ്ങും അതേതുടർന്ന് ഇവരുടെതന്നെ അഭ്യർത്ഥനയാൽ റോമിന്റെ ഇടപെടലും കർമ്മലീത്തരുടെ വരവും മലബാർ വികാരിയത്തിന്റെ സ്ഥാപനവും നമുക്കറിയാം.

തങ്ങളുടെ നാടും വീടും സംസ്കാരവും ഭാഷയും ഭക്ഷണവും ഉപേക്ഷിച്ച് തികച്ചും വ്യത്യസ്ഥമായ കാലാവസ്ഥയിൽ മലബാറിൽ സേവനം ചെയ്യാനെത്തിയ കർമ്മലീത്തരെ, കുറച്ചുപേർ അനുസരിക്കുകയും മറ്റുള്ളവർ തക്കം കിട്ടുമ്പോഴൊക്കെ കഠിനമായി നൊമ്പരിപ്പിക്കുകയും ചെയ്തതും ചരിത്രം. രക്തത്തിൽ അലിഞ്ഞുചേർന്ന നെസ്തോറിയനിസം ഉറക്കത്തിൽനിന്ന് ഇടക്കിടെ തല നീട്ടുകയും മെത്തയിൽനിന്ന് ചാടുകയും ചെയ്തതും ചരിത്രം. റോക്കോസിന്റെ വരവിലും പിന്നീട് മേലൂസിന്റെ വരവിലും ഉറക്കച്ചുവട് വിട്ടെഴുന്നേറ്റതും സ്വന്തം സത്വം സട കുടഞ്ഞുണർന്നതും നമ്മൾ അനുഭവിച്ചവരാണ്.

'കർമ്മലീത്തരായ ഭരണാധികാരികളെ നിരന്തരം പീഡിപ്പിച്ചതു വഴി, വിശുദ്ധരായ ഒരാൾപോലും മലബാർ സഭയിൽ ഇല്ലല്ലോ' എന്ന് സുറിയാനിക്കാരുടെ ആദ്യ വികാരി ജനറാളായി നിയമിതനായ വിശുദ്ധ ചാവറ കുരിയാക്കോസച്ചൻ വിലപിച്ചത് ആരും കേട്ടില്ല, അറിഞ്ഞിട്ടുമില്ല. കൂനൻകുരിശിലൂടെ സ്വതന്ത്രവാദം ഉയർത്തി പോയവരുടെ പിൻതലമുറ, വീണ്ടും സ്വാതന്ത്ര്യത്തിനായി കർമ്മലീത്തരിലെ അധികാരമോഹികളിലൂടെ പിന്നാമ്പുറനടപടികൾ തുടർന്നുകൊണ്ടേയിരുന്നു. അതിൻപ്രകാരം സുറിയാനി, മലയാളം ഉൾപ്പെടെ അനവധി ഭാഷകളിൽ വിദഗ്ദനും അമ്പതിൽപരം ഗ്രന്ഥങ്ങളുടെ

കർത്താവും പുത്തൻപള്ളി സെമിനാരിയുടെ പ്രഥമ റെക്ടറും പ്രഥമതാ, ബച്ചിനെല്ലി പിതാവിന്റെ പ്രതിനിധിയായി മാന്നാനത്തെത്തി കുരിയാക്കോസച്ചന്റെയും സഭാംഗങ്ങളുടെയും കാനോനികനടപടി പൂർത്തീകരിക്കുകയും ചെയ്ത അഭിവന്ദ്യ മർസലിൻ ആ സാന്താ ത്രേസ്യായെ വരാപ്പുഴ മെത്രാപ്പോലീത്തായുടെ പിന്തുടർച്ചയുള്ള സഹായമെത്രാനും (കോ-അഡ്ജുത്തോർ വികാരി അപ്പസ്തോലിക്ക) സുറിയാനിക്കാരുടെ വിശേഷാൽ ചുമതലയും റോം ഏല്പിച്ചു. 1877 മുതൽ ഇങ്ങനെയൊരു സംവിധാനത്തിൽ ആണ് സ്വാതന്ത്ര്യവാദത്തിന്റെ പിന്നാമ്പുറനടപടികൾക്ക് റോം അനുമതി നല്കിയത്.

ഏഴ് വ്യാകുലങ്ങൾ എന്നറിയപ്പെട്ട ഏഴ് വൈദികർ വരാപ്പുഴ മെത്രാപ്പോലീത്തയായിരുന്ന ലെയൊണാർഡ് മെല്ലാനോ പിതാവിനെതിരെ തുടരെത്തുടരെ റോമിലേക്ക് കത്തുകളയക്കുകയും തങ്ങളിൽനിന്ന് മെത്രാന്മാരെ നിയമിക്കണമെന്ന് റോമിനെ നിർബന്ധിക്കുകയും ചെയ്തു. ഭാരതത്തിൽ പാദ്രോവാദോ സംവിധാനത്തിന് മാന്യമായ അവകാശം നല്കിക്കൊണ്ട്, 1886-ൽ ഹയരാർക്കി സ്ഥാപിച്ചു. കേരളത്തിൽ വരാപ്പുഴ അതിരൂപതയായും കൊല്ലം സാമന്തരൂപതയായും ഉയർത്തപ്പെട്ടു. മെല്ലാനോ പിതാവ് സ്വന്തം ടൈറ്റിലിൽ മെത്രാപ്പോലീത്താ പദവിയിലും മർസലിൻ ബരാർഡി പിതാവ് കോ- അഡ്ജുത്തോർ ആർച്ച്ബിഷപ്പ് പദവിയിലും അവരോധിതരായി.

അധികം വൈകാതെ, മർസലിൻ പിതാവിന്റെയും മെല്ലാനോ പിതാവിന്റെയും പാപ്പായുടെ പ്രതിനിധിയുടെയും നിർദ്ദേശങ്ങൾ സ്വീകരിച്ച്, 9 മാസങ്ങൾക്കകം സുറിയാനിക്കാരെ സ്വതന്ത്രരാക്കി. അവർക്ക് ഒന്നല്ല, രണ്ട് വികാരിയത്തുകൾ നല്കിക്കൊണ്ട് റോം അധികാരം കൈമാറി. 1887 മെയ് 20-ന് തൃശൂരിലും കോട്ടയത്തും ആസ്ഥാനങ്ങളായി, കർമ്മലീത്തരല്ലാത്ത രണ്ട് ലത്തീൻകാരെ മെത്രാന്മാരായി നല്കിക്കൊണ്ടായിരുന്നു ഈ സംവിധാനം പ്രവർത്തനമാരംഭിച്ചത്. "ക്വദ്യാം പ്രിദം" എന്ന തിരുവെഴുത്ത് വഴി നാലാം ലാറ്ററൻ കൗൺസിലിന്റെ ഒമ്പതാം പ്രമാണത്തിന് ഭംഗം വരുത്തിയാണ് ഇരട്ട അധികാരസഭാഭരണരീതിക്ക് കേരളത്തിൽ തുടക്കം കുറിക്കേണ്ടിവന്നത്. ഇതിനെതിരെ വരാപ്പുഴയ്ക്കും ന്യായത്തിനും ഒപ്പംനിന്ന മാന്നാനത്തെ സന്യാസികളിലെ ചിലരെ വഞ്ചകരെന്നും ജൂദാസുകളെന്നും വിശേഷിപ്പിച്ച് റോമിന് മുമ്പ് പരാതി അയച്ചവരിൽ ഒരാൾ പുസ്തകമെഴുതി.

ഇക്കാലത്താണ്, ബച്ചിനെല്ലി പിതാവ് വരാപ്പുഴ വികാരിയായിരിക്കെ 1837-ൽ പണിത കൂനമ്മാവ് പള്ളി, കൂനമ്മാവ് ഇടവകയുടെ നൂറ്റിക്കൊന്ന് അംഗസംഖ്യയുള്ള സുറിയാനിക്കാരുടേതാണെന്ന് അവകാശപ്പെട്ടും സെന്റ് ഫിലോമിന ആശ്രമത്തിൽ ഏതാനും വർഷം താമസിച്ചതിന്റെ പേരിൽ അതും വേണമെന്ന് ലത്തീൻകാരനായ തൃശൂർ മെത്രാൻ, മെല്ലാനോ പിതാവിനെ കേൾക്കാതെ, തന്റെ ഉപദേശകരുടെ വാക്ക് കേട്ട് അവകാശമുന്നയിക്കുകയും പള്ളി പൂട്ടിക്കുകയും ചെയ്തു. കൂനമ്മാവിൽ മൂന്ന് ലത്തീൻകാർക്ക് മൂന്നുമുറി പനമ്പുമഠം പണിത കാലത്ത് ചാവറ കുരിയാക്കോസച്ചൻ അവിടെ ലെയോപ്പോൾഡച്ചനോടൊപ്പം നിന്നതിന്റെ പേരിൽ ഇപ്പോൾ സ്ഥാപകനെന്ന് വിളിക്കുന്നു. മഠം പണി തീരാറായപ്പോൾ കുരിയാക്കോസച്ചൻ വൈക്കത്തുനിന്നും കൊണ്ടുവന്ന സുറിയാനിക്കാരിയെ മദർ ഏലീശ്വ ചേർത്തതിന്റെ പേരിൽ പിന്നീട് എണ്ണം കൂടുകയും സുറിയാനിക്കാരി മദർ ഉണ്ടാവുകയും തൃശൂർ വികാരിയത്ത് ആയപ്പോൾ ആ മഠം തങ്ങളുടേതെന്ന് അവകാശമുന്നയിക്കുകയും ചെയ്തു.

ലത്തീൻകാർ പൊതുവെ ശാന്തരും റോമിനെ അനുസരിക്കുന്നവരുമായതിനാലും സുറിയാനിക്കാർ പണ്ടുമുതലേ ശല്യക്കാരും മെത്തയിൽ കിടക്കാത്തവരുമായതിനാലും റോം അന്യായമായ ഒരു തീർപ്പ് കല്പിച്ചു. കൂനമ്മാവ് പള്ളിയും ആശ്രമവും ലത്തീൻകാർക്കും ഏലീശ്വാമ്മയുടെ മഠം സുറിയാനിക്കാർക്കും. ഏതാനും നാൾ താമസിച്ച ആശ്രമവും പള്ളിയും ഉപേക്ഷിക്കണമെങ്കിൽ നല്ലൊരു തുക നഷ്ടപരിഹാരംകൊടുക്കണം, ഏലീശ്വാമ്മ സ്വന്തം പറമ്പിൽനിന്നും മഠത്തിൽനിന്നും കൈവീശി ഇറങ്ങുകയും വേണം. തൃശൂർ മെത്രാന് തിരിച്ചറിവ് വന്നപ്പോഴേക്കും വരാപ്പുഴയ്ക്ക് എല്ലാം നഷ്ടമായിരുന്നു.

ഇക്കാലത്ത് വരാപ്പുഴ അതിരൂപതയുടെ സാമന്തരൂപതകളായ കൊല്ലം, തൃശൂർ, കോട്ടയം എന്നിവയെ ചേർത്ത് ഒരു പ്രൊവിൻഷ്യൽ സിനഡ് മഞ്ഞുമ്മലിൽ ചേർന്നു. കത്തോലിക്കാസഭയിൽ മുമ്പ് നടന്ന വിവിധ സൂനഹദോസുകളുടെ ചുവട് പിടിച്ച് അതിരൂപതയിൽ മുമ്പ് നടന്ന സിനഡുകളുടെ തീരുമാനങ്ങളിൽ പലതും സാമന്തരൂപതകളിലും പ്രാവർത്തികമാക്കാനുള്ള റോമിന്റെ നിർദ്ദേശവും റോമിന്റെ പ്രതിനിധിയുടെ സാന്നിധ്യവും ഈ സിനഡിലുണ്ടായിരുന്നു. 1894-ൽ നടന്ന ഈ പ്രാദേശികസിനഡിന്റെ തീരുമാനങ്ങൾ 5 വർഷങ്ങൾക്കുശേഷമാണ് റോം അംഗീകരിച്ചതും പ്രസിദ്ധീകരിച്ചതും.

കോട്ടയം മെത്രാൻ ഭരണസൗകര്യത്തിന് ആസ്ഥാനം ചങ്ങനാശ്ശേരിയിലേക്ക് മാറ്റിയിരുന്നു. താമസിച്ചില്ല, 9 വർഷത്തെ സേവനത്തിൽനിന്നും ലത്തീൻ മെത്രാന്മാരെയും ഒഴിവാക്കി 1896-ൽ സ്വന്തം മെത്രാന്മാരെ നല്കിക്കൊണ്ട് സുറിയാനിക്കാരുടെ രണ്ടാമത്തെ ആഗ്രഹം നിവർത്തിയാക്കി. ഇത്തവണ തൃശൂർ കൂടാതെ, കോട്ടയം എന്നത് ചങ്ങനാശ്ശേരി എന്നാക്കുകയും മൂന്നാമതൊരു വികാരിയത്ത് എറണാകുളത്ത് സ്ഥാപിക്കുകയും ചെയ്തു. മുമ്പ് വരാപ്പുഴ മെത്രാപ്പോലീത്താക്കെതിരെ റോമിന് കത്തുകളെഴുതിയ വൈദികൻവരെ ഇവിടെത്തന്നെ മെത്രാനായി. മെത്രാനായശേഷം നിശബ്ദനായ അദ്ദേഹം, തങ്ങൾക്കുവേണ്ടി കർമ്മലീത്തർക്കെതിരെ സ്വതന്ത്രവാദത്തിന്റെ ചുക്കാൻ പിടിച്ച നിധീരി

ക്കൽ മാണി കത്തനാരെ (കൂനമ്മാക്കൽ തോമ കത്തനാർ) വേണ്ട വിധം ആദരിക്കാനാകാതെ സൗകര്യപൂർവ്വം മറന്നതും മറ്റൊരു ചരിത്രം.

കാനായ വിഭാഗത്തിനായി കോട്ടയം എന്ന പേരിൽ 1911-ൽ ഒരു വികാരിയത്ത് കൂടി വരാപ്പുഴയുടെ കീഴിൽവന്നു. തീർന്നില്ല, ആവശ്യം. വരാപ്പുഴയുടെ കീഴിൽ 4 സുറിയാനി വികാരിയത്തുകളായപ്പോൾ വരാപ്പുഴയിൽനിന്നും മാറി തങ്ങൾക്ക് സ്വയം ഭരണാവകാശം കിട്ടണമെന്ന മുറവിളി വർദ്ധിച്ചു. 1823-ൽ സീറോ മലബാർ ഹയരാർക്കി സ്ഥാപിച്ചുകൊണ്ട് മൂന്നാമത്തെ ആഗ്രഹവും നടപ്പിലാക്കി. എറണാകുളത്തെ അതിരൂപതയും ആസ്ഥാനവുമാക്കിക്കൊണ്ടായിരുന്നു റോമിന്റെ തീർപ്പ്. കാലങ്ങൾ കഴിഞ്ഞതോടെ രൂപതകൾ വർദ്ധിക്കുകയും വടക്കൻ കേരളത്തിൽ കോഴിക്കോട് രൂപതയുടെ പള്ളികളും സ്കൂളുകളും വിട്ടുനല്കിക്കൊണ്ട് തലശ്ശേരി രൂപത സ്ഥാപിക്കുകയും ചെയ്തു. എറണാകുളം അതിരൂപതാദ്ധ്യക്ഷൻ കർദ്ദിനാളും പിന്നീട് മേജർ ആർച്ച്ബിഷപ്പുമൊക്കെയായി.

കർമ്മലീത്തർക്കും വരാപ്പുഴക്കുമെതിരെ നടത്തിയ 'അങ്കമാലി പടിയോല' പോലുള്ള അനവധി പ്രശ്നങ്ങൾ ഇപ്പോൾ സ്വന്തം സഭയ്ക്കുള്ളിൽ അരങ്ങേറുമ്പോൾ, പഴയ കല്ദായവാദത്തിന്റെ പുതിയ പതിപ്പിനായി പരസ്പരം പോരടിക്കുമ്പോൾ, കുറിയാക്കോസച്ചൻ പറഞ്ഞ വാക്കുകൾ ഇന്നും പ്രസക്തമാണ് – "കർമ്മലീത്തരായ ഭരണാധികാരികളെ നിരന്തരം പീഡിപ്പിച്ചതു വഴി, ..." ... മലബാർ സഭയിൽ പ്രശ്നങ്ങൾ തീരുന്നില്ലല്ലോ' ഒരിക്കൽ വരാപ്പുഴയുടെ ചിറകിൻ കീഴിലായിരുന്ന സുറിയാനിസഭയിൽ, "കദ്യാം പ്രിദം" എന്ന തിരുവെഴുത്തിന്റെ വാർഷികത്തിനെങ്കിലും സമാധാനം പുലരട്ടെ.

വാർത്തകൾ

NEWS

202527 കാലയളവിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കുടുംബയൂണിറ്റ് കേന്ദ്ര നിർവ്വാഹക സമിതിയുടെ സത്യപ്രതിജ്ഞ ചടങ്ങ് ഉദ്ഘാടനംഅഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ മെത്രോപ്പോലിത്ത നിർവ്വഹിക്കുന്നു.

കേരളത്തിന്റെ ആദ്യ സന്ന്യാസിനി മദർ ഏലീശ്വയുടെ വാഴ്ത്തപ്പെട്ട പദവിയ്ക്ക് വേദിയൊരുങ്ങുന്നു

പ്രത്യാശയുടെ തീർത്ഥാടകർ എന്ന മുദ്രാവാക്യവുമായി തിരുസഭ 2025 ജൂബിലി വർഷത്തിന്റെ അനുഗ്രഹ നിറവിൽ നിൽക്കുമ്പോൾ, കേരള സഭയുടെ ചരിത്രത്തിൽ സുവർണ്ണ ശോഭ പരത്തിയ ആദ്യ സന്ന്യാസിനീ സമൂഹമായ കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭയുടെ (റ്റി.ഒ.സി.ഡി), ഇന്നത്തെ സി.എം.സി, സി.റ്റി.സി. സന്ന്യാസിനീ സമൂഹങ്ങൾ ഉൾപ്പെട്ടത്) സ്ഥാപികയായ മദർ ഏലീശ്വയെ 2025 ഏപ്രിൽ മാസം 14-ാം തീയതി വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തപ്പെടാൻ അർഹയെന്ന് ഫ്രാൻസിസ് പാപ്പ അംഗീകരിച്ചു. മദറിന്റെ മദ്ധ്യസ്ഥതയിൽ നടന്ന അത്ഭുതം സ്ഥിരീകരിച്ചുകൊണ്ട് വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപനം ചെയ്യുന്ന ഡിക്രി പ്രസിദ്ധീകരിക്കാനുള്ള അനുമതി ഫ്രാൻസിസ് പാപ്പ കർദ്ദിനാൾ മാർച്ചെല്ലോ സെമെറോയ്ക്ക് നൽകി. പുണ്യപൂർണ്ണമായ ജീവിതത്തിലൂടെ സമർപ്പിതർക്കു മാത്രമല്ല, ക്രൈസ്തവസഭയ്ക്ക് മുഴുവൻ വിശുദ്ധ ജീവിതത്തിന് മാതൃകയായ സി.റ്റി.സി. സന്ന്യാസിനീ സഭാ സ്ഥാപിക പ്രാദേശിക വണക്കത്തിന് അർഹയാവുന്നതിന്റെ ആത്മീയ നിറവിലാണ് തെരേസ്യൻ കർമ്മലീത്ത സന്ന്യാസിനിമാർക്കൊപ്പം കേരള സഭ മുഴുവനും.

വരാപ്പുഴ വികാരിയാത്തിലെ പ്രധാനപ്പെട്ടതും പൗരാണികവുമായ ഇടവകകളിൽ ഒന്നായ ഓച്ചന്തുരുത്ത് കുരിശിങ്കൽ പള്ളി ഇടവകയിൽപെട്ട, വൈപ്പിശ്ശേരി തറവാട്ടിൽ, 1831 ഒക്ടോബർ 15-ന്, തൊമ്മൻ-താണ്ട ദമ്പതികളുടെ എട്ടു മക്കളിൽ ആദ്യ സന്താനമായാണ് ഏലീശ്വ ജനിച്ചത്. വാകയിൽ വത്തരുവിന്റെ വധുവായി, അന്നയെന്ന കുഞ്ഞിന്റെ അമ്മയായി, 20-ാം വയസ്സിൽ വിധവയായി, അതിനുശേഷം കളപ്പുരയിൽ പ്രാർത്ഥനയ്ക്കായി രൂപപ്പെടുത്തിയ മുറിയിൽ, ദീർഘകാലം പരിത്യാഗത്തിലും, ധ്യാനനിർലീനതയിലും ജീവിച്ച്, കുരിശുമരണം വരെ അനുസരണമുള്ളവനായ ഈശോയുടെ ഒളിക്കപ്പെട്ട ജീവിതത്തോട് താദാത്മ്യം പ്രാപിച്ച മദർ ഏലീശ്വ, കർമ്മലയിലെ ഒരു കൈവഴി കേരള സ്ത്രീകൾക്കു വേണ്ടി ഏറ്റുവാങ്ങുവാൻ ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത സ്ത്രീരത്നമാണ്. മദർ ഏലീശ്വായുടെ സിദ്ധിയിൽ ആകർഷിക്കപ്പെട്ട മകൾ അന്നയും സഹോദരി ത്രേസ്യയുമാണ് സഹസ്ഥാപക

രുടെ പദവി അലങ്കരിച്ചത്. ബെർണ്ണർദീൻ ബെച്ചിനെല്ലി പിതാവ്, 1866 ഫെബ്രുവരി 12-ന് സ്ത്രീകൾക്കായുള്ള കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭയുടെ സ്ഥാപന ഡിക്രി 'ദോക്കുമെന്തും എറക്സിയോനിസ്' ഒപ്പുവച്ച് ഏലീശ്വ, അന്ന, ത്രേസ്യ എന്നീ മൂന്നുപേരെ റ്റി.ഒ.സി.ഡി. സഭയുടെ അടിസ്ഥാന ശിലകളായി പ്രഖ്യാപനം ചെയ്തു. സി.റ്റി.സി. സഭ ഇന്ന് 11 പ്രൊവിൻസുകളിലായി ഏകദേശം 1400 അംഗങ്ങൾ വിവിധ രാജ്യങ്ങളിൽ വിവിധ പ്രേഷിതപ്രവർത്തന രംഗങ്ങളിൽ സേവനം ചെയ്യുന്നു. 1913 ജൂലൈ മാസം 18-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട മദർ ഏലീശ്വ 2008 മാർച്ച് 6-ന് ദൈവദാസിയായും 2023 നവംബർ 8-ന് ധന്യയായും പ്രഖ്യാപിക്കപ്പെട്ടിരുന്നു.

ഫാ. ഹെൻറി പട്ടരുമഠത്തിൽ ഈശോസഭ കേരള പ്രൊവിൻഷ്യൽ സുപ്പീരിയർ



ഈശോസഭ കേരള പ്രവിശ്യയുടെ പ്രൊവിൻഷ്യൽ സുപ്പീരിയറായി ഫാ. ഹെൻറി പട്ടരുമഠത്തിലിനെ സഭയുടെ സുപ്പീരിയർ ജനറൽ ഫാ. അർത്തുറോ സോസ നിയമിച്ചു. ജൂണിൽ സ്ഥാനമേൽക്കും. വരാപ്പുഴ അതിരൂപതയിലെ പൊറ്റക്കുഴി ഇടവക അംഗമാണ്. റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കും ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഫസറും ഡീനും പൊന്തിഫിക്കൽ ബൈബിൾ കമ്മീഷനിലെ അംഗവുമാണ്.

കോഴിക്കോട് അതിരൂപതയ്ക്ക് പ്രാർത്ഥന മംഗളങ്ങൾ - ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപറമ്പിൽ

സ്ഥാപനത്തിന്റെ 102 വർഷങ്ങൾ പൂർത്തിയാക്കിയ കോഴിക്കോട് രൂപതയ്ക്ക് പരിശുദ്ധ പിതാവ് നൽകിയ പുണ്യ സമ്മാനമായ അതിരൂപത പദവിയിൽ ഞാൻ ഏറെ ആനന്ദിക്കുകയും കോഴിക്കോട് രൂപതയുടെ മുൻ മെത്രാൻ എന്ന നിലയിൽ അഭിമാനിക്കുകയും ചെയ്യുന്നു. മലബാർ പ്രദേശത്തെ ക്രൈസ്തവ സഭയ്ക്ക് അമ്മയായി നിലകൊള്ളുന്ന, ചരിത്രപരമായ വിശ്വാസപാരമ്പര്യത്താൽ ധന്യമായ കോഴിക്കോട് രൂപതയ്ക്ക് ലഭിച്ച ജൂബിലി സമ്മാനമാണി അതിരൂപത സ്ഥാനലബ്ധി.കേരള ലത്തീൻ സഭയിലെ മൂന്നാമത്തെ അതിരൂപതയായ കോഴിക്കോട് രൂപത നിലവിൽ വരുമ്പോൾ, മലബാറിന്റെ മണ്ണിൽ വിശ്വാസദീപനാളം കത്തിജ്വലിപ്പിച്ച മഹാ മിഷനറിമാരുടെ ത്യാഗോജ്വലമായ ജീവിതങ്ങളെ ഞാൻ കൃതജ്ഞതയോടെ ഓർക്കുന്നു. മലബാർ സഭയുടെ അമ്മയായ കോഴിക്കോട് അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്ത ഡോ.വർഗീസ് ചക്കാലക്കൽ പിതാവിനെയും അതിരൂപത വൈദികരെയും സമർപ്പിതരെയും അത്മായ സഹോദരങ്ങളേയും ഞാൻ അഭിനന്ദിക്കുന്നു. പുതിയ അതിരൂപതയ്ക്ക് എല്ലാ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥനാ മംഗളങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

NEWS

ആശിഷ് സൂപ്പർ മെർക്കാത്തോയ്ക്ക് കേരള സംസ്ഥാന സർക്കാരിന്റെ മികച്ച തൊഴിൽദായക സൗഹൃദ സ്ഥാപനത്തിനുള്ള ചീഫ് മിനിസ്റ്റേഴ്സ് അവാർഡ്

സൂപ്പർ മാർക്കറ്റ് വിഭാഗത്തിൽ നിന്നും 2025 ൽ മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡ് വരാപ്പുഴ അതിരൂപതയുടെ സ്ഥാപനമായ ആശി ഷ് സൂപ്പർമെർകാത്തൊയ്ക്കു ലഭിച്ചു. സ്ത്രീ ശാക്തീകരണത്തിന് പ്രഥമ പ്രാധാന്യം നൽകി വരാപ്പുഴ അതിരൂപതയുടെ കീഴിൽ 1993ൽ സ്ഥാപിതമായ ഈ സൂപ്പർ മാർക്കറ്റി ലെ തൊഴിലാളികളിൽ ഭൂരിഭാഗം സ്ത്രീകളാണ് എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രത്യേകത.
ആർച്ച് ബിഷപ്പ് ഡോ. കൊർണെലിയൂസ് ഇല്ലഞ്ഞിക്കലിന്റെ കാലത്താണ് ഈ സ്ഥാപനം ആരംഭിച്ചത്. വരാപ്പുഴ അതിരൂപത വികാർ ജനറൽ ആയ മാത്യു കല്ലിങ്കൽ ആയിരുന്നു ഈ സ്ഥാപനത്തിന്റെ ആദ്യ ഡയറക്ടർ. സ്ത്രീകൾക്ക് ജോലി കൊടുക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടി ആരംഭിച്ച ഈ സ്ഥാപനംഎറണാകുളം പട്ടണത്തിൽ എല്ലാവരുടെയും ഒരു ആശ്രയ കേന്ദ്രമായി ഇന്ന് നിലകൊള്ളുകയാണ്. എറണാകുളം ഹൈക്കോട്ട് ജംഗ്ഷനിൽ ഷണ്മുഖം റോഡിലാണ് ഈ സൂപ്പർ മാർക്കറ്റ് നിലകൊള്ളുന്നത്. ഏകദേശം 33 വർഷത്തോളമായി പ്രവർത്തിക്കുന്ന ഇ സ്ഥാപനത്തിൽ നൂറിലധികം ജോലിക്കാർ ജോലി ചെയ്യുന്നുണ്ട് അതിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. അങ്ങനെ സ്ത്രീകളുടെ ശാക്തീകരണത്തിലൂടെ കുടുംബത്തെ അഭിവൃദ്ധിപ്പെടുത്താനുള്ള ഒരു വലിയ സംരംഭമാണ് ആശിഷ് സൂപ്പർ മാർക്കാത്തോ. തിരുവനന്തപുരത്ത് വച്ച് നടന്ന ചടങ്ങിൽ മന്ത്രി ശിവൻകുട്ടിയിൽ നിന്ന് അതിരൂപത സഹായ മെത്രാൻ റൈറ്റ്.റവ. ഡോ. ആന്റണി വാലുങ്കൽ,ആശിഷ് ഡയറക്ടർ റവ. ഫാ. സോജൻ മാളിയേക്കൽ , അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ബെൻസൺ ജോർജ്ജ് ആലപ്പാട്ട് ആശിഷ് മെർകത്തോയിലെസ്റ്റാഫായ അനൂപ്, ജോൺസൺ എന്നിവർ ചേർ ന്ന് അവാർഡ് ഏറ്റുവാങ്ങി.
കുറഞ്ഞ തൊഴിൽ തർക്കങ്ങൾ രാജ്യത്തെ മികച്ച കൂലി തൊഴിൽ സുരക്ഷ വിവേചന രഹിത തൊഴിലിടങ്ങൾ തുടങ്ങി ഒട്ടേറെ മികച്ച മാനകങ്ങളാണ് കേരളത്തിലെ തൊഴിൽ മേഖലയിലുള്ളത. തൊഴിലാളികളുടെ വിയർപ്പിന്റെ കൂടി വിലയാണ് സ്വന്തം സംരംഭത്തിന്റെ വിജയത്തിനടിസ്ഥാനമെന്ന് തൊഴിലുടമകൾ മനസ്സിലാക്കണമെന്ന് മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തുകൊണ്ട് മന്ത്രി പറഞ്ഞു

ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

1.സെന്റ് ജോസഫ് ചർച്ച് & ഷ്റൈൻ ഓഫ് സെന്റ് ജൂഡ് 25,000 രൂപ

2.അഗസ്റ്റീനിയൻ സിസ്റ്റേഴ്സ് സെർവന്റ് ഓഫ് ജീസസ് & മേരി തേവര10,000 രൂപ

3.സെന്റ് ജോസഫ് ചർച്ച്, വടക്കേക്കോട്ട10,000 രൂപ

4.മൗണ്ട് കാർമ്മൽ ചർച്ച്, മാമംഗലം30,000 രൂപ

5.പൊന്നുരുന്നി ആശ്രമം10,000 രൂപ

6.സെന്റ് ഫിലോമിനാസ് ചർച്ച് & സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ ഷ്റൈൻ, കൂനമ്മാവ്20,000 രൂപ

ആകെ1,05,000.00 രൂപ

ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന മെയ് മാസത്തെ പരിപാടികൾ:

-വിവാഹ ഒരുക്ക കോഴ്സ് :
മെയ് 2, 3, 4 & 16, 17, 18

മാതൃവേദി സംഗമം മെയ് 10 ശനി രാവിലെ 9:30 ന് ആർച്ച്ബിഷപ്പ്ഹൗസിൽ.

ഏകസ്ഥകൂട്ടായ്മ മെയ് 15 വ്യാഴം രാവിലെ 10:30ന് ആശിർഭവനിൽ.

അല്മാന (വിധവ)കൂട്ടായ്മ മെയ് 17 ഉച്ചയ്ക്ക് 3 മണിക്ക് ആശീർഭവനിൽ

വലിയകുടുംബങ്ങളുടെ സംഗമം മെയ് 18 ഞായർ രാവിലെ9:00ന് ആശിർഭവനിൽ.

DIRECTORATE OF FAMILY UNITS
ARCHDIOCESE OF VERAPOLY

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2025 മെയ് 25 ഞായറാഴ്ച 3 മണിക്ക് എറണാകുളം ആശിർഭവനിൽ.

(സുഭാഷിതങ്ങൾ 22:5-6)

ഡോ. വിൻസെന്റ് വാര്യത്ത്

2025 ഫെബ്രുവരി മൂന്നാം തീയതി കുഞ്ഞുങ്ങളുടെ അവകാശ സംരക്ഷണത്തിന് വേണ്ടിയുള്ള ആദ്യത്തെ അന്തർദേശീയ ഉച്ചകോടി സംഘടിപ്പിക്കപ്പെട്ടു. ഈ ഉച്ചകോടിയുടെ ആപ്തവാക്യം 'സ്നേഹിക്കുക സംരക്ഷിക്കുക' (love and protect) എന്നതായിരുന്നു. ഉച്ചകോടിയിൽ മുഴങ്ങിക്കേട്ട സന്ദേശം ഒരു 'കുഞ്ഞിന്റെ ജീവിതത്തോളം അമൂല്യമായ മറ്റൊന്നില്ല' എന്നായിരുന്നു. പോപ്പ് ഫ്രാൻസിസ് വിളിച്ചുകൂട്ടിയ ഈ ഉച്ചകോടിയിൽ രാഷ്ട്രനേതാക്കന്മാരും പ്രതിനിധികളും മനുഷ്യാവകാശ സംരക്ഷകരും പങ്കുചേർന്നു. ഈ ഉച്ചകോടിയിൽ ചർച്ചചെയ്യപ്പെട്ട കാര്യങ്ങളിൽ നമ്മുടെ സാഹചര്യവുമായി ചേർന്നുപോകുന്ന ഏതാനും ചില കാര്യങ്ങൾ നമുക്കിന്ന് വിചിന്തനത്തിനായി എടുക്കാം.

1.നിഷേധിക്കപ്പെട്ട ജീവൻ

ജീവിക്കുവാനുള്ള അവസരം തന്നെ നിഷേധിക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ എണ്ണം കൂടുതലാണ്. സ്വാർത്ഥകാരണങ്ങൾ കൊണ്ട് ഗർഭസ്ഥാവസ്ഥയിൽ തന്നെ കുഞ്ഞുങ്ങളെ വേണ്ടെന്നു വെക്കുന്ന പ്രവണത കൂടിവരികയാണ്. കുഞ്ഞുങ്ങളുടെ നിശബ്ദമായ കരച്ചിൽ ലോകം തിരിച്ചറിഞ്ഞേ തീരുവെന്ന് ഉച്ചകോടി ശക്തമായി ഓർമ്മപ്പെടുത്തുന്നു.

കുഞ്ഞുങ്ങളെ സ്നേഹിക്കുക, സംരക്ഷിക്കുക

'കുഞ്ഞുങ്ങളെ ശ്രവിക്കുക! നമ്മുടെ കുഞ്ഞുങ്ങൾ വാക്കുകൊണ്ടു മാത്രമല്ല നിശബ്ദത കൊണ്ടും സംസാരിക്കുന്നുണ്ട്. അവരെ ശ്രവിക്കുക!' എന്ന് പോപ്പ് ഫ്രാൻസിസ് ഓർമ്മപ്പെടുത്തുന്നു. കാരണം നീതിക്കുവേണ്ടിയുള്ള കരച്ചിൽ അവരുടെ നിശബ്ദതയിൽ പോലും ഉണ്ട്.

2.നിഷേധിക്കപ്പെട്ട സ്നേഹം

സ്നേഹം വളർന്നു രോഗാതുരമായ അവസ്ഥയിലെത്തിയിരിക്കുന്നുവെന്ന് ഫ്രാൻസിസ് പാപ്പ ചൂണ്ടിക്കാട്ടി. *Patholagical self love* എന്ന പദപ്രയോഗമാണ് അദ്ദേഹം നടത്തിയത്. മക്കളെ വരെ വേണ്ടന്ന് വെക്കാൻ തക്കവിധത്തിലുള്ള സ്വാർത്ഥത പെരുകുന്നു. അതുമൂലം തന്നെ കുഞ്ഞുങ്ങളെ വേണ്ടവിധത്തിൽ കേൾക്കാനോ, തിരുത്താനോ വയ്യാത്തവരുടെ എണ്ണം കൂടുന്നു. ഓരോരുത്തരും അവരവരുടെ ലോകത്താണ്. രോഗാതുരമായ സ്വാർത്ഥതയും രോഗാതുരമായ അനാസ്ഥയും നമുക്കുണ്ടോ?

3.നിഷേധിക്കപ്പെടുന്ന ബാല്യം

കുഞ്ഞുങ്ങൾക്ക് ബാല്യത്തിന്റെ സ്വാതന്ത്ര്യം നിഷേധിക്കരുതെന്ന് ഉച്ചകോടി ഓർമ്മപ്പെടുത്തുന്നു. കുട്ടികൾക്ക്, കടുത്ത ഭാരം പേറുന്ന അവസ്ഥകൾ ചെറുപ്പത്തിലേ വന്നുചേരുന്നു. പഠന ഭാരങ്ങളും, പ്രതീക്ഷകളുടെ ഭാരങ്ങളുമെല്ലാം താങ്ങാനാവാത്ത വിധത്തിൽ അവരുടെ മേൽ ചുമത്ത പ്പെടുമ്പോൾ ബാല്യത്തിന്റെ സ്വാതന്ത്ര്യവും സന്തോഷവും അവർക്ക് നഷ്ടപ്പെടുന്നു. നമ്മുടെ കുഞ്ഞുങ്ങളുടെ അവസ്ഥയെന്തെന്നു നമ്മൾ ചിന്തിച്ചു നോക്കണം. ഇന്നത്തെ മുതിർന്നവർക്ക് ഉണ്ടായിരുന്ന ബാല്യകാലത്തിന്റെ സന്തോഷവും, സമാധാനവും, സ്വാതന്ത്ര്യവും ഇന്നത്തെ കുട്ടികൾക്ക് കൊടുക്കുവാൻ നമുക്ക് പറ്റുന്നുണ്ടോ?

ഇനി നമുക്ക് കേരളത്തിന്റെ ഇന്നത്തെ സാഹചര്യങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കാം. ലഹരി, മയക്കുമരുന്ന് മാഫിയകൾ ഏറ്റവും വലിയ ഇരകളാക്കുന്നത് ഇപ്പോൾ കുഞ്ഞുങ്ങളെയാണ്. മാതാപിതാക്കൾ അവരെ വേണ്ടവിധത്തിൽ കേൾക്കുന്നില്ല, സാന്നിധ്യം കൊടുക്കുന്നില്ല എങ്കിൽ പതുക്കെപ്പതുക്കെ നമ്മുടെ കുഞ്ഞുങ്ങൾ നമ്മുടെ മുന്നിൽ തന്നെ ഇല്ലാതായി തീരുന്ന കാഴ്ച നമ്മൾ കാണേണ്ടിവരും! നമ്മൾ ചെയ്യുന്നതെല്ലാം കുഞ്ഞുങ്ങൾക്ക് വേണ്ടിയാണ്. പക്ഷേ കുഞ്ഞിനുവേണ്ടി ഓടിനടക്കുന്നതിനിടയിൽ കുഞ്ഞിനെതന്നെ നഷ്ടപ്പെടുത്തികളയുകയാണെങ്കിൽ ഈ ഓട്ടംകൊണ്ട് എന്ത് പ്രയോജനം! മാതാപിതാക്കൾ കുഞ്ഞിനൊപ്പം ചെലവഴിക്കാൻ എല്ലാ ദിവസവും സമയം കണ്ടെത്തണം. കുഞ്ഞിനെ കേൾക്കണം, മനസ്സിലാക്കണം കുഞ്ഞിനെ സ്നേഹിച്ചു സംരക്ഷിക്കണം. ഈയൊരു സന്ദേശം നമ്മുടെ ഉള്ളിൽ നിറയണം.

ചോദ്യങ്ങൾ

1. നമ്മുടെ കുഞ്ഞുങ്ങളെ സിനിമകളും, മാധ്യമങ്ങളും നൽകുന്ന മരണസംസ്കാരത്തിൽ നിന്ന് സംരക്ഷിക്കാൻ എന്തൊക്കെ ചെയ്യാനാകും?

2. കുഞ്ഞുങ്ങൾക്ക് വേണ്ടി വേണ്ടത്ര സമയം നാം കണ്ടെത്തുന്നുണ്ടോ?

പിൻമൊഴി

ഹൃദയം സംസാരിക്കട്ടെ സ്നേഹത്തോടെ

ഫാ. സെബി വിക്ടർ തുണ്ടിപ്പറമ്പിൽ

“ശിഷ്യന്മാരിൽ യേശു സ്നേഹിച്ചിരുന്നവൻ അവന്റെ വക്ഷസ്സിലേക്ക് ചാരി കിടന്നിരുന്നു (യോഹ.13:23).

അഡോളസൻസ് എന്ന ടി.വി. മിനി സീരിസ് ആഗോളതലത്തിൽ ശ്രദ്ധ ആകർഷിച്ചു. അതിൽ 13 വയസ്സുകാരൻ ജെയ്മി, കെയ്റ്റി എന്ന തന്റെ സഹപാഠിയെ കൊലപ്പെടുത്തുന്നു. പോലീസ് അവനെ അറസ്റ്റ് ചെയ്യുന്നു. എങ്കിലും നിഗൂഢമായി നിൽക്കുന്നത് ജെയ്മിയും കെയ്റ്റിയും തമ്മിലുള്ള ഇൻസ്റ്റഗ്രാം സംഭാഷണങ്ങളാണ്. സ്മൈലികളിലൂടെയും, ഇമോജികളിലൂടെയും ഉള്ള അവരുടെ സംഭാഷണത്തെ മുതിർന്നവർക്ക് സൗഹൃദസംഭാഷണം ആയിട്ടാണ് മനസ്സിലാവുന്നത്. ആ അവസരത്തിലാണ് ബസ്ക്കോമ്പേ എന്ന പൊലീസിന്റെ മകൻ അയാളെ മാറ്റി നിർത്തി പറയുന്നത്.

“ഡാഡി വിചാരിക്കുന്നതുപോലെയല്ല കാര്യങ്ങൾ. ഈ ഓൺലൈൻ യുഗത്തിൽ എല്ലാത്തിനും ഒരർത്ഥം ഉണ്ട്. സ്മൈലികളിലൂടെയും ഇമോജികളിലൂടെയും കെയ്റ്റി ജെയ്മിയെ പരസ്യമായി ഇൻസൾട്ട് ചെയ്യുകയായിരുന്നു.

ഇന്നത്തെ തലമുറ വഴിപിഴച്ച തലമുറയാണ് എന്ന സന്ദേശമല്ല ഈ മിനിസീരിസ് പകർന്നു തരുന്നത്. മറിച്ച്, പഴയ തലമുറയ്ക്ക് മനസ്സിലാക്കാവുന്നതിലും അധികമായി പുതിയ തലമുറയിലെ കുട്ടികളുടെ ലോകം സങ്കീർണ്ണം ആയിരിക്കുന്നു എന്നതാണ്.

ഹൃദയത്തിന്റെ, സ്നേഹത്തിന്റെ ഭാഷാ ഉപയോഗത്തിലൂടെ മാത്രമേ ഈ ഭാഷാന്തരം ഇനി നികത്തപ്പെടുകയുള്ളൂ. ഇനി ഹൃദയം ഹൃദയത്തോട് സംസാരിക്കട്ടെ സ്നേഹപൂർവ്വം.

(Cor ad cor luquinter)

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004